
# എഡ്യൂസാറ്റ് പദ്ധതി ഏവർക്കും

എഡ്യൂസാറ്റ് ഉപയോഗപ്പെടുത്തിയുള്ള വിദ്യാഭ്യാസ പദ്ധതിയായ വിക്ടേഴ്സ് എല്ലാവർക്കും ലഭ്യമാക്കുന്നതിന് ക്ലാസുകളും ചർച്ചകളും നടത്തി വരുന്നു.

അദ്ധ്യാപകരും കുട്ടികളും പങ്കെടുത്ത ബോധവത്കരണ/പരിചയപ്പെടുത്തൽ പരിപാടി, ട്രെയിനർമാർക്കും എല്ലാ കോർഡിനേറ്റർമാർക്കും വീഡിയോ കോൺഫറൻസ്, പരിശീലനത്തിന്റെ പുനരവലോകനം, പ്രോഗ്രാമുകളുടെ രൂപകല്പന എന്നിവ പൂർത്തിയായി.

ഇതിനുപുറമെ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർക്ക് കോൺഫറൻസും നടത്തി. ശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനമാക്കിയും കരിയർ ഗൈഡൻസിനെക്കുറിച്ചും ക്ലാസ് നടത്തി.

സംസ്ഥാനത്ത് 15 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽ ആണ് പ്രവർത്തിക്കുന്നത്. ഐ.ടി.@സ്കൂളിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വിക്ടേഴ്സിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ഗോർക്കി ഭവനിലെ കേന്ദ്ര ടെർമിനൽ ആണ്. ഇവിടെ നിന്നും സംപ്രേക്ഷണം ചെയ്യുന്ന പരിപാടികൾ എല്ലാ ടെർമിനലുകളിലും തത്സമയങ്ങളിൽ ലഭ്യമാക്കും. ചിട്ടപ്പെടുത്തിയ ക്ലാസുകൾ, ഡെമോൺസ്ട്രേഷൻ, പ്രസ ന്റേഷൻ, ചർച്ച, സെമിനാറുകൾ, ഡിസ്പ്ലേ, വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെ നിർദേശങ്ങൾ, സംസ്ഥാന തലത്തിൽ രൂപം പ്രാപിക്കുന്ന ആശയങ്ങൾ, അറിയിപ്പുകൾ എന്നിവ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഭ്യമാക്കാവുന്ന സംവിധാനമാണ് ഉള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന അതി നൂതന കാഴ്ചപ്പാടുകൾ, ക്ലാസ് റൂം ടെക്നോളജി എന്നിവ അദ്ധ്യാപകർക്ക് സ്വായത്തമാക്കാനുതകുന്ന വിധത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ വിക്ടേഴ്സ് സഹായിക്കും.




# ജപ്തി നടപടികൾ മൂന്നു മാസത്തേക്ക് നിർത്തി

കാർഷികവായ്പത്തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി നടപടികൾ മൂന്ന് മാസത്തേക്ക് നിർത്തി വച്ചു.

സഹകരണ മന്ത്രി എം.വി. രാഘവന്റെ നിർദേശ പ്രകാരം സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവ് കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക സർവീസ് ബാങ്കുകൾ, വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.

വരൾച്ചയും വെള്ളപ്പൊക്കവും മൂലം വ്യാപകമായ കൃഷി നാശം സംഭവിച്ച സാഹചര്യത്തിൽ കർഷകരുടെ ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പയാക്കി മാറ്റാനും മദ്ധ്യകാല വായ്പകളിലെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പുതിയ മദ്ധ്യകാല വായ്പകളായി മാറ്റാനും സർക്കാർ നിർദേശം പുറപ്പെടുവിച്ച പശ്ചാത്തലത്തിലാണ് ഉത്തരവ്.

കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്ക് എതിരെയുള്ള ജപ്തി നടപടികളും മൂന്നു മാസത്തേക്ക് നിർത്തിവച്ചു കൊണ്ട് ഉത്തരവായി. വരൾച്ചയും വിലത്തകർച്ചയും മൂലം വായ്പത്തുക കൃത്യമായി തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി.

# തീർത്ഥാടന ടൂറിസം പദ്ധതി വരുന്നു






സംസ്ഥാനത്തെ വിവിധ മതസ്ഥരുടേതായ 25 ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് 13.80 കോടി രൂപ ചെലവിൽ തീർത്ഥാടന ടൂറിസം പരിപാടി നടപ്പിലാക്കും. ടൂറിസം-ദേവസ്വം വകുപ്പു മന്ത്രി കെ.സി. വേണുഗോപാൽ അറിയിച്ചതാണിത്. പദ്ധതി ഭാഗമായി 54.85 ലക്ഷം രൂപ ചെലവിൽ ആറ്റുകാൽ ക്ഷേത്രപരിസരത്ത് തീർത്ഥാ ടകർക്കായി ടൂറിസം വകുപ്പ് നിർമിക്കുന്ന വിശ്രമ മണ്ഡപത്തിന്റെ ശിലാസ്ഥാപനം മന്ത്രി നിർവഹിച്ചു.

തീർത്ഥാടന ടൂറിസം പദ്ധതി ആരാധനാലയങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റാനുള്ളതല്ലെന്നും ഭക്തജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക മാത്രമാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ആരാധനാലയങ്ങളുടെ വിശുദ്ധിക്കും ആചാരങ്ങൾക്കും അനുസൃതമായി അത് പരിപാലിച്ച് സംരക്ഷിക്കേണ്ട ചുമതല അതത് സമിതികൾക്കാണ്.

തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന ആദ്യ സംരംഭമാണ് ആറ്റുകാലിലേതെന്ന് മന്ത്രി പറഞ്ഞു. 120 ദിവസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കും.

# ടെക്നോപാർക്കിൽ ടെക്നോസിറ്റി



തിരുവനന്തപുരം ടെക്നോപാർക്ക് വികസനത്തിന്റെ നാലാം ഘട്ടമായി 500 ഏക്കർ സ്ഥലത്ത് ടെക്നോസിറ്റിക്ക് രൂപം നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

ടെക്നോപാർക്കിലെ പുതിയ കെട്ടിട സമുച്ചയമായ തേജസ്വിനിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിച്ചു.

തേജസ്വിനി സമയബന്ധിതമായി പൂർത്തിയാക്കും. ഇതോടെ ഒന്നാംഘട്ടം പൂർത്തിയാകും. രണ്ടാം ഘട്ട വികസനം 86 ഏക്കർ സ്ഥലത്ത് നടന്നുവരികയാണ്. ഇവിടെ രണ്ട് കമ്പനികൾ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മൂന്നാം ഘട്ട വികസനത്തിന് 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സ്മാർട്ട്സിറ്റി കേരളത്തിൽ വന്നേ മതിയാകൂ എന്നാണ് സർക്കാർ സമീപനം. ഇക്കാര്യത്തിലുള്ള വിമർശനങ്ങൾ കൂടി കണക്കിലെടുത്താണ് പുതിയ ധാരണാപത്രത്തിന് മന്ത്രിസഭ അംഗീകാരം നൽകിയത്. ഐ.ടി. രംഗത്ത് കൈവരിക്കാൻ കഴിയുമായിരുന്ന നേട്ടങ്ങൾ നമുക്ക് നേടാൻ കഴിഞ്ഞില്ല. ദേശീയതലത്തിൽ 0.4 ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റെ പങ്ക്. ഐ.ടി. രംഗത്ത് ഇന്നുള്ള അപര്യാപ്തത കുറഞ്ഞ കാലഘട്ടത്തിനുള്ളിൽ പരിഹരിക്കാനുള്ള ശ്രമം നടത്തിവരികയാണ്. രാഷ്ട്രപതിയുടെ  പത്തിന മാർഗ നിർദേശങ്ങളിൽ മുഖ്യ ഇനം ഐ.ടി. അനുബന്ധമേഖലയാണ്. ഐ.ടി. വികസനത്തിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ടെക്നോപാർക്കിൽ നിലവിലുള്ള കമ്പനികൾ സംസ്ഥാനത്തെ ഐ.ടി. വികസനത്തിന് നൽകുന്ന സേവനങ്ങൾ സർക്കാർ വിസ്മരിക്കില്ല. പുതിയ സംരംഭകർക്ക് അവസരം നൽകുന്നതോടൊപ്പം നിലവിലുള്ളവയുടെ വളർച്ചക്കും വികസനത്തിനും പൂർണമായ സഹായങ്ങൾ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

2006 ഒക്ടോബറിൽ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തേജസ്വിനിക്ക് ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണമുണ്ടാകും. 11 നിലകളുള്ള കെട്ടിടത്തിലെ മൂന്നു നിലകൾ പാർക്കിങ്ങിനായി നീക്കിവച്ചിട്ടുണ്ട്. 60 കോടി രൂപയാണ് നിർമാണച്ചെലവ്.

തേജസ്വിനിയിലെ മുഴുവൻ സ്ഥലവും ഏറ്റെടുക്കുന്നതിന് വിവിധ കമ്പനികൾ ഇതിനകം സന്നദ്ധത അറിയിച്ചു കഴിഞ്ഞു. പണി പൂർത്തിയാകുന്നതോടെ 5000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷ.





# കേരളം സ്മാർട്ടാകുന്നു

ഒന്നര വർഷത്തോളം നീണ്ട കഠിനയത്നത്തിനു മകുടം ചാർത്തി സ്മാർട്ട് സിറ്റി പദ്ധതി കേരളത്തിൽ യാഥാർത്ഥ്യമാകുന്നു. പതിവുപോലെ വിവാദങ്ങളിൽ തട്ടി ഈ പദ്ധതി മുടങ്ങാതിരുന്നതിന് ഞാൻ എല്ലാവർക്കും ആദ്യമേ നന്ദിപറയുന്നു. ജനങ്ങളുടെ നിശ്ചയദാർഢ്യംകൊണ്ടു മാത്രമാണ് ഈ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നത്. കേരളം സ്മാർട്ടാകുകയാണ്.

സ്മാർട്ട് സിറ്റി പദ്ധതി കേരളത്തിനൊരു പരീക്ഷണമായിരുന്നു. ഇതുപോലെ പൊരുതി ലക്ഷ്യസ്ഥാനത്തെത്തിയ മറ്റൊരു പദ്ധതി കേരളത്തിൽ ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് നാലു ലേഖനങ്ങളാണ് ഞാൻ പത്രങ്ങളിൽ എഴുതിയത്. തലനാരിഴകീറി പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിക്കപ്പെട്ടു. പദ്ധതിക്കെതിരെ ചിലർ രംഗത്തുവന്നപ്പോൾ മറുവശത്തുണ്ടായ പ്രതികരണം എന്നെ അദ്ഭുതപ്പെടുത്തി. *പെറ്റീഷൻ ഓൺലൈൻ ഡോട്ട് കോം* എന്ന വെബ്സൈറ്റിൽ സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി ജനങ്ങൾ സ്വയം ഒപ്പുശേഖരണം നടത്തി. ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ആളുകളാണ് പ്രതികരിച്ചത്. മുഖ്യമന്ത്രിയുടെ വെബ്സൈറ്റിലൂടെ ഇതിലും വലിയ പ്രതികരണമാണ് ഉണ്ടായത്. എനിക്കു ലഭിച്ച ഇ-മെയിലിൽ വലിയൊരു പങ്കും ഇതേക്കുറിച്ചായിരുന്നു. ഇക്കാര്യം ഉന്നയിച്ച് നിരവധി വിദ്യാർത്ഥികൾ എനിക്ക് കത്തെഴുതി. പക്ഷങ്ങളും ചേരികളുമെല്ലാം ഉപേക്ഷിച്ച് ജനങ്ങൾ കേരളത്തിന്റെ വികസനപ്രക്രിയയിൽ സ്വയം അണിചേർന്നു. ഇതൊരു പുതിയ അനുഭവമാണ്.

കേരളത്തിന്റെ വികസനത്തിൽ കേരളത്തിനു പുറത്തുള്ള മലയാളികൾ കാട്ടുന്ന താത്പര്യവും ജാഗ്രതയുമാണ് എന്നെ അത്ഭുതപ്പെടുത്തുന്ന മറ്റൊരു കാര്യം. വിദേശമലയാളികൾ ഒന്നടങ്കം പദ്ധതിക്കുവേണ്ടി വാദിച്ചു. അഴിമതി ആരോപണങ്ങൾ ഉയർന്നിട്ടുപോലും തളരാതെ മുന്നോട്ടുപോകുവാൻ എനിക്കു ശക്തി ലഭിച്ചത് ഈ പ്രതികരണമാണ്. കേരളത്തിന്റെ വികസനത്തിന് അവരുടെ ഇടപെടൽ തുടർന്നും ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം.

കേരളത്തിലൊരു വൻകിട പദ്ധതി നടപ്പാക്കുക അത്ര എളുപ്പമല്ലെന്ന് കഴിഞ്ഞ നാളുകളിൽ എനിക്ക് നന്നായി ബോധ്യപ്പെട്ടു. ആരോപണങ്ങൾ, വിവാദങ്ങൾ, ബിനാമിക്കഥകൾ. കൂടാതെ ജയിലിലിടുമെന്ന ഭീഷണിയും. ഞാനൊന്നു പതറിയെങ്കിലും ജനങ്ങൾ വികസനത്തിനൊപ്പം ഉറച്ചുനിന്നതുകൊണ്ടാണ് ഇവയെല്ലാം കാറ്റിൽപ്പറന്നുപോയത്. മുമ്പായിരുന്നെങ്കിൽ ഒരു സർക്കാരിന് ആടിയുലയാൻ ഇതൊക്കെ മതിയായിരുന്നു. ഇത്തരം വന്യമായ ആരോപണങ്ങളിൽ തട്ടിത്തകർന്ന നിരവധി പദ്ധതികളുടെ പൊള്ളുന്ന അനുഭവങ്ങൾ പേറുന്നവരാണ് കേരളീയ സമൂഹം. കേരളത്തിന്റെ വികസനം ഇന്ന് ജനങ്ങൾ ഹൃദയത്തോടു ചേർത്തു പിടിച്ചിരിക്കുന്ന യാഥാർത്ഥ്യമാണെന്നു തെളിഞ്ഞിരിക്കുന്നു.

സംസ്ഥാന സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസും ദുബായ് സർക്കാരിനുവേണ്ടി ടീകോം ഡയറക്ടർ ജനറൽ അഹമ്മദ് ബിൻ ബയാതുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. ആറുമാസത്തിനകം കരാറിൽ ഒപ്പുവയ്ക്കും. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ പൂർണമായി സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതി തുടങ്ങുന്നത്. നിർമാണ പ്രവർത്തനങ്ങൾ അധികം വൈകാതെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കെതിരെ ആരോപണങ്ങളുടെ കൊടുങ്കാറ്റുയർന്നപ്പോഴും സുധീരമായി മുന്നോട്ടുപോകുവാൻ സർക്കാരിന് ആത്മവിശ്വാസം ലഭിച്ചത് ഇക്കാര്യത്തിൽ ആദ്യന്തം സ്വീകരിച്ച സുതാര്യതയാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പ്രഗത്ഭരായ ഉന്നതോദ്യോഗസ്ഥരെയാണ് സർക്കാർ ഇതിനായി നിയോഗിച്ചത്. അവർ നടത്തിയ മാരത്തോൺ ചർച്ചകളും അശ്രാന്ത പരിശ്രമവുമാണ് പദ്ധതിയെ ഇപ്പോൾ ഇവിടെയെത്തിച്ചത്. സർക്കാർ പ്രതിപക്ഷവുമായും സ്മാർട്ട് സിറ്റിയെക്കുറിച്ച് ചർച്ച നടത്തി. അവർ ആവശ്യപ്പെട്ട മുഴുവൻ രേഖകളും നല്കി. സംശുദ്ധമായ കരങ്ങളോടെയാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.



ആഗോള സമ്പദ്ഘടനയിൽ വലിയ മാറ്റങ്ങൾ ഇന്നു വീശിയടിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽനിന്നും ഒരു ദേശത്തിനും മാറി നില്ക്കാനാവില്ല. ഐടി, ബിപിഒ, ബയോടെക്നോളജി തുടങ്ങിയ മേഖലകൾ അവിശ്വസനീയമായ വേഗതയിൽ വളരുന്ന കാലമാണിത്. നാസ്കോം പറയുന്നത് ഒരു വർഷം ഒന്നരലക്ഷം തൊഴിലവസരങ്ങൾ ഐടിമേഖലയിൽ ഉണ്ടാകുമെന്നാണ്. ഇന്ത്യയുടെ ഐടി കയറ്റുമതി 76,000 കോടി രൂപയുടേതാണ്. ഇതിൽ കേരളത്തിന്റെ വിഹിതം 316 കോടിയും. വെറും 0.4 ശതമാനം. കേരളത്തിൽ നിന്നും ഒരു വർഷം പഠിച്ചിറങ്ങി തൊഴിലിനുവേണ്ടി അലയുന്നത് കംപ്യൂട്ടർ പഠിച്ച ആയിരക്കണക്കിന് പോളിടെക്നിക്, ബിസിഎ, എംസിഎ വിദ്യാർത്ഥികളും 20,000 എൻജിനീയറിംഗ് വിദ്യാർത്ഥികളുമാണ്. മനുഷ്യവിഭവശേഷിയിൽ ലോകോത്തരനിലവാരമുള്ള സംസ്ഥാനത്തിന്റെ ദാരുണാവസ്ഥയും അഭ്യസ്തവിദ്യരുടെ വേദനയും കണ്ടിട്ടാണ് ഈ പദ്ധതി എത്ര കഷ്ടപ്പെട്ടായാലും നടപ്പാക്കണമെന്നു തീരുമാനിച്ചത്.

സംസ്ഥാന സർക്കാർ എത്ര ശ്രമിച്ചാലും ഐടി മേഖലയിൽ ഇപ്പോഴുണ്ടായിരിക്കുന്ന കുതിപ്പിനൊപ്പം എത്താൻ കഴിയില്ലെന്നു പകൽപോലെ വ്യക്തമാണ്. 1990ൽ തിരുവനന്തപുരത്തു തുടങ്ങിയ ടെക്നോപാർക്കിന് 242 ഏക്കർ ഭൂമിയും 15 ലക്ഷം ചതുരശ്ര അടി കെട്ടിടവും 80 കമ്പനികളും 10,000 ഐടി വിദഗ്ധരുമാണുള്ളത്. അതു കഴിഞ്ഞ് 13 വർഷത്തിനുശേഷമാണ് 2003ൽ കൊച്ചിയിൽ ഇൻഫോപാർക്കിന്റെ തുടക്കം. അവിടെ 3.25 ലക്ഷം ചതുരശ്ര അടി കെട്ടിടവും 2000 ഐടി വിദഗ്ധരുമുണ്ട്. തിരുവനന്തപുരത്തുതന്നെ 500 ഏക്കറിൽ ടെക്നോ സിറ്റി വികസിപ്പിച്ചെടുക്കുന്നതാണ് മറ്റൊരു നിർദിഷ്ട പദ്ധതി. നിലവിലുള്ള സൗകര്യങ്ങൾ പൂർണമായി ഇപ്പോൾ വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ കൂടുതൽ സ്ഥാപനങ്ങൾ വരുകയും ചെയ്യുന്നു. ഐടി നിക്ഷേപകർ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന നിരക്ക് പ്രകാരം അടുത്ത അഞ്ചു വർഷത്തേക്ക് 50 ലക്ഷം ചതുരശ്ര അടി സ്ഥലമെങ്കിലും നിർമിക്കേണ്ടതുണ്ട്. അതായത് 800 കോടിയോളം രൂപയുടെ നിക്ഷേപം.

പക്ഷേ, സ്വകാര്യപങ്കാളിത്തത്തോടെ കർണാടക (27,000 കോടി), തമിഴ്നാട് (11,000 കോടി), ആന്ധ്രാപ്രദേശ് (7,000 കോടി) തുടങ്ങിയ സംസ്ഥാനങ്ങൾ ഐടി കയറ്റുമതിയിൽ നേടിയത് അമ്പരപ്പിക്കുന്ന വളർച്ചയാണ്. 1500 കോടി രൂപ മുതൽമുടക്കുള്ള ബാംഗ്ലൂരിലെ ഇന്റർനാഷണൽ ടെക്നോളജി പാർക്ക് ടാറ്റാ ഗ്രൂപ്പും സിംഗപ്പൂർ കൺസോർഷ്യവും കൂടിച്ചേർന്നാണു സ്ഥാപിച്ചത്. ഹൈദരാബാദിലെ ഹൈടെക് സിറ്റി ആന്ധ്രാപ്രദേശ് സർക്കാരും എൽ. & ടിയുമായി ചേർന്നാണ് സ്ഥാപിച്ചത്. തമിഴ്നാട് ജില്ലകൾ തോറുമാണ് ഐടി പാർക്കുകൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഈ സംസ്ഥാനങ്ങൾ ഉണ്ടാക്കിയ വളർച്ച സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് കേരളത്തിന് നേടുവാൻ ദശാബ്ദങ്ങളെടുക്കും. അപ്പോഴേക്കും ഐടി മറ്റൊന്നിന് വഴി മാറാം. നിലവിലുള്ള സാമ്പത്തിക സാഹചര്യങ്ങൾ പരമാവധി മുതലാക്കാൻ കേരളം ഐടി രംഗത്ത് കുതിച്ചുചാടണം. അതിന് ദുബായ് ഇന്റർനെറ്റ് സിറ്റി (ഡിഐസി)യെപ്പോലൊരു വിഖ്യാതസ്ഥാപനത്തിന് കേരളത്തെ സഹായിക്കുവാൻ കഴിയും.

കേരളം വാരിക്കോരി സൗജന്യം നല്കുന്നതുകൊണ്ടാണ് സ്മാർട്ട് സിറ്റി വരുന്നതെന്നാണ് ചിലരുടെ തെറ്റിദ്ധാരണ. കേരളത്തേക്കാൾ വളരെ കൂടുതൽ ആനുകൂല്യങ്ങളുമായി അയൽസംസ്ഥാനങ്ങൾ മത്സരിക്കുകയായിരുന്നു. സ്മാർട്ട് സിറ്റി വരുന്നത് കൊച്ചിയുടെ പ്രാധാന്യവും കേരളത്തിലെ വികസനസാധ്യതയും വ്യക്തമായി മനസിലാക്കിയതുകൊണ്ടാണ്. അല്ലാതെ ഇവിടെ നല്കുന്ന സൗജന്യത്തിന്റെ പേരിലല്ല. സംസ്ഥാന സർക്കാർ സൗജന്യമായി ആകെ നല്കുന്നത് ഐടി



*ഇൻന്റർനെറ്റ് സിറ്റി ഒരു വീക്ഷണം*

നയപ്രകാരം 100 ഏക്കർ സ്ഥലമാണ്. കമ്പോളനിരക്കനുസരിച്ച് 20 കോടി രൂപ മുടക്കി ഈ സ്ഥലം വാങ്ങാൻ ഡിഐഎസിയെപ്പോലൊരു വൻകിട കമ്പനിക്ക് ബുദ്ധിമുട്ടില്ല. പക്ഷേ, ഭൂമിക്കു പകരം 33,300 ഐടി തൊഴിലുകൾ തരാൻ അവർ ബാധ്യസ്ഥരാണ്. ഇതു നല്കുന്നതുവരെ നൂറേക്കർ ഭൂമി പാട്ടത്തിനാണു നല്കുന്നത്. വ്യവസ്ഥ പാലിച്ചില്ലെങ്കിൽ ഭൂമി തിരിച്ചെടുക്കാനും വ്യവസ്ഥയുണ്ടാകും. സംസ്ഥാന സർക്കാരിനുകൂടി പങ്കാളിത്തമുള്ള കമ്പനി രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇവിടെ ആർക്കും ഒന്നും തീറെഴുതുന്നില്ല.

136 ഏക്കർ സ്ഥലം അവർക്ക് നല്കുന്നത് നിലവിലുള്ള കമ്പോളനിരക്കിന്റെ അടിസ്ഥാനത്തിൽ 36 കോടി രൂപ ഈടാക്കിയാണ്. ഇൻഫോപാർക്കും അവിടെയുള്ള 62.72 ഏക്കർ സ്ഥലവും നല്കുന്നതിന് 109 കോടി രൂപയാണ് ഈടാക്കുന്നത്. ഇത് സ്മാർട്ട് സിറ്റിക്കു വേണ്ടി രൂപീകരിക്കുന്ന കമ്പനിയിൽ 9% ഓഹരിയാക്കും. കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സംസ്ഥാനത്തിന്റെ പ്രതിനിധി ഉണ്ടാകും. കിൻഫ്രയുടെ കളമശേരിയിലുള്ള സ്ഥലമാണ് ഇവർക്ക് നല്കാൻ ആദ്യം ചൂണ്ടിക്കാട്ടിയത്. എന്നാൽ, ഒരു തരിശുഭൂമിയിൽ കെട്ടിടം പടുത്തുയർത്തി ബ്രാൻഡുണ്ടാക്കി വ്യവസായികമായി മുന്നേറണമെങ്കിൽ കാലതാമസമുണ്ട്. അത് ഐടിപോലെ ക്ഷിപ്രസാധ്യതയുള്ള വ്യവസായത്തിനു ചേർന്നതല്ല. ഈ പശ്ചാത്തലത്തിലാണ് ഇൻഫോപാർക്ക് കേന്ദ്രബിന്ദുവായി ലോകോത്തര നിലവാരമുള്ള ഐടി കമ്പനികളുടെ വിപുലമായ സമുച്ചയം കെട്ടിപ്പടുക്കാനുള്ള നിർദേശം ഉണ്ടായത്.

സ്വകാര്യസംരംഭം, മൂലധനനിക്ഷേപം, അടിസ്ഥാനസൗകര്യവികസനം തുടങ്ങിയ കാലാനുസൃതമായ മാറ്റങ്ങൾക്ക് വഴങ്ങാത്തവർ ആരുമില്ലെന്ന് ചൈന മുതൽ പശ്ചിമ ബംഗാൾ വരെ ചൂണ്ടിക്കാട്ടുന്നു. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ ഇന്തോനേഷ്യയുടെ തലസ്ഥാനമായ ജക്കാർത്തയിൽ ചെന്ന് ഒപ്പിട്ട കരാർ പ്രകാരം 5100 ഏക്കർ കൃഷിഭൂമിയാണ് വ്യവസായ പാർക്ക് നിർമിക്കാൻ അവിടത്തെ ഒരു സ്വകാര്യ കമ്പനിക്ക് പശ്ചിമ ബംഗാളിൽ നല്കിയത്. ഇതിനുവേണ്ടി പശ്ചിമ ബംഗാളിലെ ഭൂപരിധിനിയമം വരെ ഭേദഗതി ചെയ്യുകയാണ്. രാജ്യത്തെ ഏറ്റവും വലിയ ഈ ഭൂമിയിടപാടിനെക്കുറിച്ച് പ്രതിപക്ഷവുമായി അവിടത്തെ സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോയെന്ന് ഇവിടത്തെ പ്രതിപക്ഷം അന്വേഷിക്കുന്നത് നന്നായിരിക്കും.

ഇന്ത്യയിലെ ഇടതുപാർട്ടികൾ ലോകത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാട് മാറ്റുകയാണ് എന്നാണ് ബുദ്ധദേവ്

**സ്വകാര്യസംരംഭം, മൂലധനനിക്ഷേപം, അടിസ്ഥാനസൗകര്യവികസനം തുടങ്ങിയ കാലാനുസൃതമായ മാറ്റങ്ങൾക്ക് വഴങ്ങാത്തവർ ആരുമില്ലെന്ന് ചൈന മുതൽ പശ്ചിമ ബംഗാൾവരെ ചൂണ്ടിക്കാട്ടുന്നു. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ ഇന്തോനേഷ്യയുടെ തലസ്ഥാനമായ ജക്കാർത്തയിൽ ചെന്ന് ഒപ്പിട്ട കരാർ പ്രകാരം 5100 ഏക്കർ കൃഷിഭൂമിയാണ് വ്യവസായ പാർക്ക് നിർമിക്കാൻ അവിടത്തെ ഒരു സ്വകാര്യ കമ്പനിക്ക് പശ്ചിമ ബംഗാളിൽ നല്കിയത്. ഇതിനുവേണ്ടി പശ്ചിമ ബംഗാളിലെ ഭൂപരിധിനിയമം വരെ ഭേദഗതി ചെയ്യുകയാണ്.**

# സ്മാർട്ട്സിറ്റി: കരാർ മൂന്നുമാസത്തിനകം

കൊച്ചിയിൽ സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിനായി ദുബായ് ഇന്റർനെറ്റ് സിറ്റിയും സംസ്ഥാനസർക്കാരും തമ്മിൽ മൂന്നുമാസത്തിനുള്ളിൽ കരാർ ഒപ്പിടും.  പ്രമുഖ അന്താരാഷ്ട്ര വിദഗ്ദ്ധ ഏജൻസി തയ്യാറാക്കുന്ന മാസ്റ്റർപ്ലാൻ പ്രകാരമായിരിക്കും സ്മാർട്ട്സിറ്റിക്ക് രൂപം നൽകുന്നതെന്ന് ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ ആഭിമുഖ്യത്തിലുള്ള ദുബായ് ടെക്നോളജി ആന്റ് മീഡിയ ഫ്രീസോൺ അതോറിറ്റിയുടെ ഡയറക്ടർ ജനറൽ അഹമ്മദ് ബിൻ ബയാത്ത് പറഞ്ഞു. സംസ്ഥാനസർക്കാരുമായി സ്മാർട്ട് സിറ്റി ധാരണാപത്രം ഒപ്പുവച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൂന്നുമാസമുണ്ടെങ്കിലും സ്മാർട്ട് സിറ്റിയ്ക്കുള്ള കരാർ ആറ് ആഴ്ചയ്ക്കുള്ളിലെങ്കിലും ഒപ്പിടണമെന്നാണ് ആഗ്രഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ, മൂന്നുമാസത്തിനുള്ളിൽ കരാർ ഒപ്പിടുകതന്നെ ചെയ്യുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വ്യക്തമാക്കി. ചില വിശദാംശങ്ങളിൽ നീക്കുപോക്കുകൾ ശേഷിക്കുന്നുണ്ട്.

വില്ലിംഗ്ടൺ ഐലന്റിലെ ഹോട്ടൽ താജ് മലബാറിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന ക്ലസ്റ്ററുകളിലായിരിക്കും സ്മാർട്ട് സിറ്റി നിലവിൽ വരുന്നതെന്ന് അഹമ്മദ്ബിൻ ബയോത്ത് പറഞ്ഞു. ഐ.ടി. പാർക്കിലേക്ക് വരുന്ന ബഹുരാഷ്ട്ര കമ്പനികൾക്കും ഇന്ത്യൻ കമ്പനികൾക്കും എല്ലാ സൗകര്യങ്ങളും ഒരുക്കും. ഓഫീസ് സൗകര്യം മുതൽ സ്കൂൾ, വിനോദ കേന്ദ്രങ്ങൾ താമസ സൗകര്യം എന്നിവയും ഉറപ്പാക്കും.

ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ മാതൃകയിലായിരിക്കും കൊച്ചി സ്മാർട്ട്സിറ്റിയെന്നും അദ്ദേഹം പറഞ്ഞു. ലോകത്ത് മറ്റ് ചില സ്ഥലങ്ങളിലും ഇതേരീതിയിൽ ഐ.ടി.പാർക്കുകൾ സ്ഥാപിക്കാൻ ഡിഐസി ലക്ഷ്യമിടുന്നുണ്ട്.

ധാരണാപത്രം നിഷ്കർഷിക്കുന്ന 33300 ലേറെ തൊഴിലവസരങ്ങൾ കൊച്ചി സ്മാർട്ട്സിറ്റി വഴി ഉറപ്പാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അഹമ്മദ്ബിൻ ബയാത്ത് പറഞ്ഞു.

പദ്ധതി കേരളത്തിന് ഗുണകരമാണെന്ന് ജനങ്ങൾക്ക് ബോധ്യമാകും. അതോടെ എല്ലാവരും ഇതിനെ സ്വാഗതം ചെയ്യും. ദുബായ് സർക്കാരും കേരളവും തമ്മിൽ നല്ല ബന്ധമാണെന്നുള്ളതും ഒരു പ്രധാന ഘടകമാണ്-അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ഹോട്ടലുകൾ, ആസ്പത്രികൾ, ടൂറിസം തുടങ്ങിയ മേഖലകളിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനെപ്പറ്റി ദുബായ് സർക്കാർ ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിലെ ഇൻഫോ പാർക്ക് നിലവിലുള്ള രീതിയിൽ തുടരും.

ഭട്ടാചാര്യ പറഞ്ഞത്. തങ്ങൾക്ക് വിദേശനിക്ഷേപം വേണമെന്നും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണമെന്നും പഴയ നയം കൊണ്ട് ഇനി അതിജീവിക്കാൻ കഴിയില്ലെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. പഴയ പുസ്തകങ്ങളിൽ നിന്നല്ല, മറിച്ച് അനുഭവങ്ങളിൽ നിന്നാണ് സത്യം മനസിലാക്കുന്നത് എന്നും ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞു.

അങ്ങനെയെങ്കിൽ കേരളത്തിന്റെ അനുഭവങ്ങളിൽ നിന്നും ചില പൊള്ളുന്ന സത്യങ്ങൾ പഠിക്കേണ്ടതല്ലേ? കേരളം വികസനരംഗത്ത് എത്തേണ്ടിടത്ത് എത്തിയോ? എത്തിയില്ലെങ്കിൽ അതിനു കാരണമെന്ത്? ഇതുവരെ നമ്മൾ ദാരിദ്ര്യം പങ്കിടുകയായിരുന്നു എന്നതാണ്  സത്യം. എത്രനാൾ ജനങ്ങളെ മോഹവലയത്തിൽ പിടിച്ചു നിർത്തും? ഇക്കാര്യത്തിൽ അധികാരത്തിലിരുന്ന എല്ലാവരും കുറ്റക്കാരാണ് എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, നമുക്കെന്നും ദാരിദ്ര്യത്തിൽ കഴിഞ്ഞാൽ മതിയോ? ഇനിയെങ്കിലും ഉത്പാദനത്തെക്കുറിച്ചും സാമ്പത്തിക വളർച്ചയെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടേ? ചൈനയിലും പശ്ചിമബംഗാളിലുമാകാം കേരളത്തിൽ മാത്രം പറ്റില്ലെന്നു പറയുന്നവർ പഴകിയ പുസ്തകത്താളുകളിൽ നിന്നും ഇറങ്ങിവരണം.

പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുടെ പുതിയ കാഴ്ചപ്പാടുകളെയും നടപടികളെയും പോളിറ്റ് ബ്യൂറോ കൈയടിച്ച് പാസാക്കിയിരുന്നു. എന്നാൽ, ഇത് കേരള മുഖ്യമന്ത്രി ചെയ്താൽ രാജ്യദ്രോഹമായി, ജയിലിലടയ്ക്കുമെന്നു ഭീഷണിയായി. ഇടതുപക്ഷം പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയോടു കാട്ടുന്ന പരിഗണന കേരള മുഖ്യമന്ത്രിക്കും നല്കരുതോ? അവർ അവിടെ ചെയ്യുന്ന കുറച്ചു കാര്യങ്ങളെങ്കിലും എന്നെ ഇവിടെ ചെയ്യാൻ അനുവദിക്കണം.

സ്മാർട്ട് സിറ്റി പദ്ധതി കടുത്ത എതിർപ്പുകളെ മറികടന്ന് യാഥാർത്ഥ്യമാകുമ്പോൾ വിവാദങ്ങൾക്കും ആരോപണങ്ങൾക്കും കേരളത്തിലിനി പദ്ധതികളെ അട്ടിമറിക്കാനാവില്ല എന്ന സന്ദേശമാണ് നല്കുന്നത്.  ഇത് ആത്മവിശ്വാസവും പുത്തൻ പ്രതീക്ഷകളും നല്കുന്നു. കേരളം നിക്ഷേപസൗഹൃദ സംസ്ഥാനമാണെന്ന് ലോകത്തിനു കാട്ടിക്കൊടുക്കുകയാണ്. ഇത് കൂടുതൽ വമ്പൻ നിക്ഷേപങ്ങൾക്ക് വാതായനങ്ങൾ തുറക്കുമെന്നു പ്രതീക്ഷിക്കാം. കൊച്ചിയിൽ സമാപിച്ച ബിസിനസ് ടു ബിസിനസ് മീറ്റ് വലിയ പ്രതികരണമാണ് ഉണ്ടാക്കിയത്. കഴിഞ്ഞ വർഷത്തെ മീറ്റിൽ 100 കോടിയുടെ ബിസിനസ് നടന്നെങ്കിൽ ഇത്തവണ അതിനെ കവച്ചുവയ്ക്കും. അമേരിക്കൻ മലയാളികൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ഒക്ടോബറിൽ കൺവൻഷൻ നടത്തുകയാണ്. ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും തുടക്കമിടുന്നു. കേരളത്തിൽ ഒന്നല്ല, ഒരുപിടി സ്മാർട്ട് സംരംഭങ്ങൾക്ക് ഇത് വഴിയൊരുക്കും.

കേരളം വിസ്മരിച്ച അനന്തസാധ്യതകൾ കണ്ടെത്തി ആരാധ്യനായ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം ഒരു കർമപരിപാടി നല്കിക്കഴിഞ്ഞു. സംസ്ഥാന സർക്കാർ അതോടൊപ്പം മൂന്നു പദ്ധതികൾകൂടി ചേർത്ത് കേരളം 2010 എന്ന പദ്ധതി നടപ്പാക്കാനുള്ള ഊർജിതമായ തയാറെടുപ്പുകൾ നടത്തിവരുകയാണ്. അതോടൊപ്പം ദരിദ്രവിഭാഗങ്ങളോടുള്ള പ്രത്യേക കരുതലിന്റെ ഭാഗമായി സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപിച്ച ഒൻപതിന പദ്ധതികളും തയാറാകുന്നു. പത്തു വൻകിട പദ്ധതികളുടെ പണികൾ സമയബന്ധിതമായി ഈ വർഷം തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

നിലവിലുള്ള പ്രതിശീർഷ വരുമാനം 23,000 രൂപയിൽനിന്നും 50,000 രൂപയാക്കി മൂന്നു വർഷത്തിനുള്ളിൽ കേരളം നൂറു ശതമാനം സാമ്പത്തിക വളർച്ച നേടണമെന്നാണ് രാഷ്ട്രപതി ആവശ്യപ്പെട്ടിരിക്കുന്നത്. അതു സാധിക്കും എന്നെനിക്ക് ഇപ്പോൾ നല്ല ആത്മവിശ്വാസമുണ്ട്. 2010ൽ കേരളം ഒരു വികസിത സംസ്ഥാനമാകും എന്ന പുത്തൻപ്രതീക്ഷ കഠിനാധ്വാനത്തിന് നമ്മെ പ്രേരിപ്പിക്കുന്നു. തീർച്ചയായും സ്മാർട്ട് കേരളത്തിനതു സാധിക്കും. ■



# മാറുന്ന കേരളം അതിവേ

അതിവേഗം മാറുന്ന കേരളത്തിന്റെ മുഖമാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. വികസനരംഗത്ത് കുതിച്ചുചാട്ടത്തിന് കേരളത്തിൽ അപാരസാധ്യതകളാണുള്ളത്. ഈ സാധ്യതകൾ കണ്ടെത്തിയ രാഷ്ട്രപതി പത്ത് വികസന നിർദേശങ്ങളാണ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്. മൂന്നു വർഷം കൊണ്ട് നൂറു ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കാനാണ് രാഷ്ട്രപതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇതൊരു വെല്ലുവിളിയായി സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്.

രാഷ്ട്രസ്വാതന്ത്ര്യത്തിന്റെ 58-ാം വാർഷികാഘോഷ വേളയിൽ തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സഞ്ചരിക്കവെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

സമൂഹത്തിന് പിന്നിലാക്കപ്പെട്ടവർക്ക് വേണ്ടി സർക്കാരിന്റെ കരുതലിന്റെ ഭാഗമായി ഒൻപതിന പരിപാടിയും മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

## *മുഖ്യമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രസംഗത്തിന്റെ പൂർണ രൂപം:*

അഭിമാനത്തോടെയും ആഹ്ലാദത്തോടെയുമാണ് ഞാനീ സ്വാതന്ത്ര്യപ്പുലരിയിൽ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്.

നീണ്ട 58 വർഷത്തെ പ്രയാണത്തിനുശേഷം ലോകരാഷ്ട്രങ്ങളുടെ ഇടയിൽ തലയെടുപ്പോടെ നിൽക്കുന്ന ഒരു ഭാരതത്തെയാണു നമുക്കിന്നു കാണാൻ കഴിയുന്നത്. രാഷ്ട്രീയ, സാമ്പത്തിക, സൈനിക, ശാസ്ത്രസാങ്കേതിക, ബഹിരാകാശ മേഖലകളിൽ കൈവരിച്ച മുന്നേറ്റം ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വളർച്ചയുടെയും മറ്റ് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ രാജ്യം ഒരു വൻശക്തിയാകുമെന്ന വിദഗ്ദ്ധരുടെ പ്രവചനം എല്ലാ ഭാരതീയരെയും ആവേശഭരിതരാക്കുന്നു.

ഈ നേട്ടങ്ങളുടെയെല്ലാം ചാലകശക്തി നമ്മുടെ പൂർവികർ പൊരുതി നേടിയ സ്വാതന്ത്ര്യമാണ്. ആത്മത്യാഗത്തിലൂടെ സ്വാതന്ത്ര്യം നേടിത്തന്ന അവരെ ഓരോരുത്തരെയും ഞാനീ അവസരത്തിൽ വിനയപുരസരം വന്ദിക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം നമ്മുടേതാണെന്ന് ഓരോ ഭാരതീയനും അഭിമാനത്തോടെയാണ് പറയുന്നത്. പല അഗ്നിപരീക്ഷകൾക്കിടയിലും ജനാധിപത്യവ്യവസ്ഥയെയും അതിന്റെ മൂല്യങ്ങളെയും നാം മുറുകെപ്പിടിച്ചു. 68 കോടി ജനങ്ങൾ അണിനിരക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയയും അവർ തെരഞ്ഞെടുക്കുന്ന 30 ലക്ഷം സാരഥികളുമൊക്കെ ലോകത്തിനു വലിയ വിസ്മയമാണ്. മതേതരത്വവും നാനാത്വത്തിൽ ഏകത്വവുമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകൾ. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്ത് രാജിനു തുടക്കമിട്ട രാജീവ് ഗാന്ധി അധികാരം അടിത്തട്ടിലെത്തിച്ചു. ജനാധിപത്യത്തിന്റെ ശക്തിസ്രോതസ് ജനങ്ങളാണെന്നും അധികാരം അവരിലെത്തുമ്പോൾ വികസനം താഴേത്തട്ടിലെത്തുമെന്നും നമ്മുടെ ഭരണാധികാരികൾ മനസിലാക്കിയിരുന്നു.

വർഗീയതയെയും വിഭാഗീയതയെയും ഒരു പരിധിവരെ ചെറുത്തു നിൽക്കാൻ നമുക്കു സാധിച്ചു. വിശ്വാസങ്ങളുടെ സംഗമഭൂമിയാണ് ഭാരതം. എല്ലാ വിശ്വാസങ്ങളെയും നാം മാനിക്കുന്നു. വിശ്വാസങ്ങളിൽ അന്തർലീനമായ ആത്മീയശക്തിയെ നാം നമിക്കുന്നു.

രാജ്യത്തിന് അഭിമാനകരമായ നേട്ടം ഉണ്ടാക്കുന്നതിൽ കേരളം എക്കാലവും



# ഗത്തിൽ

മുൻപന്തിയിലായിരുന്നു. കഴിഞ്ഞ ഏതാനും വർഷമായി സംസ്ഥാനം സുസ്ഥിരവികസനത്തിന്റെ പാതയിലാണ്. ഒരു കാലത്ത് നിക്ഷേപകർക്കുണ്ടായിരുന്ന ആശങ്കകൾ മാറി, ഇപ്പോൾ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമെന്ന ഖ്യാതിയും കേരളത്തിനു ലഭിച്ചു. 2001-ൽ 40 ശതമാനമായിരുന്ന വായ്പാ-നിക്ഷേപ അനുപാതം 2005ൽ 60 ശതമാനമായി വർധിച്ചു. രാജ്യത്ത് ഏറ്റവും കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യമുള്ള മൂന്നാമത്തെ സംസ്ഥാനം കേരളമാണെന്നു ന്യൂഡൽഹിയിലെ ഒരു പ്രമുഖ ഗവേഷണ സ്ഥാപനം അടുത്ത നാളിൽ കണ്ടെത്തി. ഏറ്റവും മികച്ച ജീവിതസാഹചര്യമുള്ള രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്നാണ് ഒരു പ്രമുഖ ഇംഗ്ലീഷ് വാരിക കഴിഞ്ഞയാഴ്ച റിപ്പോർട്ട് ചെയ്തത്. രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണു ട്രാൻസ്പെരൻസി ഇന്റർനാഷണൽ ഇന്ത്യ എന്ന സംഘടനയുടെ സർവെ വെളിപ്പെടുത്തിയത്. ലോകമെമ്പാടുമുള്ള സഞ്ചാരികളുടെ സ്വപ്നഭൂമിയാണ് ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന നമ്മുടെ നാട്.

അതിവേഗം മാറുന്ന കേരളത്തിന്റെ മുഖമാണ് നമുക്കിന്നു കാണാൻ കഴിയുന്നത്. 20,000 കോടി രൂപയുടെ കേന്ദ്രനിക്ഷേപം ഉൾപ്പെടെ 30,000 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിലിപ്പോൾ എത്തുന്നത്. കേരളത്തിന് അപാരസാധ്യതകളുള്ള ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, ഉന്നതവിദ്യാഭ്യാസം, ബയോ ടെക്നോളജി തുടങ്ങിയ മേഖലകളൊക്കെ പ്രയോജനപ്പെടുത്തി വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തേണ്ടിയിരിക്കുന്നു. ഒരു വിവരവിജ്ഞാന സമ്പദ്ഘടനയ്ക്കു തന്നെ നാം രൂപം കൊടുക്കണം. ഉന്നതനിലവാരം പുലർത്തുന്ന ആഗോള വിദ്യാകേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കണം. വികസനരംഗത്ത് ഒരുപാട് നഷ്ടങ്ങൾ സംഭവിച്ച നാടാണിത്. അതിന്റെ ഫലമായാണ് ഇവിടെ അരക്കോടിയോളം തൊഴിൽരഹിതർ സൃഷ്ടിക്കപ്പെട്ടത്. വികസനത്തിന്റെ അവസാന ബസും നഷ്ടപ്പെടാൻ ഇടയാകരുതേ എന്നത് ഇന്നാടിന്റെ പ്രാർത്ഥനയാണ്.

കേരളത്തിന്റെ ഇത്തരം അനന്തസാധ്യതകൾ കണ്ടെത്തിയ ആരാധ്യനായ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം പത്തു വികസന നിർദേശങ്ങളാണ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്. മൂന്നു വർഷം കൊണ്ട് നൂറു ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കാനാണ് രാഷ്ട്രപതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇതൊരു വെല്ലുവിളിയായി സ്വീകരിക്കാൻ സർക്കാർ ഒരുക്കമാണ്. അതേ സമയം ഇതൊരു ബഹുജനപദ്ധതിയാകണം എന്നാണ് വ്യക്തിപരമായി ഞാൻ ആഗ്രഹിക്കുന്നത്. നിയമസഭയിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നപ്പോൾ ക്രിയാത്മകമായ പല നിർദേശങ്ങളും ഉയർന്നു. ഇത് പ്രായോഗികമായി എങ്ങനെ നടപ്പാക്കണം എന്നതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും സർക്കാർ അഭിപ്രായം തേടും. രാഷ്ട്രപതിയുടെ 10 നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന്റെ മൂന്നു നിർദേശങ്ങളും പരിസ്ഥിതി സംരക്ഷണവും അധികാര വികേന്ദ്രീകരണവും ഉറപ്പാക്കിയാണ് നടപ്പാക്കുന്നത്.

## കുടുംബശ്രീക്ക് ഏഴിന പദ്ധതികൾ

കുടുംബശ്രീയുടെയും മറ്റു സ്വയംസഹായ സംഘങ്ങളുടെയും
വരുമാനം വർദ്ധിപ്പിക്കാൻ ഏഴിന പരിപാടികൾക്ക് സർക്കാർ രൂപം നൽകി

1. ട്രാൻസ്പോർട്ട് സ്റ്റാന്റുകളിൽ കുടുംബബശ്രീ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വില്പനക്കുമായി സൗജന്യമായി സ്ഥലം അനുവദിക്കും.
2. പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും നിർമിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ 10% കുറഞ്ഞ വാടക നിരക്കിൽ ഡിപ്പോസിറ്റ് ഒഴിവാക്കി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ വിപണന ഗ്രൂപ്പുകൾ അനുവദിക്കും.
3. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള മൈക്രോ സംരംഭങ്ങൾക്ക് ഒരു മാസത്തിനുള്ളിൽ എസ്.എസ്.ഐ രജിസ്ട്രേഷനും ഡബ്ല്യൂ.ഐ.പി രജിസ്ട്രേഷനും നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കും.
4. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ ദേശീയ പാതയുടെ ഇരുവശങ്ങളും മനോഹരമാക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും അവസരം നൽകും.
5. ദേശീയപാതയുടെ വശങ്ങളിലുള്ള പുറമ്പോക്ക് ഭൂമിയിൽ റോഡിനായി ഉപയോഗിക്കപ്പെടാൻ സാധ്യതയില്ലാത്ത സ്ഥലങ്ങൾ കുടുംബശ്രീ അയൽക്കൂട്ടത്തിന് സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി പാട്ടത്തിനു നൽകും. ഇവിടെ താത്കാലിക കെട്ടിടങ്ങൾ നിർമിക്കുന്നതിന് അനുവാദവും നൽകും.
6. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ആശുപത്രികൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ കേന്ദ്രീകരിച്ച് ലാൺട്രി സർവീസ് നടത്തുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അവസരം നൽകും.
7. കാർഷിക മേഖലയിൽ പാട്ടക്കൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പ്രോത്സാഹനം നൽകും. അവർക്ക് ആവശ്യമായ വിത്തും വളവും മറ്റു സേവനങ്ങളും ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി ഭവനുകൾക്ക് നിർദേശം നൽകും.

വികസനത്തോടൊപ്പം കരുതലും എന്നതാണ് സർക്കാരിന്റെ സുവ്യക്തമായ സാമൂഹിക കാഴ്ചപ്പാട്. വികസനത്തിന്റെ സ്വാഭാവിക വളർച്ചയുടെ ഫലം വൈകി മാത്രം അനുഭവിക്കുന്ന സമൂഹത്തിലെ വലിയൊരു ജനവിഭാഗത്തെ ഉദ്ദേശിച്ചുള്ളതാണ് മൂന്നിന പദ്ധതികൾ. പരമ്പരാഗത മേഖലകൾ, കർഷകർ, കർഷകത്തൊഴിലാളികൾ, ആദിവാസികൾ, തീരദേശവാസികൾ, പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവരൊക്കെ ഈ ഗണത്തിലുള്ളവരാണ്. കമ്പോളശക്തി മാത്രം നിശ്ചയിക്കേണ്ടതല്ല ഇവരുടെ ഭാഗധേയം. ദുർബലവിഭാഗങ്ങൾക്ക് മാത്രമായി സർക്കാരിന് ഒരു പ്രത്യേക കരുതലുണ്ട്. അതുകൊണ്ട് ഓരോ വിഭാഗത്തിനും പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ബഹുഭൂരിപക്ഷം സാധാരണക്കാരുടെയും ആശ്രയമായ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. എല്ലാവരാലും വിസ്മരിക്കപ്പെടുന്ന നിർധനരും രോഗികളും നിരാലംബരുമായവരെ സർക്കാർ ഏറ്റെടുക്കുകയാണ്.

സമൂഹത്തിൽ പിന്നിലാക്കപ്പെട്ടവർക്കുവേണ്ടിയുള്ള സർക്കാരിന്റെ കരുതലിന്റെ ഭാഗമായി അവർക്കുവേണ്ടി ചില പദ്ധതികൾ പ്രഖ്യാപിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അവരെ കൂടുതൽ സ്വാതന്ത്ര്യത്തിലേക്കു നയിക്കുമെന്ന പ്രതീക്ഷയോടെ ഞാനീ ഒൻപതിന പരിപാടികൾ അവതരിപ്പിക്കുന്നു.

1. ദരിദ്ര കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുന്നതാണ്. 15 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. സർക്കാരിന് 18.62 കോടി രൂപ ബാധ്യതയുള്ള പദ്ധതിയാണിത്.

2. ഒരു കുട്ടിക്ക് ആഴ്ചയിലൊരു മുട്ട നൽകുന്ന പദ്ധതി നടപ്പാക്കും. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസു വരെയുള്ള 26 ലക്ഷം സ്കൂൾ കുട്ടികൾക്ക് ഇപ്പോൾ ഉച്ചക്കഞ്ഞി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അവരിലെ പോഷകക്കുറവ് പരിഹരിക്കുവാൻ ഇതോടൊപ്പം ആഴ്ചയിലൊരു മുട്ട നല്കാനാണ് പദ്ധതി. 17.5 കോടി രൂപ ഇതിന് ചെലവു പ്രതീക്ഷിക്കുന്നു. പാചകത്തൊഴിലാളികൾക്ക് ദിവസേന 20 രൂപ അധികവേതനം നൽകുകയും ചെയ്യും.

3. ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട്, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിലെ ബലക്ഷയമുള്ള വീടുകളും ഓലമേഞ്ഞ വീടുകളും മാറ്റി പുതിയ വീടുകൾ നിർമിച്ചു നൽകും. സുനാമി ബാധിതർക്കു നൽകുന്ന വീടുകൾക്കു പുറമെയാണിത്. പ്രധാനമന്ത്രിയുടെ പ്രത്യേക ഫണ്ടിൽ നിന്നും ഇതിനുവേണ്ടി സംസ്ഥാനം സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. തീരദേശത്തെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഒരു പ്രത്യേക ഭവന നിർമാണ പദ്ധതികൂടി നടപ്പാക്കും. സ്വന്തം ഭൂമിയുള്ളവർക്ക് സന്നദ്ധസംഘടനകളുടെ സഹായത്തോടെ വീടുകൾ നിർമിച്ചു നൽകും. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് സർക്കാർ ഭൂമിയോ, പഞ്ചായത്തോ മറ്റ് ഏതെങ്കിലും സംഘടനകളോ നൽകുന്ന ഭൂമിയോ ഉപയോഗിച്ചു വീട് പണിതു നൽകും.

5. ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനു സംസ്ഥാന ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന പദ്ധതി വ്യാപിപ്പിക്കും. പഞ്ചായത്തുകളുടെയും സാമൂഹ്യസേവന സംഘടനകളുടെയും സഹായത്തോടെ 50:50 എന്ന അനുപാതത്തിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ എത്ര വീടുകൾ പുതുക്കിപ്പണിയാൻ തയ്യാറായാലും അതിനു തുല്യമായ ഗ്രാന്റ് ഹൗസിംഗ് ബോർഡിനു സർക്കാർ നൽകും.

6. പാവപ്പെട്ടവരിൽ പാവങ്ങളായവരെ സഹായിക്കുന്ന ആശ്രയ പദ്ധതി 350 പഞ്ചായത്തുകളിലും കൂടി ഈ വർഷം നടപ്പാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടുതൽ പഞ്ചായത്തുകൾ ആശ്രയ പദ്ധതിയിൽ ചേരുവാൻ സന്നദ്ധത പ്രകടിപ്പിച്ചാൽ അതിനുള്ള അധിക ഫണ്ട് സർക്കാർ കണ്ടെത്തും.

7. അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

8. പട്ടികവർഗ - പട്ടിക ജാതി - പിന്നോക്ക വിദ്യാർത്ഥികളുടെയും മറ്റ് അർഹരായ വിദ്യാർത്ഥികളുടെയും സ്റ്റൈപ്പന്റ് കുടിശികയില്ലാതെ യഥാസമയം വിതരണം ചെയ്യും.

9. കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ വരുമാനം വർദ്ധിപ്പിക്കാൻ ഏഴിന പരിപാടികൾ നടപ്പാക്കും.

രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൽ കലാം ഇപ്പോൾ വലിയ വെല്ലുവിളിയാണു നമുക്കു മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്വപ്ന ദർശനങ്ങൾ കഠിനാദ്ധ്വാനത്തിലൂടെ യാഥാർത്ഥ്യമായപ്പോൾ ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യ വൻശക്തിയായിത്തീർന്നു. രാഷ്ട്രപതി ഇപ്പോൾ കേരളത്തെക്കുറിച്ചൊരു സ്വപ്നം കാണുകയാണ്. കേരളത്തിന്റെ വികസനചരിത്രത്തിൽ നാഴികക്കല്ലാകേണ്ടതാണ് പതിമ്മൂന്നിന പദ്ധതികൾ. അതു നടപ്പാക്കിയാൽ 2010ൽ ഒരു നവകേരളം പിറവിയെടുക്കുമെന്നു തന്നെയാണ് എന്റെ പ്രതീക്ഷ. അതിന് നിങ്ങൾ ഒരോരുത്തരുടെയും സഹായ സഹകരണങ്ങൾ തേടിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ■



*സ്വാതന്ത്ര്യദിന പരേഡ് മുഖ്യമന്ത്രി പരിശോധിക്കുന്നു.*

# കേരളം മികച്ച മാതൃക

**ഡോ.മൻമോഹൻസിംഗ്**
*പ്രധാനമന്ത്രി*



മനുഷ്യശേഷി വികസനത്തിൽ കൈവരിച്ച നേട്ടം വ്യാവസായിക കാർഷികരംഗങ്ങളിലും സൃഷ്ടിക്കുക എന്നതാണ് കേരളത്തിന്റെ മുന്നിലുള്ള മുഖ്യവെല്ലുവിളിയെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് പ്രസ്താവിച്ചു.

നിയമസഭാമന്ദിരത്തിന് മുന്നിൽ രാഷ്ട്രപിതാവ് ഗാന്ധിജി, രാഷ്ട്രശില്പി ജവഹർലാൽ നെഹ്റു, ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കർ എന്നിവരുടെ പ്രതിമകൾ അനാവരണം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

മനുഷ്യശേഷിയുടെ വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും കേരളം മികച്ച മാതൃകയാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസത്തിനും സാമൂഹികനീതിക്കും വനിതാശാക്തീകരണത്തിനുമുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത രാഷ്ട്രത്തിന് മാതൃകയാണ്. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും അംബേദ്കറുടെയും ദർശനങ്ങൾക്കനുസൃതമായ പുരോഗതിയാണ് സാമൂഹിക-സാമ്പത്തിക മേഖലകളിൽ കേരളം കൈവരിച്ചത്.

മഹാത്മാഗാന്ധിയുടെയും നെഹ്റുവിന്റെയും അംബേദ്കറുടെയും പ്രതിമകൾ ഒന്നിച്ച് സ്ഥാപിച്ചിട്ടുള്ള മറ്റൊരു സ്ഥലമില്ല. അതിനാൽ ഈ നിയമസഭാവളപ്പ് നമ്മുടെ ദേശീയ പൈതൃകത്തിന്റെ ഭാഗമായി മാറിയിരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

മതസൗഹാർദത്തിന്റെയും സാമൂഹിക സഹവർത്തിത്വത്തിന്റെയും പഴക്കമേറിയ ഉദാഹരണമായ കേരളം നാനാത്വത്തിൽ ഏകത്വം എന്ന തത്ത്വത്തിന്റെ പ്രതീകം കൂടിയാണ്. എല്ലാ മലയാളികൾക്കും പ്രധാനമന്ത്രി ഓണാംശംസകൾ നേർന്നു.

രാജ്യത്തെ ഏറ്റവും മനോഹരമായ നിയമസഭാസമുച്ചയമാണ് കേരളത്തിലേതെന്ന് സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഇവിടെ അനാവരണം ചെയ്യപ്പെടുന്നത് കേവലം മൂന്നു പ്രതിമകൾ മാത്രമല്ല, ഇന്ത്യയെ നയിക്കുന്ന മൂന്നു ദർശനങ്ങളാണെന്ന് മുൻ മുഖ്യമന്ത്രി എ.കെ. ആന്റണി പറഞ്ഞു. വല്ലാർപാടം മുതൽ ശബരിമല വികസനം വരെ കേരളത്തിന്റെ ദീർഘകാല സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ ഡോ. മൻമോഹൻസിംഗിന്റെ സഹായം തുടർന്നും ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭ്യർത്ഥിച്ചു. മഹാത്മാഗാന്ധി, നെഹ്റു, അംബേദ്കർ എന്നിവരുടെ ദർശനങ്ങൾ നിയമസഭാ സാമാജികർക്ക് പ്രചോദനം നൽകട്ടെയെന്ന് ഗവർണർ ആർ.എൽ. ഭാട്ടിയ ആശംസിച്ചു. ഡപ്യൂട്ടി സ്പീക്കർ സുന്ദരൻനാടാർ നന്ദി പറഞ്ഞു. ■

# വലിയ കാര്യങ്ങൾക്കായി

**ഉമ്മൻചാണ്ടി മന്ത്രിസഭ അധികാരമേറ്റിട്ട് ഒരു വർഷം കഴിഞ്ഞു. പല വികസന പദ്ധതികളുമായി അതിവേഗം ബഹുദൂരം മുന്നേറുകയാണ് കേരളം. ക്ഷേമപ്പെൻഷനുകളുടെ കൃത്യമായ വിതരണം, പാളയം അടിപ്പാതയുടെ സമയബന്ധിത പൂർത്തീകരണം തുടങ്ങിയ കൊച്ചു കൊച്ചു അത്ഭുതങ്ങൾക്ക് കേരളം സാക്ഷിയായിത്തുടങ്ങി. ഇനി വലിയ അത്ഭുതങ്ങളുടെ ഊഴമാണ്. ഇതിനായി കേരളം കാത്തിരിക്കുന്നു.**

സാധാരണഗതിയിൽ ഏഴു വർഷംവരെയെടുക്കാവുന്ന തലസ്ഥാനനഗരിയിലെ പാളയം അടിപ്പാതയുടെ നിർമാണം ഏഴു മാസം കൊണ്ട് പൂർത്തിയായപ്പോൾ ഒരു ചെറിയ അത്ഭുതം സംഭവിച്ചതുപോലെയാണു പലർക്കും തോന്നിയത്. ക്ഷേമ പെൻഷനുകൾ എല്ലാ മാസവും ശമ്പളം പോലെ നല്കാൻ തീരുമാനിച്ചപ്പോഴും സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുമ്പോഴും കേരളത്തിൽ കൊച്ചുകൊച്ച് അത്ഭുത ങ്ങൾ സംഭവിക്കാമെന്ന് തോന്നി.

അതിവേഗം ബഹുദൂരം പോകുന്ന ഒരു കേരളത്തിനുവേണ്ടി കഠിനമായി പരിശ്രമിക്കുമെന്നായിരുന്നു ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ വാഗ്ദാനം. പ്രതിപക്ഷം ഉൾപ്പെടെ എല്ലാവരുടെയും സഹകരണം തേടിയുള്ള ഭരണത്തിനാണ് ശ്രമിച്ചത്.

മുഖ്യമന്ത്രിയുടെ ഓഫീസിലെ ജനത്തിരക്ക് ഭരണത്തെ ബാധിക്കാറില്ലേ എന്നു പലരും ചോദിക്കാറുണ്ട്. തിരക്കും വിവാദങ്ങളും ഒരിക്കൽപ്പോലും ഔദ്യോഗിക കാര്യങ്ങളെ ബാധിച്ചിട്ടില്ല. തിരക്കിന്റെ പേരിൽ ഒരു മീറ്റിംഗ് പോലും റദ്ദാക്കുകയോ, ഒരു ഫയൽ പോലും വൈകുകയോ ചെയ്തിട്ടില്ല. ഒരു പൊതുപ്രവർത്തകൻ എന്ന നിലയ്ക്ക് ജനത്തോടൊപ്പമായിരുന്ന മുഖ്യമന്ത്രിയുടെ ശീലം ഭരണസാരഥ്യം വഹിക്കുമ്പോഴും മാറിയിട്ടില്ല എന്നേയുള്ളൂ. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏതു സാധാരണക്കാരനും ഏതു സമയത്തും കടന്നുവരാൻ കഴിയണം എന്നതാണ് കാഴ്ചപ്പാട്. ചേംബറിൽ നടക്കുന്ന ഓരോ ചലനവും ലോകത്തിനു കാണാവുന്ന വിധത്തിൽ തത്സമയ വെബ് സംപ്രേക്ഷണം ആരംഭിച്ചപ്പോൾ ഇത് ഓഫീസിന്റെ രഹസ്യ സ്വഭാവം ഇല്ലാതാക്കുമെന്നായിരുന്നു പലരുടെയും ആശങ്ക.

സെക്രട്ടേറിയറ്റിലിരുന്നു ഭരിക്കാതെ മുഖ്യമന്ത്രി നാടുമുഴുവൻ ഓടിനടക്കുന്നു എന്ന ആക്ഷേപം തുടക്കം മുതൽ കേൾക്കുന്നതാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ കേരളത്തിലെ കഴിയുന്നത്ര സ്ഥലങ്ങളിൽ പോയി അവിടത്തെ പ്രശ്നങ്ങൾ പഠിക്കുകയും ആളുകളെ കാണുകയും ചെയ്യണമെന്നത് അദ്ദേഹത്തിന്റെ അഗ്രഹമാണ്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ നിരോധിച്ചതും കമ്പക്കല്ലിലെ കഞ്ചാവുതോട്ടങ്ങൾ നശിപ്പിച്ചതും ഒളവണ്ണ മാമ്പുഴക്കാട് കോളനിയുടെ മുഖച്ഛായ മാറിയതുമൊക്കെ ഇത്തരം യാത്രകളുടെ ഫലമാണ്.

കുമിഞ്ഞുകൂടുന്ന പരാതികൾ സമയത്തിന്റെ വലിയൊരു പങ്ക് അപഹരിക്കുന്നുണ്ട് എന്നത് വാസ്തവമാണ്. പക്ഷേ, പരാതികളിൽ നിന്നും നിവേദനങ്ങളിൽ നിന്നുമാണ് നാടിന്റെ നാഡിമിടിപ്പ് അറിയുന്നത്. ഒരു വർഷത്തിനിടയിൽ 2,03,200 പരാതികളാണ് ലഭിച്ചത്. സുതാര്യകേരളം പരിപാടി, മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സെൽ, മുഖ്യമന്ത്രിയുടെ വെബ്സൈറ്റ് എന്നിവയിലൂടെയും തപാലിലും നേരിട്ടും ലഭിച്ച പരാതികളാണിവ. നാടിന്റെയും വ്യക്തിയുടെയും ജീവത്പ്രശ്നമടങ്ങുന്നതാണ് ഓരോ പരാതിയും എന്ന ഉത്തമബോധ്യത്തോടെയാണ് അവ കൈകാര്യം ചെയ്യുന്നത്. കുറച്ചുപേർക്കെങ്കിലും ഇതു പ്രയോജനം ചെയ്തു എന്നതാണ് അനുഭവം.

കേരളത്തിൽ 20,000 കോടി രൂപയുടെ കേന്ദ്രനിക്ഷേപത്തിനു വഴിയൊരുക്കിയതിനേക്കാൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സർക്കാരിന് ഏറ്റവുമധികം സംതൃപ്തി പകർന്നത് രണ്ടു ചെറിയ കാര്യങ്ങളാണ്. കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ ക്ഷേമപ്പെൻഷനുകൾ ശമ്പളംപോലെ എല്ലാ മാസവും കൃത്യമായി നല്കാൻ തീരുമാനിച്ചു എന്നതാണ് ഒന്നാമത്തെ കാര്യം. അർഹരായ പരമാവധി ആളുകളെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായിക്കാൻ കഴിഞ്ഞു എന്നതാണ് അടുത്ത കാര്യം. 36,671 പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. ഇതാണ് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്നാരോപിച്ച് ചിലർ രംഗത്തുവന്നത്. രണ്ടിനത്തിലും വളരെ ചെറിയ തുകയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. ഭരണകൂടത്തിന്റെ ഒരു സാന്ത്വന സ്പർശം മാത്രമായി ഇതിനെ കരുതിയാൽ മതി. ശബരിമല വികസനത്തിനു വേണ്ടിയുള്ള നീണ്ട പരിശ്രമങ്ങൾ സഫലമായതും ചാരിതാർത്ഥ്യം പകരുന്നതാണ്.



നിർഭാഗ്യമെന്ന് പറയാവുന്ന സംഗതി ലോട്ടറി നിരോധനം തന്നെ. സാമൂഹികവിപത്തായി മാറിയ ഓൺലൈൻ ലോട്ടറി നിരോധിക്കാൻ വേണ്ടി പേപ്പർ ലോട്ടറിയും നിരോധിച്ചപ്പോൾ അത് സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗത്തെ ദോഷകരമായി ബാധിച്ചു. ആ തെറ്റ് വൈകാതെ തിരുത്തു കയും ചെയ്തു.

പദ്ധതികൾക്കും പ്രഖ്യാപനങ്ങൾക്കും ഒരു പഞ്ഞവുമില്ലാത്ത നാടാണ് നമ്മുടേത്. അതുകൊണ്ട് പദ്ധതികൾ സമയബന്ധിതമാക്കുകയാണ് ആദ്യം ചെയ്തത്. നൂറുദിന കർമ പരിപാടികളോടെയായിരുന്നു തുടക്കം. അന്ന് എല്ലാ ജില്ലകളും സന്ദർശിച്ച് ഒരു

# കാത്തിരിക്കുന്ന കേരളം

ലക്ഷത്തോളം പേരെ മുഖ്യമന്ത്രി നേരിൽ കണ്ട് ഭൂരിപക്ഷം പേരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയായിരുന്നു. നൂലാമാലയുള്ളവ മാത്രമേ മാറ്റിവച്ചുള്ളു. അന്ന് നിരവധി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് ഒരു വർഷ പരിപാടിയും ഏറ്റെടുത്തു.

കേരളം എവിടെ നില്ക്കുന്നു എന്നുകൂടി ഇപ്പോൾ പരിശോധിക്കുന്നതു നന്നായിരിക്കും. കേരളമിന്ന് വികസനവിസ്ഫോടനത്തിന്റെ പടിവാതിലിലാണു നില്ക്കുന്നത് എന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. നമ്മൾ ആഗ്രഹിച്ചതുപോലെ നിക്ഷേപങ്ങൾ വന്നു തുടങ്ങി. കേരളത്തിലെ നാഷണൽ ഹൈവെകളുടെ വികസനത്തിന് കേന്ദ്രം നടപ്പാക്കുന്ന 3053 കോടി രൂപയുടെ പദ്ധതിയും എം. സി. റോഡിന്റെ വികസനത്തിന് സംസ്ഥാനം നടപ്പാക്കുന്ന 500 കോടി രൂപയുടെ പദ്ധതിയും പൂർത്തിയാകുമ്പോൾ റോഡ് വികസനത്തിൽ വൻ കുതിച്ചു ചാട്ടം പ്രതീക്ഷിക്കാം. റെയിൽവേപ്പാത ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് വിമാനത്താവളങ്ങളുടെ വികസനം, കണ്ണൂരിൽ പുതിയ വിമാനത്താവളം, ചെലവു കുറഞ്ഞ വിമാനസർവീസ്, വിഴിഞ്ഞം തുറമുഖ വികസനം തുടങ്ങിയവയിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിലും കേരളം മുന്നേറും.



ഐടി രംഗത്ത് കേരളത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് മുഖ്യമന്ത്രിക്ക് വ്യക്തമായ ബോധ്യം ലഭിച്ചത് രാജ്യത്തെ ഏറ്റവും വലിയ ഐ.ടി നഗരമായ ബാംഗ്ലൂരിന്റെ വികസനം നേരിട്ടുകണ്ടു മനസിലാക്കിയപ്പോഴാണ്. ഐ.ടി കയറ്റുമതിയിൽ നിന്നും കർണാടകത്തിന്റെ വരുമാനം 27600 കോടി രൂപയാണ്. കേരളത്തിന്റേത് കേവലം 316 കോടിയും. അന്ന് അവിടെയുണ്ടായിരുന്ന ഐ.ടി മേധാവികളെ മുഖ്യമന്ത്രി കേരളത്തിലേക്കു ക്ഷണിച്ചു. വിപ്രോ, ഇൻഫോസിസ്, ടിസിഎസ് തുടങ്ങിയ വമ്പന്മാരെല്ലാം ഇന്ന് കേരളത്തിലുണ്ട്. സർക്കാരിന്റെ പ്രമുഖ ഐ.ടി പാർക്കുകളായ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള 18 ലക്ഷം ചതുരശ്രയടി സ്ഥലവും വിറ്റഴിയപ്പെട്ടു. ടെക്നോപാർക്കിൽ 6 ലക്ഷം ചതുരശ്രയടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. കേരളത്തിൽ ഇതിലും വലിയ സാധ്യതകളുണ്ടെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ഏഷ്യയിലെ ഏറ്റവും വലിയ ഐ.ടി പാർക്കായ ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ബന്ധപ്പെട്ടത്. വിവാദങ്ങൾക്കൊടുവിൽ അതും ഇപ്പോൾ യാഥാർത്ഥ്യമാകുകയാണ്. ഗ്രാമങ്ങളിലേക്ക് കംപ്യൂട്ടർ വിജ്ഞാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള അക്ഷയപദ്ധതി ഏഴു ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുകയും ഗ്രാമങ്ങളിൽവരെ ബ്രോഡ് ബാൻഡ് കണക്ഷൻ യാഥാർത്ഥ്യമാകുകയും ചെയ്യുമ്പോൾ ഒരു വിവരവിജ്ഞാന സമ്പദ്ഘടന കേരളത്തിൽ രൂപം കൊള്ളുകയാണെന്നു പറയാം.

ഉന്നതവിദ്യാഭ്യാസമാണ് കേരളത്തിന് അനന്തസാധ്യതകൾ തുറക്കുന്ന മറ്റൊരു മേഖല. ആഗോളനിക്ഷേപ സംഗമം കേരളത്തിന്റെ വികസനരംഗത്ത് നാഴികക്കല്ലായതുപോലെ ഈ വർഷാവസാനം നടക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമം വിദ്യാഭ്യാസമേഖലയിൽ പുതിയ സാധ്യതകൾക്ക് വഴിയൊരുക്കും.

കേരളത്തിന്റെ ഇത്തരം അനന്തസാധ്യതകൾ കണ്ടെത്തിയാണ് ആരാധ്യനായ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം പത്തിന നിർദേശം മുന്നോട്ടുവച്ചത്. ദാർശനികനായ രാഷ്ട്രപതിയുടെ നിർദേശങ്ങളിലെ സാധ്യതകൾ കണ്ടെത്തി സംസ്ഥാനം അത് ഏറ്റെടുത്തു നടപ്പാക്കുകയാണെന്നു സത്വരം പ്രഖ്യാപിക്കുകയായിരുന്നു.

അതേസമയം, വികസനത്തിന്റെ സ്വാഭാവിക വളർച്ചയുടെ ഫലം വൈകി മാത്രം ലഭിക്കുന്ന വലിയൊരു വിഭാഗം ജനങ്ങളും നമ്മോടൊപ്പമുണ്ട്. പരമ്പരാഗത മേഖലകൾ, കർഷകർ, കർഷകത്തൊഴിലാളികൾ, ആദിവാസികൾ, തീരദേശവാസികൾ, പിന്നാക്ക വിഭാഗക്കാർ തുടങ്ങിയവരൊക്കെ ഈ ഗണത്തിലുള്ളതാണ്. അവർക്കു വേണ്ടി സർക്കാരിന് പ്രത്യേക കരുതലുണ്ട്. കമ്പോളം മാത്രം നിശ്ചയിക്കേണ്ടതല്ല അവരുടെ ഭാഗധേയം. അതുകൊണ്ടാണ് രാഷ്ട്രപതിയുടെ 10 നിർദേശങ്ങളോടൊപ്പം ദാരിദ്ര്യനിർമാർജനം, കാർഷികമേഖലയിൽ വരുമാന വർധനവ്, പരമ്പരാഗതമേഖലയുടെ വികസനം എന്നീ മൂന്നുനിർദേശങ്ങൾ കൂടി നടപ്പാക്കുന്നത്. ഇവ കൂടാതെ ഈ വിഭാഗങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപിച്ച ഒൻപതിന പരിപാടികളും നടപ്പാക്കുന്നതാണ്. നിരാലംബർക്കുവേണ്ടി 364 പഞ്ചായത്തുകളിൽ നടപ്പാക്കിയ ആശ്രയപദ്ധതി 350 ഗ്രാമങ്ങളിൽക്കൂടി ഈ വർഷം നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ സാധ്യതകൾ കേരളം മാത്രം തിരിച്ചറിയുന്നില്ല എന്നതാണ് ഏറ്റവുമൊടുവിൽ രാഷ്ട്രപതിപോലും നമ്മെ ബോധ്യപ്പെടുത്തുന്നത്. ഇവിടെ ഒന്നും ശരിയാകില്ലെന്ന് ഒരു വിഭാഗവും ഇവിടെ ഒന്നും ശരിയാകാൻ സമ്മതിക്കില്ലെന്നു മറ്റൊരു കൂട്ടരും നിലപാടെടുക്കുന്നു. അതുകൊണ്ടാകാം കേരളത്തിനു

ലഭിക്കുന്ന കീർത്തിമുദ്രകൾ പോലും ശ്രദ്ധിക്കപ്പെടാതെ പോകുന്നത്. രാജ്യത്ത് ഏറ്റവും മികച്ച ജീവിതസാഹചര്യമുള്ള രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്ന് ഒരു പ്രമുഖ ദേശീയ വാരിക നടത്തിയ സർവെയിൽ തെളിഞ്ഞു. ക്രമസമാധാനം, ആരോഗ്യപരിപാലനം എന്നീ മേഖലകളിൽ കേരളം ഒന്നാമതാണ്. ദരിദ്രർക്ക് അനുകൂലമായി സാമ്പത്തികവികസനം നേടുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് രണ്ടാം സ്ഥാനമുണ്ട്.

സാമ്പത്തിക ശാസ്ത്രജ്ഞരായ ബിബേക് ദെബ്രോയിയും ലവീഷ് ഭണ്ഡാരിയും ഡൽഹിയിലെ രാജീവ് ഗാന്ധി ഇൻസ്റ്റി റ്റ്യൂട്ടിനും ഇൻഡിക്സ് അനലിറ്റിക്സിനും വേണ്ടി നടത്തിയ പഠന ത്തിൽ സാമ്പത്തിക സ്വാതന്ത്ര്യ സൂചികയിൽ കേരളം മൂന്നാം സ്ഥാനം നേടിയത് പുതിയ കാര്യമാണ്. വിപണി അധിഷ്ഠിത സാമ്പത്തിക വികസന സൂചികകൾ മാത്രം ഉൾപ്പെടുത്തിയതായിരുന്നു ഈ പഠനം. കേരളം നിക്ഷേപത്തിനു പറ്റിയ സ്ഥലമല്ലെന്നു മുറവിളി കൂട്ടുന്നവർ ഇനിയെങ്കിലും പുനർവിചിന്തനം ചെയ്യണം.

രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണ് അഴിമതിക്കെതിരേ പോരാടുന്ന ട്രാൻസ്പെരൻസി ഇന്റർനാഷണൽ ഇന്ത്യയുടെ പഠനം വെളിപ്പെടുത്തിയത്. 20 സംസ്ഥാനങ്ങളിലെ 356 ഗ്രാമങ്ങളിൽ നടത്തിയ സർവെയിലാണ് ഇക്കാര്യം വ്യക്തമായത്. സാധാരണ സർക്കാർ ഓഫീസുകളിൽ നടക്കുന്ന അഴിമതിയെക്കുറിച്ചായിരുന്നു സർവെ. പൊതുജനങ്ങളുമായി ബന്ധപ്പെടുന്ന കേരളത്തിലെ 11 സർക്കാർ ഓഫീസുകളിൽ അഴിമതി താരതമ്യേന കുറവാണെന്നാണ് കണ്ടെത്തൽ.

കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ സാമ്പത്തിക വളർച്ചയോട് കിടപിടിക്കുന്നതാണെന്നാണ് മാനവശേഷി വികസന റിപ്പോർട്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച ഇപ്പോൾ ശരാശരി 5.8% ശതമാനമാണ്. ദേശീയ ശരാശരി 5.9%. ഉത്പാദനയിതര ആവശ്യങ്ങൾക്ക് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 92 ശതമാനത്തോളം ചെലവഴിക്കുന്നതിനാൽ വികസന പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ലെന്നും സാമ്പത്തിക വളർച്ച മുരടിച്ചിരിക്കുകയാണെന്നുമുള്ള വിമർശനങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. പ്ലാനിംഗ് കമ്മീഷന്റെയും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെയും ആഭിമുഖ്യത്തിലാണ് സംസ്ഥാനത്തെ ആദ്യത്തെ മാനവശേഷി വികസന റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്.

കേരളത്തിന്റെ വികസനമുദ്രകളും അനന്തസാധ്യതകളും കണ്ടെത്തിയ രാഷ്ട്രപതി നിലവിലുള്ള പ്രതിശീർഷ വരുമാനം 23,000 രൂപയിൽനിന്നും 50,000 രൂപയാക്കി മൂന്നു വർഷത്തിനുള്ളിൽ കേരളം നൂറു ശതമാനം സാമ്പത്തിക വളർച്ച നേടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 2010ൽ കേരളം ഒരു വികസിത പ്രദേശമാകുമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. രാഷ്ട്രപതി ഒരിക്കൽ കണ്ട സ്വപ്നദർശനങ്ങളാണ് രാജ്യത്തെ ഇന്ന് ബഹിരാകാശ ഗവേഷണരംഗത്ത് അജയ്യശക്തിയാക്കിയത്. രാഷ്ട്രപതി കേരളത്തെ ഒരു സ്വപ്നത്തിലാക്കിയശേഷമാണ് മടങ്ങിയത്. സർക്കാർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുകയാണ്.

വളരുവാനുള്ള അനന്തസാധ്യതകളുള്ള നാടാണ് നമ്മുടേത്. ഇനി വേണ്ടത് വളരാനുള്ള മനസും ഇച്ഛാശക്തിയുമാണ്. എല്ലാറ്റിനെയും സംശയത്തോടെ വീക്ഷിക്കുകയും അതിനെ വിവാദമാക്കുകയും ചെയ്യുന്ന പരമ്പരാഗതസമീപനം മാറ്റാൻ സമയമായിരിക്കുന്നു. കേരളത്തിൽ കൊച്ചുകൊച്ച് അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ട്. പക്ഷേ, 2010ൽ കേരളം വികസിത സംസ്ഥാനമാകണമെങ്കിൽ വലിയ അത്ഭുതങ്ങൾ തന്നെ സംഭവിക്കണം എന്നതാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നാം പഠിച്ച ഏറ്റവും വലിയ പാഠം. ഒരു നവകേരള സൃഷ്ടിക്കായി കൈകോർക്കാൻ സമയമായിരിക്കുന്നു. ■





ഉപഭൂഖണ്ഡമായ ഇന്ത്യയുടെ സമുദ്രഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മത്സ്യം ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ തീരക്കടലിൽ നിന്നുമാണ്. തെക്കുപടിഞ്ഞാറൻ കടൽത്തീരത്തു സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ മത്സ്യം ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. പ്രതിവർഷം ശരാശരി ആറ് ലക്ഷം ടൺ മത്സ്യമാണ് കേരളത്തിന്റെ തീരക്കടലിൽ നിന്നും നമ്മുടെ മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്നത്. ഇതാകട്ടെ ഇന്ത്യയുടെ മൊത്തം കടൽ മത്സ്യോത്പാദനത്തിന്റെ ഏതാണ്ട് 25 ശതമാനത്തോളം വരും. 2004-05 വർഷത്തിൽ ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത വിവിധ ഇനം മത്സ്യോത്പന്നങ്ങളിൽ 25 ശതമാനത്തിലധികം കേരളത്തിൽ നിന്നുമുള്ളതായിരുന്നു.

കേരളത്തിന് 590 കി.മീറ്റർ നീളമുള്ള കടൽത്തീരമാണുള്ളത്. ഇത് ഇന്ത്യയുടെ മൊത്തം കടൽത്തീരത്തിന്റെ പത്ത് ശതമാനത്തോളം വരും. കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതി 38,863 ചതുരശ്ര കി.മീറ്ററാണ്. എന്നാൽ ഈ സംസ്ഥാനത്തോട് ചേർന്നുള്ള

# മത്സ്യ ആവാ
# ജലപരിസ്ഥ

ലഭിക്കുന്ന കീർത്തിമുദ്രകൾ പോലും ശ്രദ്ധിക്കപ്പെടാതെ പോകുന്നത്. രാജ്യത്ത് ഏറ്റവും മികച്ച ജീവിതസാഹചര്യമുള്ള രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്ന് ഒരു പ്രമുഖ ദേശീയ വാരിക നടത്തിയ സർവെയിൽ തെളിഞ്ഞു. ക്രമസമാധാനം, ആരോഗ്യപരിപാലനം എന്നീ മേഖലകളിൽ കേരളം ഒന്നാമതാണ്. ദരിദ്രർക്ക് അനുകൂലമായി സാമ്പത്തികവികസനം നേടുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് രണ്ടാം സ്ഥാനമുണ്ട്.

സാമ്പത്തിക ശാസ്ത്രജ്ഞരായ ബിബേക് ദെബ്രോയിയും ലവീഷ് ഭണ്ഡാരിയും ഡൽഹിയിലെ രാജീവ് ഗാന്ധി ഇൻസ്റ്റി റ്റ്യൂട്ടിനും ഇൻഡിക്സ് അനലിറ്റിക്സിനും വേണ്ടി നടത്തിയ പഠന ത്തിൽ സാമ്പത്തിക സ്വാതന്ത്ര്യ സൂചികയിൽ കേരളം മൂന്നാം സ്ഥാനം നേടിയത് പുതിയ കാര്യമാണ്. വിപണി അധിഷ്ഠിത സാമ്പത്തിക വികസന സൂചികകൾ മാത്രം ഉൾപ്പെടുത്തിയതായിരുന്നു ഈ പഠനം. കേരളം നിക്ഷേപത്തിനു പറ്റിയ സ്ഥലമല്ലെന്നു മുറവിളി കൂട്ടുന്നവർ ഇനിയെങ്കിലും പുനർവിചിന്തനം ചെയ്യണം.

രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണ് അഴിമതിക്കെതിരേ പോരാടുന്ന ട്രാൻസ്പെരൻസി ഇന്റർനാഷണൽ ഇന്ത്യയുടെ പഠനം വെളിപ്പെടുത്തിയത്. 20 സംസ്ഥാനങ്ങളിലെ 356 ഗ്രാമങ്ങളിൽ നടത്തിയ സർവെയിലാണ് ഇക്കാര്യം വ്യക്തമായത്. സാധാരണ സർക്കാർ ഓഫീസുകളിൽ നടക്കുന്ന അഴിമതിയെക്കുറിച്ചായിരുന്നു സർവെ. പൊതുജനങ്ങളുമായി ബന്ധപ്പെടുന്ന കേരളത്തിലെ 11 സർക്കാർ ഓഫീസുകളിൽ അഴിമതി താരതമ്യേന കുറവാണെന്നാണ് കണ്ടെത്തൽ.

കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ സാമ്പത്തിക വളർച്ചയോട് കിടപിടിക്കുന്നതാണെന്നാണ് മാനവശേഷി വികസന റിപ്പോർട്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച ഇപ്പോൾ ശരാശരി 5.8% ശതമാനമാണ്. ദേശീയ ശരാശരി 5.9%. ഉത്പാദനയിതര ആവശ്യങ്ങൾക്ക് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 92 ശതമാനത്തോളം ചെലവഴിക്കുന്നതിനാൽ വികസന പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ലെന്നും സാമ്പത്തിക വളർച്ച മുരടിച്ചിരിക്കുകയാണെന്നുമുള്ള വിമർശനങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. പ്ലാനിംഗ് കമ്മീഷന്റെയും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെയും ആഭിമുഖ്യത്തിലാണ് സംസ്ഥാനത്തെ ആദ്യത്തെ മാനവശേഷി വികസന റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്.

കേരളത്തിന്റെ വികസനമുദ്രകളും അനന്തസാധ്യതകളും കണ്ടെത്തിയ രാഷ്ട്രപതി നിലവിലുള്ള പ്രതിശീർഷ വരുമാനം 23,000 രൂപയിൽനിന്നും 50,000 രൂപയാക്കി മൂന്നു വർഷത്തിനുള്ളിൽ കേരളം നൂറു ശതമാനം സാമ്പത്തിക വളർച്ച നേടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 2010ൽ കേരളം ഒരു വികസിത പ്രദേശമാകുമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. രാഷ്ട്രപതി ഒരിക്കൽ കണ്ട സ്വപ്നദർശനങ്ങളാണ് രാജ്യത്തെ ഇന്ന് ബഹിരാകാശ ഗവേഷണരംഗത്ത് അജയ്യശക്തിയാക്കിയത്. രാഷ്ട്രപതി കേരളത്തെ ഒരു സ്വപ്നത്തിലാക്കിയശേഷമാണ് മടങ്ങിയത്. സർക്കാർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുകയാണ്.


വളരുവാനുള്ള അനന്തസാധ്യതകളുള്ള നാടാണ് നമ്മുടേത്. ഇനി വേണ്ടത് വളരാനുള്ള മനസും ഇച്ഛാശക്തിയുമാണ്. എല്ലാറ്റിനെയും സംശയത്തോടെ വീക്ഷിക്കുകയും അതിനെ വിവാദമാക്കുകയും ചെയ്യുന്ന പരമ്പരാഗതസമീപനം മാറ്റാൻ സമയമായിരിക്കുന്നു. കേരളത്തിൽ കൊച്ചുകൊച്ച് അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ട്. പക്ഷേ, 2010ൽ കേരളം വികസിത സംസ്ഥാനമാകണമെങ്കിൽ വലിയ അത്ഭുതങ്ങൾ തന്നെ സംഭവിക്കണം എന്നതാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നാം പഠിച്ച ഏറ്റവും വലിയ പാഠം. ഒരു നവകേരള സൃഷ്ടിക്കായി കൈകോർക്കാൻ സമയമായിരിക്കുന്നു. ■



ഉപഭൂഖണ്ഡമായ ഇന്ത്യയുടെ സമുദ്രഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മത്സ്യം ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ തീരക്കടലിൽ നിന്നുമാണ്. തെക്കുപടിഞ്ഞാറൻ കടൽത്തീരത്തു സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ മത്സ്യം ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. പ്രതിവർഷം ശരാശരി ആറ് ലക്ഷം ടൺ മത്സ്യമാണ് കേരളത്തിന്റെ തീരക്കടലിൽ നിന്നും നമ്മുടെ മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്നത്. ഇതാകട്ടെ ഇന്ത്യയുടെ മൊത്തം കടൽ മത്സ്യോത്പാദനത്തിന്റെ ഏതാണ്ട് 25 ശതമാനത്തോളം വരും. 2004-05 വർഷത്തിൽ ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത വിവിധ ഇനം മത്സ്യോത്പന്നങ്ങളിൽ 25 ശതമാനത്തിലധികം കേരളത്തിൽ നിന്നുമുള്ളതായിരുന്നു.

കേരളത്തിന് 590 കി.മീറ്റർ നീളമുള്ള കടൽത്തീരമാണുള്ളത്. ഇത് ഇന്ത്യയുടെ മൊത്തം കടൽത്തീരത്തിന്റെ പത്ത് ശതമാനത്തോളം വരും. കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതി 38,863 ചതുരശ്ര കി.മീറ്ററാണ്. എന്നാൽ ഈ സംസ്ഥാനത്തോട് ചേർന്നുള്ള

# മത്സ്യ ആവാ
# ജലപരിസ്ഥി




മത്സ്യസമൃദ്ധമായ തീരക്കടലിന്റെ (കോണ്ടിനെന്റൽ ഷെൽഫ്) മാത്രം വിസ്തൃതി 40,000 ചതുരശ്ര കി.മീറ്ററിലധികം വരും. സംസ്ഥാനത്തിനോട് ചേർന്ന് കരയിൽ നിന്നും 22 കി.മീറ്റർ ദൂരംവരെയുള്ള 13,000 ചതുരശ്ര കി.മീറ്റർ വിസ്തൃതി വരുന്ന കരയോരക്കടൽ (ടെറിട്ടോറിയൽ വാട്ടേഴ്സ്) കേരള സർക്കാരിന്റെ നേരിട്ടുള്ള ഭരണനിയന്ത്രണത്തിലുള്ള കടൽ പ്രദേശമാണ്. ഈ തീരക്കടലിൽ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന 1.8 ലക്ഷം മത്സ്യത്തൊഴിലാളികളുണ്ട്. കടലിനെ മാത്രം ആശ്രയിച്ച് കഴിയുന്ന ഈ തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ മൊത്തം എണ്ണം 8.5 ലക്ഷത്തോളം വരും.

കേരളത്തിൽ മത്സ്യം ലഭിക്കുന്നത് കടലിൽ നിന്ന് മാത്രമല്ല. മത്സ്യസമ്പത്ത് കൊണ്ട് സമൃദ്ധമായ ഉൾനാടൻ ജലാശയങ്ങൾ നിരവധിയുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ തന്നെ ഓരു ജലാശയങ്ങളും (ഉപ്പുവെള്ളം) ശുദ്ധജലാശയങ്ങളുമുണ്ട്. കടലിന് സമാന്തരമായി തീരപ്രദേശത്തോട് ചേർന്ന്, അഴികളിലൂടെയും പൊഴികളിലൂടെയും കടലുമായി ബന്ധപ്പെട്ടു കിടക്കുന്ന 53 കായലുകൾ കേരളത്തിലുണ്ട്. ഉൾനാടൻ ജലാശയങ്ങളുടെ പട്ടികയിൽപ്പെടുന്ന ശുദ്ധജലാശയങ്ങൾ നിരവധിയാണ്. 44 നദികളും 48,000ത്തിലധികം വരുന്ന വിവിധതരം കുളങ്ങളും ടാങ്കുകളും തടാകങ്ങളും 50തിലധികം ജലസംഭരണികളും ഒക്കെക്കൂടി മത്സ്യശേഖരങ്ങളായ ഉൾനാടൻ ജലാശയങ്ങൾ നിരവധിയാണ്.

കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽ മാത്രം മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന 50,000ത്തോളം മത്സ്യത്തൊഴിലാളികളുണ്ട്. ഇവരുൾപ്പെടുന്ന കുടുംബാംഗങ്ങളുടെ എണ്ണം രണ്ട് ലക്ഷത്തിലധികം വരും.

കേരളത്തിന്റെ മത്സ്യമേഖലയെ ആശ്രയിച്ചു കഴിയുന്നത് മത്സ്യത്തൊഴിലാളികൾ മാത്രമല്ല, മത്സ്യക്കച്ചവടത്തിലും മത്സ്യസംസ്കരണത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുള്ള രണ്ട് ലക്ഷത്തോളം തൊഴിലാളികൾ വേറെയുമുണ്ട്. ചുരുക്കത്തിൽ കേരളത്തിന്റെ മത്സ്യമേഖലയെ മാത്രം ആശ്രയിച്ചു കഴിയുന്ന 5 ലക്ഷത്തിലധികം തൊഴിലാളികളും അവരെ മാത്രം ആശ്രയിച്ചു കഴിയുന്ന 15 ലക്ഷത്തിലധികം വരുന്ന അവരുടെ കുടുംബാംഗങ്ങളുമുള്ളതായിക്കാണാം.

മത്സ്യോപയോഗത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റേതു സംസ്ഥാനങ്ങളെക്കാളും മുന്നിലാണ് കേരളം. കേരളത്തിലെ ആളോഹരി മത്സ്യ ഉപഭോഗം 13 കി.ഗ്രാമാണ്. ഇന്ത്യയുടെ മൊത്തം ആളോഹരി മത്സ്യ ഉപഭോഗം മൂന്ന് കി.ഗ്രാമിന് താഴെമാത്രമാണ്. കേരളത്തിൽ 80 ശതമാനത്തിലധികം പേരും മത്സ്യം കഴിക്കുന്നവരാണ്. കേരളത്തിന്റെ വാർഷിക മത്സ്യ ഉപഭോഗം 7.5 ലക്ഷം ടണ്ണാണെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ ഇത്രയും മത്സ്യം കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്നു മാത്രമല്ല ലഭിക്കുന്ന മത്സ്യത്തിന്റെ നല്ലൊരു പങ്ക് കയറ്റുമതി കമ്പോളത്തിലേക്ക് പോകുകയും ചെയ്യുന്നുണ്ട്. പ്രതിവർഷം 3 ലക്ഷം ടണ്ണിലധികം മത്സ്യം മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ആഭ്യന്തര ഉപഭോഗത്തിനായി മാത്രം കൊണ്ടുവരുന്നുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ നിന്നുമാണ് മുഖ്യമായും കേരളത്തിലേക്ക് മത്സ്യം കൊണ്ടുവരപ്പെടുന്നത്.

മുകളിൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ വേണം കേരളത്തിന്റെ മത്സ്യമേഖലയുടെ പ്രാധാന്യം നാം കണക്കിലെടുക്കേണ്ടത്. കടലിലും കായലിലും മറ്റു ജലാശയങ്ങളിലും ഉപജീവനത്തിനായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിയ്ക്കുന്ന തൊഴിലാളികൾ, അവരെ ആശ്രയിച്ചുകഴിയുന്ന അവരുടെ കുടുംബാംഗങ്ങൾ, മത്സ്യക്കച്ചവടം, മത്സ്യസംസ്കരണം, മത്സ്യക്കയറ്റുമതി, മത്സ്യക്കൃഷി തുടങ്ങിയ രംഗങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, മത്സ്യരംഗങ്ങളിലെ വ്യവസായികൾ, മത്സ്യം കഴിക്കുന്നവർ... എന്നിങ്ങനെ ഈ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിക്കുന്നവരെക്കൂടി കണക്കിലെടുക്കുമ്പോൾ മാത്രമേ, ഈ മേഖലയുടെ പ്രസക്തി എത്ര വലുതാണ് എന്ന് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

# ...സവ്യവസ്ഥയും ...ിതിയും

സഞ്ജീവഘോഷ്

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രകൃതിദത്തമായ മത്സ്യമേഖലയുടെ പ്രസക്തി ഇത്രയും പ്രാധാന്യമുള്ളതായിരിക്കെ, ഇന്ന് ഈ മേഖലയുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഉണ്ടായിരിക്കുന്ന ഗുരുതരമായ ചില പ്രശ്നങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ തന്നെ നാം കണക്കിലെടുക്കേണ്ടതുണ്ട്. കേരളത്തിന്റെ മത്സ്യമേഖലയുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിയ്ക്കുന്ന അടിസ്ഥാനപരമായ ചില പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

## പ്രകൃതിദത്തമായ ഉൾനാടൻ ജലാശയങ്ങളുടെ നശീകരണം

കേരളത്തിൽ പ്രകൃതിദത്തമായ നിരവധി ഉൾനാടൻ ജലാശയങ്ങളുണ്ട്. കായലുകൾ, നദികൾ, തടാകങ്ങൾ, തോടുകൾ, കുളങ്ങൾ, വെള്ളക്കെട്ടുകൾ, ചതുപ്പുനിലങ്ങൾ, പുഞ്ചപ്പാടങ്ങൾ, കോൾ നിലങ്ങൾ എന്നിങ്ങനെയുള്ള പ്രദേശങ്ങളാണ് ഉൾനാടൻ മത്സ്യങ്ങളുടെ ആവാസ കേന്ദ്രങ്ങൾ. ഗാർഹികമോ വ്യാവസായികമോ ആയ ആവശ്യങ്ങൾക്കു വേണ്ടിയും ടൂറിസം, വിനോദം, നഗരവത്കരണം, ഭൂപരിഷ്കരണം തുടങ്ങിയ വിവിധതരം പദ്ധതികൾക്കു വേണ്ടിയും ജലാശയങ്ങളും പാടങ്ങളും ചതുപ്പുനിലങ്ങളും കായലുകളും വെള്ളക്കെട്ടുകളുമൊക്കെ വ്യാപകമായ തോതിൽ മണ്ണിട്ടു നികത്തുന്ന പ്രവണത നാൾക്കുനാൾ ഏറിവരികയാണ്. പ്രകൃതിദത്തമായ ഉൾനാടൻ ജലാശയങ്ങൾ വളരെയധികം കരഭൂമിയാക്കി മാറ്റപ്പെട്ടു കഴിഞ്ഞു. 55,000 ഹെക്ടർ വിസ്തൃതി ഉണ്ടായിരുന്ന കേരളത്തിലെ കായലുകളുടെ വിസ്തൃതി ഇപ്പോൾ 32000 ഹെക്ടർ മാത്രം ആയി ചുരുങ്ങിയിരിക്കുന്നു എന്നാണ് ചില സമീപകാല കണക്കുകൾ സൂചിപ്പിക്കുന്നത്. മണ്ണിട്ടു മൂടി കരഭൂമിയാക്കി മാറ്റിയ കുളങ്ങളുടെയും പാടങ്ങളുടെയും ചതുപ്പുകളുടെയും മറ്റും അനുമാന കണക്കുകൾ പോലും ലഭ്യമല്ല. വെള്ളക്കെട്ടുകളും ജലാശയങ്ങളും മണ്ണിട്ടു നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചു വരികയാണ്. കായലുകളുടെയും തടാകങ്ങളുടെയും മറ്റു ജലാശയങ്ങളുടെയും വിസ്തൃതിയിൽ മാത്രമല്ല ആഴത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ജലാശയങ്ങളുടെ വിസ്തൃതിയിലും ആഴത്തിലും ഉണ്ടായിട്ടുള്ള ഈ കുറവ് മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും അവയുടെ വളർച്ചയ്ക്കും ലഭ്യതയ്ക്കും പ്രതികൂലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്ന വസ്തുത നാം ഇനിയെങ്കിലും അറിയേണ്ടിയിരിക്കുന്നു.

## മത്സ്യ ആവാസവ്യവസ്ഥയുടെയും ജലപരിസ്ഥിതിയുടെയും തകർച്ച

കേരളത്തിലെ എല്ലാ ജലാശയങ്ങളും ഒരേ പരിസ്ഥിതി പ്രദാനം ചെയ്യുന്നവയല്ല. അവയിലെ മത്സ്യ ആവാസവ്യവസ്ഥയും വ്യത്യസ്തങ്ങളാണ്. പശ്ചിമഘട്ട പർവതനിരകളിലെ മലമടക്കുകളിൽ കാണുന്ന ഷോല വനങ്ങളിൽ നിന്നുത്ഭവിക്കുന്ന നീർച്ചാലുകളിലും ചെറുപുഴകളിലും കണ്ടുവരുന്ന മത്സ്യങ്ങളും കക്കകളും കൊഞ്ചുകളും ഞണ്ടുകളും ഒക്കെ സമതലങ്ങളിലെ പുഴകളിലും നദികളിലും തടാകങ്ങളിലും കാണുന്നവയിൽ നിന്നും വ്യത്യസ്തമാണ്. ഊഷ്മാവ് കുറഞ്ഞ നീർച്ചോലകളിലെ ശീതജലത്തിൽ കാണുന്ന ഇത്തരം മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ വളരെയേറെ പ്രത്യേകതകളുള്ളതാണ്. അവ ഏറിയ പങ്കും വൈവിദ്ധ്യമാർന്നതും വർണഭംഗിയുള്ളതുമായ അലങ്കാര മത്സ്യങ്ങളാണ്. മഹസീർ, ട്രൗട്ട് തുടങ്ങിയ പ്രധാനപ്പെട്ട ശീതജലമത്സ്യങ്ങളും ഈ പ്രദേശങ്ങളിലാണ് കാണുന്നത്. വർദ്ധിച്ച തോതിലുള്ള വനനശീകരണവും കാപ്പി, തേയില, ഏലം, റബ്ബർ തുടങ്ങിയ നാണ്യവിളകൾക്കു വേണ്ടി വനം തെളിച്ചുള്ള എസ്റ്റേറ്റുകളുടെ നിർമാണവും വ്യാപകമായ തോതിലുള്ള കീടനാശിനി പ്രയോഗവും മൂലം ഈ വിശിഷ്ട മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയും നിലനിൽപ്പും തന്നെ ഇന്ന് പാടെ തകർക്കപ്പെട്ടിരിക്കുകയാണ്.

നദികൾക്കു കുറുകെ ഡാമുകളും ബണ്ടുകളും ബാരിയറുകളും സൃഷ്ടിച്ച് ജലത്തിന്റെ ഒഴുക്കും ഗതിയും തടഞ്ഞതോടെ മിക്ക നദികളിലെയും ദേശാടന സ്വഭാവമുള്ള മത്സ്യങ്ങൾക്ക് വംശനാശം തന്നെ സംഭവിച്ചു കഴിഞ്ഞു. അനിയന്ത്രിതമായ തോതിലുള്ള മണൽവാരൽ പല നദികളിലും വരൾച്ച ഉണ്ടാക്കിയതു മൂലം പല വിശിഷ്ടതരം മത്സ്യങ്ങളും ഇല്ലാതാകുകയുണ്ടായി. നദികൾക്കും കായലുകൾക്കും കുറുകെ നിർമിച്ച 300ലധികം വരുന്ന ഓരുജല നിർമാർജന 'ഷട്ടറു'കളും 'ബണ്ടു'കളും 'ബാരിയറു'കളും ഈ ജലാശയങ്ങളുടെ പ്രകൃതിദത്തമായ സ്വഭാവ വിശേഷങ്ങളെയും അവയെ ആശ്രയിച്ചു ജീവിക്കുന്ന പല മത്സ്യങ്ങളുടെയും മറ്റു ജല ജീവികളുടെയും ജീവിതചംക്രമണത്തെയും പ്രത്യുത്പാദനപ്രക്രിയകളെയും പാടെ തകർക്കുന്ന തരത്തിലുള്ളതായിരുന്നു. ഇവ മൂലം തീരദേശ പരിസ്ഥിതിയ്ക്കുണ്ടായിട്ടുള്ള നഷ്ടം ഒരിക്കലും നികത്താനാവുന്നതല്ല. 15 ലധികം ഇനം മത്സ്യങ്ങൾക്ക് ഇവ മൂലം ഇപ്പോൾത്തന്നെ വംശനാശം സംഭവിച്ചുകഴിഞ്ഞതായി കണക്കാക്കപ്പെടുന്നു.

കേരളത്തിലെ വിശാലമായ പാടശേഖരങ്ങൾക്കു ചുറ്റും ഉണ്ടായിരുന്ന ആയിരക്കണക്കിന് കുളങ്ങൾ നാം ഇല്ലാതാക്കിയിട്ടുണ്ട്. ഈ കുളങ്ങളും അവയിൽ നിന്നുള്ള നീർച്ചാലുകളും അവയുമായി ബന്ധപ്പെട്ടു കിടന്നിരുന്ന വിശാലമായ നെൽപ്പാടങ്ങളും പ്രത്യേകമായ ഒരു മത്സ്യ ആവാസവ്യവസ്ഥ നിലനിർത്തിയിരുന്നു. ഈ ആവാസവ്യവസ്ഥയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന മറ്റനേകം ജീവികളുമുണ്ടായി



രുന്നു. ഇവയിൽ ഭൂരിപക്ഷവും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കാരി, കൂരി, കടു, മുഷി, പരൽ, വരാൽ, വാക, കൈതക്കോര, തേഡ്, വ്ളാങ്, മാനത്തുകണ്ണി, ആരകൻ തുടങ്ങിയ മുപ്പതിലധികം നാടൻ മത്സ്യങ്ങൾ നെൽപ്പാടങ്ങളെയും ചുറ്റുമുള്ള കുളങ്ങളെയും മാത്രം ആശ്രയിച്ചു ജീവിക്കുന്നവയാണ്. ഇവയിൽ ഭൂരിപക്ഷവും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങളിലെ കീടനാശിനിപ്രയോഗവും രാസവളമിടീലും ആണ് ഇതിന് മുഖ്യകാരണം. നെൽക്കീടങ്ങളെയും പ്രാണികളെയും അട്ടകളെയും മറ്റും പ്രകൃത്യാ തിന്നൊടുക്കിയിരുന്നത് ഈ നാടൻ മത്സ്യങ്ങളായിരുന്നു. ഈ മത്സ്യങ്ങളിൽ മിക്കവയും വെള്ളമില്ലാത്ത അവസ്ഥയിൽ ചെളിയിൽ കിടന്നുകൊണ്ട് അന്തരീക്ഷവായു നേരിട്ട് ശ്വസിക്കാൻ കഴിവുള്ള വിശേഷതരം മത്സ്യങ്ങളായിരുന്നു. ഇത്തരം നാടൻ മത്സ്യങ്ങൾ മാത്രമല്ല നഷ്ടമായത്, നീർക്കോലി, നത്തയ്ക്ക, വയലൊച്ച്, കുളയട്ട, മണ്ണിര തുടങ്ങിയ എത്രയോ ജീവികളെ നഷ്ടപ്പെടുത്തുകയാണ് ഇപ്പോൾ നാം ചെയ്യുന്നത്.

### തീരപ്രദേശത്തെ മംഗളവനങ്ങളുടെ നശീകരണം

കടലോരങ്ങളിലും അഴി-പൊഴി പ്രദേശങ്ങളിലും കായലുകളിലും കായൽത്തീര ചതുപ്പുകളിലും നദീമുഖങ്ങളിലും, കായൽത്തുരുത്തുകളിലും ഒക്കെ വ്യാപിച്ചു കിടക്കുന്ന നിബിഡമായ സസ്യവ്യൂഹമാണ് പൊതുവെ 'തീരവനങ്ങൾ' അഥവാ 'മംഗളവനങ്ങൾ' എന്നറിയപ്പെടുന്നത്. അഴിമുഖപ്രദേശങ്ങളിലെ ലവണാംശം കലർന്ന ചെളിക്കെട്ടുകളിലും നദീമുഖത്തെ എക്കൽ പ്രദേശങ്ങളിലും കായലോരങ്ങളിലെ നീർപ്പാടങ്ങളിലും ചതുപ്പുനിലങ്ങളിലും ചേറുകളിലും വളരുന്ന വൈവിധ്യമാർന്ന മരങ്ങളും കണ്ടലുകളും ചെടികളും നീർത്തട സസ്യങ്ങളും പോളകളും പുല്ലുകളും പായലുകളും പ്ലവകങ്ങളും ഒക്കെ കൂടിയ പ്രദേശമാണ് ഈ 'മംഗളവനങ്ങൾ'. ഈ പ്രദേശത്തെ പൊതുവെ 'കണ്ടൽക്കാടുകൾ' എന്നും പറയാറുണ്ട്. കേരളത്തിൽ കായലുകളും അവയ്ക്കുചുറ്റുമുള്ള ലവണജലപ്രദേശങ്ങളും ഒക്കെക്കൂടി ചേർന്ന 2,42,600 ഹെക്ടർ മംഗളവന പ്രദേശങ്ങളുണ്ടായിരുന്നു എന്നാണ് പൂർവകാലരേഖകൾ കാണിക്കുന്നത്. ഇന്നാകട്ടെ ഇത് വെറും 65,200 ഹെക്ടർ മാത്രമാണ്. അതിൽത്തന്നെ കായലുകളും തോടുകളും കൂടി 42,000 ഹെക്ടർ ആണെന്ന് കണക്കാക്കുന്നു. മംഗളവനങ്ങളാകട്ടെ അങ്ങിങ്ങു കാണുന്ന ചെറു 'കണ്ടൽക്കാടുകൾ' മാത്രമായി ചുരുങ്ങിയിരിക്കുന്നു. സമീപകാല കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ഇപ്പോൾ വെറും 2,000 ഹെക്ടറിൽ താഴെ മാത്രമേ കണ്ടൽക്കാടുകൾ ഉള്ളൂ എന്നാണ്. ആത്യന്തികമായി പറയുകയാണെങ്കിൽ ഈ പരിസ്ഥിതിവ്യൂഹത്തിനുണ്ടായ നാശം കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് കനത്ത ആഘാതമാണേല്പിച്ചിട്ടുള്ളത്. ഇത് കായലുകളിലെ മാത്രമല്ല കടലിലെയും നദികളിലെയും മത്സ്യസമ്പത്തിന്റെ നിലനില്പ്പിനെത്തന്നെ വളരെയധികം തകർത്തിട്ടുണ്ട്.



**മംഗളവനങ്ങൾ അങ്ങിങ്ങു കാണുന്ന ചെറു കണ്ടൽക്കാടുകൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. സമീപകാല കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ഇപ്പോൾ വെറും 2,000 ഹെക്ടറിൽ താഴെ മാത്രമേ കണ്ടൽക്കാടുകൾ ഉള്ളൂ എന്നാണ്. ആത്യന്തികമായി പറയുകയാണെങ്കിൽ ഈ പരിസ്ഥിതി വ്യൂഹത്തിനുണ്ടായ നാശം കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് കനത്ത ആഘാതമാണേല്പിച്ചിട്ടുള്ളത്. ഇത് കായലുകളിലെ മാത്രമല്ല കടലിലെയും നദികളിലെയും മത്സ്യസമ്പത്തിന്റെ നിലനില്പിനെത്തന്നെ വളരെയധികം തകർത്തിട്ടുണ്ട്.**

### ഉൾനാടൻ ജലാശയങ്ങളിലെയും തീരക്കടലിലെയും അമിത മത്സ്യബന്ധനം

ഉൾനാടൻ ജലാശയങ്ങളിലും തീരപ്രദേശത്തെ കായലുകളിലും തീരക്കടലിലും ഇന്ന് അമിതമായ തോതിലുള്ള മത്സ്യബന്ധനമാണ് നടക്കുന്നത്. കുളങ്ങളിലും നദികളിലും തോടുകളിലും തടാകങ്ങളിലും പാടശേഖരങ്ങളിലും ധാരാളമായി ഉണ്ടായിരുന്ന നാടൻ മത്സ്യങ്ങൾ പലതും അമിത മത്സ്യബന്ധനം മൂലം നാമാവശേഷമായിക്കഴിഞ്ഞു. അവശേഷിക്കുന്ന പല മത്സ്യങ്ങളും ഇപ്പോൾ വംശനാശഭീഷണി നേരിടുകയുമാണ്. അമിതമായ തോതിലുള്ള മത്സ്യബന്ധനം മൂലം ചെറുമത്സ്യങ്ങൾ പോലും പിടിച്ചെടുക്കപ്പെടുകയാണ് ഇപ്പോൾ.

കായലുകളിലും മത്സ്യബന്ധനം ക്രമാതീതമായിട്ടുണ്ട്. രാവും പകലും ഒരുപോലെ അമിത മത്സ്യബന്ധനം നടക്കുന്ന ജലാശയങ്ങളായി കായലുകൾ മാറിയിട്ടുണ്ട്. കായലുകളിൽ സർക്കാർ ലൈസൻസ് നൽകി അധികൃതമായി അനുവദിച്ചിട്ടുള്ളതിന്റെ മൂന്നിരട്ടിയിലധികം അനധികൃത ഊന്നി-ചീന വലകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട് എന്ന വസ്തുത പല വിദഗ്ധകമ്മിറ്റികളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മീനും ചെമ്മീനും മറ്റു മത്സ്യങ്ങളും പറ്റുകണ്ണി വലകളുപയോഗിച്ച് അരിച്ചു പിടിക്കുന്ന പ്രവണതയാണ് പരക്കെ കണ്ടുവരുന്നത്. കായലുകളിലെ അമിതമായ മത്സ്യബന്ധനം മൂലം നദികളിലും കടലിലും മത്സ്യസമ്പത്തിന് കുറവുണ്ടാകുന്നുണ്ട് എന്ന വസ്തുത ഇനിയെങ്കിലും നാം മനസ്സിലാക്കേണ്ടതുണ്ട്.

തീരക്കടൽ മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ വ്യാപകമായ തോതിൽ അമിത ചൂഷണം നടന്നു കഴിഞ്ഞു. കടൽ മത്സ്യസമ്പത്ത് നാൾക്കുനാൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ തീരക്കടലിലെ മത്സ്യബന്ധനരംഗം പരമ്പരാഗത മത്സ്യത്തൊഴിലാളികളും മത്സ്യവ്യവസായികളും തമ്മിലുള്ള മത്സരവേദിയായി മാറിക്കഴിഞ്ഞു. ഏതുവിധേനയും കൂടുതൽ മത്സ്യം പിടിച്ചെടുക്കുവാനുള്ള വ്യഗ്രതയാണ് ഇരുകൂട്ടരും കാട്ടുന്നത്. കടലിൽ നിന്നും മുമ്പ് കിട്ടിക്കൊണ്ടിരുന്ന പത്തിലധികം മത്സ്യ ഇനങ്ങൾ ഇന്ന് കിട്ടാതായിട്ടുണ്ട്. പലതും വംശനാശഭീഷണി നേരിടുകയുമാണ്. കടൽമത്സ്യബന്ധനരംഗത്ത് കർശനമായ നിരോധനങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുവാൻ ഇനിയും വൈകരുതെന്ന് പല വിദഗ്ദ്ധ കമ്മിറ്റികളും നിർദേശിച്ചിട്ടുണ്ട്. എന്നാൽ അവ വേണ്ടത്ര നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

# കുളങ്ങളെ സമ്പന്നമാക്കുന്ന അസോള



ഡോ. കെ. എൻ. മല്ലിനാഥൻ

ജലോപരിതലങ്ങളെ ഹരിതമനോഹരവും സമ്പന്നവുമാക്കുന്ന ഒരു തരം പായലാണ് അസോള (Azolla). ജലോപരിതലത്തോട് ചേർന്ന് ത്രികോണാകൃതിയിലോ ബഹുഭുജാകൃതിയിലോ ശാഖോപശാഖകളായി കിടക്കുന്ന കാണ്ഡവും കൂടി വന്നാൽ ഒന്നര സെന്റി മീറ്റർ വ്യാസത്തിൽ ചെറിയ ഇലകളും മൂന്ന് സെന്റിമീറ്റർ താഴെ വരെയെത്തുന്ന മൃദുല മൂലങ്ങളും - ഇത്രയുമാണ് അസോളയ്ക്കുള്ളത്.

സ്വന്തം പറമ്പിലുള്ള കൊച്ചു ജലാശയങ്ങളിലെ മറ്റു പായലുകളെ എന്ന പോലെ അസോളയെയും പലരും അവഗണിക്കുകയാണ് ചെയ്യുന്നത്. അത് തന്നെ കുളത്തിലടിയാൻ വിടുകയോ വാരിക്കളയുകയോ ചെയ്യുന്നു. മറ്റു ചില പായലുകളെപ്പോലെ ഇത് കൊതുകുകളുടെ വർദ്ധനവിന് കാരണമാകുന്നില്ല. ഈ പായലുകൾ മനുഷ്യന് പലതരത്തിൽ പ്രയോജനകരമാണെന്ന് ഇപ്പോൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

സസ്യജാലങ്ങൾക്കുവേണ്ട മുഖ്യപോഷണ മൂലകങ്ങളായ NPK (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) പ്രത്യേകിച്ച് നൈട്രജൻ സമൃദ്ധമായൊരു വളമാണിത്. ഇതിന്റെ ഇലകളുടെ മധ്യഭാഗത്തായി പാർക്കുന്ന അനാബീന അസോള (Anabeeba azolla) എന്ന ഒരുതരം നീല ഹരിതപ്പായലിന്റെ (സയാനോബാക്ടീരിയ) സാന്നിദ്ധ്യമാണ് ഇതിനെ നൈട്രജൻ സമ്പന്നമാക്കുന്നത്. അവയിലെ പ്രത്യേകതരം കോശങ്ങൾക്ക് (Heterocyst) അന്തരീക്ഷത്തിൽ നിന്ന് നൈട്രജൻ സംഭരിച്ച് സൂക്ഷിക്കാൻ കഴിവുണ്ട്. കൂടാതെ മറ്റ് പല പോഷ

### തീരക്കടലിന്റെ അടിത്തട്ടിലെ ജൈവാവസ്ഥയുടെ തകർച്ച

കേരളത്തിന്റെ തീരക്കടൽ വളരെയേറെ ജൈവ സംപുഷ്ടമാണെന്നാണ് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിന്റെ തീരക്കടലിൽ കാണുന്ന നൂറിലധികം മത്സ്യയിനങ്ങളിൽ ഏറിയ പങ്കും വാണിജ്യപ്രാധാന്യമുള്ളവയാണ്. തീരക്കടലിന്റെ ക്രമാനുഗതമായ ചരിവും അടിത്തട്ടിലെ നിസ്തുലമായ ജൈവ ആവാസവ്യവസ്ഥയുമാണ് ഈ കടലിനെ ഇത്രയും ഉത്പാദനക്ഷമമാക്കിയിട്ടുള്ളത്. രണ്ടു മഴക്കാലങ്ങളും (മൺസൂൺമഴകൾ) കടലിന്റെ തീരത്തോടു ചേർന്നുള്ള ചെളി മണൽ പ്രദേശങ്ങളും അവിടത്തെ എക്കൽ നിറഞ്ഞ ജൈവ ആവാസവ്യവസ്ഥകളും ഒക്കെക്കൂടി നൽകുന്ന നിസ്തുലമായതും വൈവിധ്യമാർന്നതുമായ മത്സ്യസമ്പത്ത് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. 'ചാകര' പോലുള്ള പ്രതിഭാസങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഇതൊക്കെ ആണെങ്കിലും ഈ കടൽ പ്രദേശങ്ങളുടെ ജൈവോത്പാദനക്ഷമതയെയും മത്സ്യസമ്പത്തിനെയും പാടെ നശിപ്പിക്കുന്ന തരത്തിലുള്ള പല പ്രക്രിയകളും കടലിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. നിരന്തരമായി കടലിന്റെ അടിത്തട്ടിൽ നടത്തുന്ന 'ട്രോളിംഗ്' രീതിയിലുള്ള മത്സ്യബന്ധനം, കരിമണൽ (ധാതുമണൽ) പോലുള്ള ധാതുനിക്ഷേപങ്ങൾ മാത്രം ലക്ഷ്യമാക്കി നടത്തുന്ന അശാസ്ത്രീയവും മുൻകരുതലുകളില്ലാത്തതുമായ 'മണൽ ഡ്രഡ്ജിംഗ്', കപ്പൽചാലുകൾക്ക് വേണ്ടിയും തുറമുഖ വികസനത്തിന് വേണ്ടിയും ഒരുവിധ പഠനങ്ങളും പരീക്ഷണങ്ങളും നടത്താതെ നടത്തുന്ന യന്ത്രവത്കൃത മണൽഖനനം തുടങ്ങിയ നിരവധി പ്രക്രിയകൾ കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്തിന്റെ നിലനില്പിനെത്തന്നെ തകർത്തിട്ടുണ്ട്. തീരക്കടലിലെ കരിമണൽഖനനം പോലുള്ള ദീർഘവീക്ഷണമില്ലാത്ത അശാസ്ത്രീയ പരിപാടികൾ മൂലം കടലിന്റെ അടിത്തട്ടിലെ ജൈവ ആവാസവ്യവസ്ഥ തകർക്കുക മാത്രമല്ല ചെയ്യുന്നത്; തിരകളുടെയും കടലൊഴുക്കുകളുടെയും 'ഗതിവിഗതികളെ'യും അവയുടെ 'വേഗവും ശക്തിയും' നിയന്ത്രിക്കുന്ന ഘടകങ്ങളെയും മാറ്റിമറിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ 'സുനാമി' പോലുള്ള 'കൊടുംതിരകൾ' കൂടുതൽ കെടുതികൾ വിതച്ചത് 'തീരക്കടൽ മണൽ ഖനനം' നടത്തുന്ന പ്രദേശങ്ങളിലാണ് എന്ന വസ്തുത നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. യന്ത്രവത്കൃത ഡ്രഡ്ജിംഗിലൂടെ തീരക്കടലിലെ മണൽത്തിട്ടകൾ ഇല്ലാതായതുമൂലം സമീപത്തുള്ള കരപ്രദേശങ്ങൾ ഇടിഞ്ഞു പോകുകയോ കടലെടുക്കുകയോ ചെയ്തിട്ടുണ്ട് എന്ന വസ്തുതയും നാമറിയേണ്ടതുണ്ട്.

**6. ജലമലിനീകരണം**

ജലമലിനീകരണം ഒരു സ്വാഭാവിക വസ്തുത എന്ന നിലയിലാണ് ഇന്ന് പൊതുവെ കാണപ്പെടുന്നത്. ഏതുതരം പാഴ്‌വസ്തുക്കളായാലും വിസർജ്യങ്ങളായാലും അന്തിമമായി തള്ളപ്പെടുന്നത് ജലാശയങ്ങളിലാണ്. പുഴകളും നദികളും തടാകങ്ങളും തോടുകളും കായലുകളും പാടശേഖരങ്ങളുമെല്ലാം ജലമലിനീകരണത്തിനു വിധേയമായിക്കഴിഞ്ഞു.

പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലെയും അഴുക്കുചാലുകളും ഓടകളും വന്നു ചേരുന്നത് സമീപത്തുള്ള നദികളിലോ കായലുകളിലോ ആണ്. മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ഫലപ്രദമായ സമ്പ്രദായങ്ങളെവിടെയുമില്ല. കെമിക്കൽ ഫാക്ടറികളിൽ നിന്നും മറ്റു വ്യവസായ ശാലകളിൽ നിന്നും പുറത്തേയ്ക്കൊഴുകുന്ന മലിനജലവും രാസവസ്തുക്കളും മറ്റ് പാഴ്‌വസ്തുക്കളും കൂടുതലായി വന്നു ചേരുന്നത് പുഴകളിലും കായലുകളിലുമാണ്. തടാകങ്ങളിലും പുഴകളിലും തോടുകളിലും കായലുകളിലുമൊക്കെ ഇന്ന് പരക്കെ ഉപയോഗിക്കുന്ന യന്ത്രവത്കൃത വള്ളങ്ങളും ബോട്ടുകളും ജലാശയങ്ങളെ പാടെ മലിനപ്പെടുത്തുന്നു. ഇതിനു പുറമെ ടൂറിസം വികസ




കമൂലകങ്ങളും അസോളയിലുണ്ട്. 100 ഗ്രാം ഉണക്കിയെടുത്ത പായലിലെന്തൊക്കെയുണ്ടെന്ന് നോക്കൂ:-

നൈട്രജൻ 4-6 ഗ്രാം
ഫോസ്ഫറസ് 0.5 ഗ്രാം
മഗ്നീഷ്യം 0.45 ഗ്രാം
കാത്സ്യം 0.35 - 09 ഗ്രാം
പൊട്ടാസ്യം 2-6 ഗ്രാം
മാംഗനീസ് 0.11 ഗ്രാം

ഇവ കൂടാതെ വളർച്ചയ്ക്കാവശ്യമായ ചില ഹോർമോണുകളുമടങ്ങിയിട്ടുണ്ട്. ഇതൊരു നല്ല ജൈവവളം-പച്ചില വളമാണെന്നർത്ഥം. വളരെവേഗം ഇത് ചെടികൾക്കും മറ്റും സ്വീകരിച്ച് സ്വശരീരഭാഗമാക്കാനും കഴിയുന്നു. ഇത് മണ്ണിൽ കലർത്തി ചെടിത്തടത്തിലിട്ടു കൊടുത്താൽ ഒരാഴ്ച കഴിയുമ്പോൾ ത്തന്നെ ചെടികളിൽ പുഷ്ടി പ്രകടമാക്കുന്നു. ഇതുകൊണ്ട് രാസവളങ്ങളുടെയും മറ്റു ജൈവളങ്ങളുടെയും ഉപയോഗം ഒഴിവാക്കാം.

ഈ പായലിൽ 35% മാംസ്യാംശം (Protein) ഉള്ളതുകൊണ്ട് മനുഷ്യന്റെ ഭക്ഷണ വിഭവങ്ങളിൽ കൂടുതൽ സ്ഥാനം കിട്ടാനിതിനർഹതയുണ്ട്; നേരിട്ടും അല്ലാതെയും. ഇത് പലഹാരങ്ങളിലും കറികളിലും ചേർക്കാവുന്നതാണ്. അല്ലെങ്കിൽ മത്സ്യത്തീറ്റ, കോഴിത്തീറ്റ, കാലിത്തീറ്റ മുതലായവയുടെ ഭാഗമാക്കാം. കുളത്തിൽ വളർത്തുന്ന പല മത്സ്യങ്ങളും ഇതാഹാരമാക്കുന്നു. (ചില മത്സ്യങ്ങൾക്ക് ഇതിന്റെ പോഷകഗുണം മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു, അവ ഇത് ഭക്ഷിക്കാറില്ല!)

പ്രധാനമായും ഏഴ് തരം അസോളസ്പീഷീസുണ്ട്. അവയിൽ അസോളപിന്നേറ്റ, അസോള മൈക്രോഫില്ല എന്നിവയാണ് കൃഷിക്കുപയോഗിക്കുന്നത്.

### അസോള വളർത്തൽ

വീട്ടുപറമ്പിലെ കുളങ്ങളിലോ തോടുകളിലോ കൃത്രിമമായി ഉണ്ടാക്കുന്ന ജലശേഖരങ്ങളിലോ അസോള വളർത്താം. കുളങ്ങളിലും മറ്റും പ്രയത്നമൊന്നും കൂടാതെ തന്നെ ഇത് വളരാം; രണ്ടു-മൂന്നു ദിവസം കൂടുമ്പോൾ ഭാഗികമായി വാരിയെടുത്ത് ഉപയോഗിക്കാം; വീണ്ടും കുളം നിറയും. പുതുതായി അസോള കൃഷി ചെയ്യുന്നതിനും ഒരു ചതുരശ്ര മീറ്ററിന് 400 ഗ്രാം അസോള മതിയാകും. വെള്ളത്തിൽ ചാണകം (250 ഗ്രാം) ഫോസ്ഫറസ് (5 ഗ്രാം) പൊട്ടാഷ് (0.5 ഗ്രാം) എന്നിവ ചേർത്താൽ വളർച്ച ത്വരിതപ്പെടും. (കുളങ്ങളിൽ കീടനാശിനി ഒഴിവാക്കണം.) 20 ദിവസം കൊണ്ട് ആറിരട്ടിയാകും. ഒരു ഹെക്ടറിൽ 30 കിലോഗ്രാം നൈട്രജൻ ലഭ്യമാകും. കല്ലും സിമന്റും ഉപയോഗിച്ചോ പ്ലാസ്റ്റിക് ഷീറ്റുകൾ അടിത്തട്ടിലിട്ടോ കൃത്രിമ ജലശേഖരങ്ങൾ പായൽക്കൃഷിക്ക് വേണ്ടി തയ്യാറാക്കാം. അടിത്തട്ടിൽ ആദ്യം കുറച്ച് മണ്ണുനിറയ്ക്കണം.

നെൽക്കൃഷിക്ക് അസോള പച്ചിലവള

▶▶

നത്തിനു വേണ്ടിയും മറ്റു ജലവിനോദങ്ങൾക്കായും ജലാശയങ്ങൾ നാം നിർദാക്ഷിണ്യം മലിനപ്പെടുത്താറുണ്ട്. കേരളത്തിലെ ചില ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യം മലിനീകരണം മൂലം പൂർണമായും ആഹാരയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട് എന്ന വസ്തുതയും നാമറിയേണ്ടതുണ്ട്.

കേരളത്തിന്റെ തീരക്കടലിലും ജലമലിനീകരണം വളരെ ഗൗരവമുള്ളതായി മാറിക്കഴിഞ്ഞു. തീരപ്രദേശത്തോടടുത്തുള്ള മിക്ക നഗരങ്ങളിലും ഖര-ദ്രവ മാലിന്യങ്ങൾ ബഹുഭൂരിപക്ഷവും ഒഴുകിയെത്തുന്നത് തീരക്കടലിലാണ്. തീരക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന ആയിരക്കണക്കിന് യന്ത്രവത്കൃത മത്സ്യബന്ധന വള്ളങ്ങളും ബോട്ടുകളും പുറംതള്ളുന്ന എല്ലാവിധ മാലിന്യങ്ങളും ജലത്തിൽ ലയിക്കുകയോ അടിത്തട്ടിൽ അടിഞ്ഞുകൂടുകയോ ആണ് ചെയ്യുന്നത്. കപ്പലുകളിൽ നിന്നും ഓയിൽ ടാങ്കറുകളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളും തിരകളിൽ പെട്ട് തീരക്കടലിലാണ് എത്തിച്ചേരുന്നത്.

കേരളത്തിലെ ജലാശയങ്ങൾ ഏതാണ്ട് 80 ശതമാനവും ജലമലിനീകരണത്തിന് വിധേയമാകുന്നുണ്ട്. ഇത് അത്യന്തം ഗൗരവമേറിയ കാര്യമാണ്. ഇതേക്കുറിച്ച് പൊതുജനങ്ങൾ ഇനിയും വേണ്ടത്ര ബോധമുള്ളവരായിട്ടില്ല എന്നുള്ള വസ്തുതയും വളരെയേറെ ഗൗരവത്തോടെ കണക്കിലെടുക്കേണ്ടതുണ്ട്.

ജലമലിനീകരണം തടയുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി നിയമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട് 1976, വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ സെസ്സ് ആക്ട് 1977, എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് 1986 തുടങ്ങിയ നിയമങ്ങൾ നിലവിലുണ്ട്. ജലമലിനീകരണം തടയുന്നതിനും ഉൾനാടൻ ജലാശയങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനും അവയുടെ സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും പര്യാപ്തമായ ധാരാളം വ്യവസ്ഥകൾ ഈ നിയമങ്ങളിലുണ്ട്.

തീരക്കടലിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും കടൽ ജലമലിനീകരണം തടയുന്നതിനും വേണ്ടി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് കേന്ദ്രസർക്കാർ 1991-ൽ പുറപ്പെടുവിച്ച തീരദേശനിയന്ത്രണ മേഖല (സി. ആർ. ഇസഡ്) വിജ്ഞാപനം വളരെ പ്രധാനപ്പെട്ടതാണ്. കടലിനോട് ചേർന്നുള്ള 500 മീറ്റർ കരപ്രദേശത്തെ സ്വാഭാവിക പരിസ്ഥിതി നിലനിർത്തുന്നതിനും തീരക്കടൽ മലിനമാകാതെ സംരക്ഷിക്കുന്നതിനും തീരദേശത്തെ വികസനപ്രവർത്തനങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. അതുപോലെ തന്നെ തീരക്കടൽ ജല പരിസ്ഥിതി സംരക്ഷിക്കുന്നതിനും തീരക്കടലിലെ മത്സ്യസമ്പത്തും മറ്റ് ജൈവ-അജൈവ സമ്പത്തുകളും നശിക്കാതെ നിലനിർത്തുന്നതിനും വേണ്ടി 1995-ൽ കേന്ദ്രസർക്കാർ സമുദ്രനിയന്ത്രണമേഖല (ഒ.ആർ.ഇസഡ്) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കരട് തയ്യാറാക്കുകയുണ്ടായി. (10 വർഷങ്ങൾ പിന്നിട്ടിട്ടും ഒ.ആർ.ഇസഡ് നിയമം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടില്ല എന്ന വസ്തുത ആ നിയമത്തിനെതിരെ പ്രവർത്തിക്കുന്ന നിക്ഷിപ്ത താത്പര്യക്കാരുടെ ശ്രമഫലമാണെന്ന് പരക്കെ ആക്ഷേപങ്ങളുണ്ട്).

മത്സ്യമേഖലയുടെ പ്രാദേശിക സ്വഭാവങ്ങൾ കണക്കിലെടുത്ത് കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൂടി ഈ നിയമങ്ങളുടെ കർശനമായ നടത്തിപ്പിനുള്ള അധികാരങ്ങൾ നൽകേണ്ടതുണ്ട്. പ്രാദേശികഭരണകൂടങ്ങളുടെ അധികാര പരിധിയിൽ പെടുന്ന എല്ലാ ജലാശയങ്ങളും നശിക്കാതെ സംരക്ഷിക്കുന്നതിനും അവ പ്രദാനം ചെയ്യുന്ന മത്സ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഉത്പാദനക്ഷമമായ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.



# കുളങ്ങളെ സമ്പന്നമാക്കുന്ന അസോള

ഡോ. കെ. എൻ. മല്ലിനാഥൻ

ജലോപരിതലങ്ങളെ ഹരിതമനോഹരവും സമ്പന്നവുമാക്കുന്ന ഒരുതരം പായലാണ് അസോള (Azolla). ജലോപരിതലത്തോട് ചേർന്ന് ത്രികോണാകൃതിയിലോ ബഹുഭുജാകൃതിയിലോ ശാഖോപശാഖകളായി കിടക്കുന്ന കാണ്ഡവും കൂടി വന്നാൽ ഒന്നര സെന്റിമീറ്റർ വ്യാസത്തിൽ ചെറിയ ഇലകളും മൂന്ന് സെന്റിമീറ്റർ താഴെ വരെയെത്തുന്ന മൃദുല മൂലങ്ങളും - ഇത്രയുമാണ് അസോളയ്ക്കുള്ളത്.

സ്വന്തം പറമ്പിലുള്ള കൊച്ചു ജലാശയങ്ങളിലെ മറ്റു പായലുകളെ എന്ന പോലെ അസോളയെയും പലരും അവഗണിക്കുകയാണ് ചെയ്യുന്നത്. അത് തന്നെ കുളത്തിലടിയാൻ വിടുകയോ വാരിക്കളയുകയോ ചെയ്യുന്നു. മറ്റു ചില പായലുകളെപ്പോലെ ഇത് കൊതുകുകളുടെ വർദ്ധനവിന് കാരണമാകുന്നില്ല. ഈ പായലുകൾ മനുഷ്യന് പലതരത്തിൽ പ്രയോജനകരമാണെന്ന് ഇപ്പോൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

സസ്യജാലങ്ങൾക്കുവേണ്ട മുഖ്യപോഷണ മൂലകങ്ങളായ NPK (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) പ്രത്യേകിച്ച് നൈട്രജൻ സമൃദ്ധമായൊരു വളമാണിത്. ഇതിന്റെ ഇലകളുടെ മധ്യഭാഗത്തായി പാർക്കുന്ന അനാബീന അസോള (Anabeeba azolla) എന്ന ഒരുതരം നീല ഹരിതപ്പായലിന്റെ (സയാനോബാക്ടീരിയ) സാന്നിദ്ധ്യമാണ് ഇതിനെ നൈട്രജൻ സമ്പന്നമാക്കുന്നത്. അവയിലെ പ്രത്യേകതരം കോശങ്ങൾക്ക് (Heterocyst) അന്തരീക്ഷത്തിൽ നിന്ന് നൈട്രജൻ സംഭരിച്ച് സൂക്ഷിക്കാൻ കഴിവുണ്ട്. കൂടാതെ മറ്റ് പല പോഷ




കമൂലകങ്ങളും അസോളയിലുണ്ട്. 100 ഗ്രാം ഉണക്കിയെടുത്ത പായലിലെന്തൊക്കെയുണ്ടെന്ന് നോക്കൂ:-

നൈട്രജൻ 4-6 ഗ്രാം
ഫോസ്ഫറസ് 0.5 ഗ്രാം
മഗ്നീഷ്യം 0.45 ഗ്രാം
കാത്സ്യം 0.35 - 09 ഗ്രാം
പൊട്ടാസ്യം 2-6 ഗ്രാം
മാംഗനീസ് 0.11 ഗ്രാം

ഇവ കൂടാതെ വളർച്ചയ്ക്കാവശ്യമായ ചില ഹോർമോണുകളുമടങ്ങിയിട്ടുണ്ട്. ഇതൊരു നല്ല ജൈവവളം-പച്ചില വളമാണെന്നർത്ഥം. വളരെവേഗം ഇത് ചെടികൾക്കും മറ്റും സ്വീകരിച്ച് സ്വശരീരഭാഗമാക്കാനും കഴിയുന്നു. ഇത് മണ്ണിൽ കലർത്തി ചെടിത്തടത്തിലിട്ടു കൊടുത്താൽ ഒരാഴ്ച കഴിയുമ്പോൾ ത്തന്നെ ചെടികളിൽ പുഷ്ടി പ്രകടമാക്കുന്നു. ഇതുകൊണ്ട് രാസവളങ്ങളുടെയും മറ്റു ജൈവവളങ്ങളുടെയും ഉപയോഗം ഒഴിവാക്കാം.

ഈ പായലിൽ 35% മാംസ്യാംശം (Protein) ഉള്ളതുകൊണ്ട് മനുഷ്യന്റെ ഭക്ഷണവിഭവങ്ങളിൽ കൂടുതൽ സ്ഥാനം കിട്ടാനിതിനർഹതയുണ്ട്; നേരിട്ടും അല്ലാതെയും. ഇത് പലഹാരങ്ങളിലും കറികളിലും ചേർക്കാവുന്നതാണ്. അല്ലെങ്കിൽ മത്സ്യത്തീറ്റ, കോഴിത്തീറ്റ, കാലിത്തീറ്റ മുതലായവയുടെ ഭാഗമാക്കാം. കുളത്തിൽ വളർത്തുന്ന പല മത്സ്യങ്ങളും ഇതാഹാരമാക്കുന്നു. (ചില മത്സ്യങ്ങൾക്ക് ഇതിന്റെ പോഷകഗുണം മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു, അവ ഇത് ഭക്ഷിക്കാറില്ല!)

പ്രധാനമായും ഏഴ് തരം അസോളസ്പീഷീസുണ്ട്. അവയിൽ അസോളപിന്നേറ്റ, അസോള മൈക്രോഫില്ല എന്നിവയാണ് കൃഷിക്കുപയോഗിക്കുന്നത്.

## അസോള വളർത്തൽ

വീട്ടുപറമ്പിലെ കുളങ്ങളിലോ തോടുകളിലോ കൃത്രിമമായി ഉണ്ടാക്കുന്ന ജലശേഖരങ്ങളിലോ അസോള വളർത്താം. കുളങ്ങളിലും മറ്റും പ്രയത്നമൊന്നും കൂടാതെ തന്നെ ഇത് വളരാം; രണ്ടു-മൂന്നു ദിവസം കൂടുമ്പോൾ ഭാഗികമായി വാരിയെടുത്ത് ഉപയോഗിക്കാം; വീണ്ടും കുളം നിറയും. പുതുതായി അസോള കൃഷി ചെയ്യുന്നതിനും ഒരു ചതുരശ്ര മീറ്ററിന് 400 ഗ്രാം അസോള മതിയാകും. വെള്ളത്തിൽ ചാണകം (250 ഗ്രാം) ഫോസ്ഫറസ് (5 ഗ്രാം) പൊട്ടാഷ് (0.5 ഗ്രാം) എന്നിവ ചേർത്താൽ വളർച്ച ത്വരിതപ്പെടും. (കുളങ്ങളിൽ കീടനാശിനി ഒഴിവാക്കണം.) 20 ദിവസം കൊണ്ട് ആറിരട്ടിയാകും. ഒരു ഹെക്ടറിൽ 30 കിലോഗ്രാം നൈട്രജൻ ലഭ്യമാകും. കല്ലും സിമന്റും ഉപയോഗിച്ചോ പ്ലാസ്റ്റിക് ഷീറ്റുകൾ അടിത്തട്ടിലിട്ടോ കൃത്രിമ ജലശേഖരങ്ങൾ പായൽക്കൃഷിക്ക് വേണ്ടി തയ്യാറാക്കാം. അടിത്തട്ടിൽ ആദ്യം കുറച്ച് മണ്ണുനിറയ്ക്കണം.

നെൽക്കൃഷിക്ക് അസോള പച്ചിലവള

മായോ നെല്ല്-അസോള സംയുക്തകൃഷിയായോ സ്പോർകൾച്ചറിനു വേണ്ടിയോ ഉപയോഗപ്പെടുത്താം. പച്ചിലവളമായിട്ടാണെങ്കിൽ ഞാറ് നടുന്നതിന് മുമ്പ് അത് മൂന്നാഴ്ച കൊണ്ട് പാടത്ത് വളർത്തി മണ്ണിൽ ഉഴുതു ചേർക്കണം. ഫ്യുറഡാൻ (3 ഗ്രാം/ചതുരശ്രമീറ്റർ) ചേർത്ത് കീടങ്ങളെ നിയന്ത്രിക്കാം.

നെല്ല്-അസോള സംയുക്തകൃഷിയിൽ, ഞാറു നട്ട് 10 ദിവസം കഴിഞ്ഞ് നെൽച്ചെടികൾക്കിടയിൽ അസോള വിതറണം. മൂന്നാഴ്ചയ്ക്ക് ശേഷം വെള്ളം വറ്റിച്ച് ഇത് പാടത്ത് ചവുട്ടിത്താഴ്ത്തണം. എന്നാലും കുറേ പായൽ ശേഷിക്കും. വെള്ളം കയറ്റി അവ വളരാൻ അനുവദിക്കുക. നെല്ല് കതിരിടുന്നതുവരെ മൂന്നാഴ്ച കൂടുമ്പോൾ ഈ പ്രക്രിയ ആവർത്തിക്കാം.

സ്പോറുകൾ പായൽ വിത്താണ്. മൂപ്പെത്തിയ അസോളയിൽ നിന്നും ഇവ ഉത്പാദിപ്പിക്കാം. പായൽ വാരി തറയിൽ നിരത്തി ചാണകം തളിച്ച് ഭാഗികമായി ചീയിച്ചെടുത്ത് അഞ്ച് ദിവസം കഴിഞ്ഞുണക്കിയെടുക്കാം. സ്പോറുകൾ ജലാശയത്തിൽ വിതറുമ്പോൾ പായലിന്റെ പുതിയ തലമുറ രൂപപ്പെടുന്നു.

ഒഴുക്കില്ലാത്ത വെള്ളത്തിലാണ് അസോള കൃഷി ചെയ്യേണ്ടത്. അധികം വെയിലും അധികം തണലും നല്ലതല്ല. ഒച്ച് മുതലായ ജീവികളും റൈസോക്ടോണിയ (Rhizoctonia) എന്ന കുമിളും അസോളയെ നശിപ്പിക്കാതിരിക്കാൻ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കണം.

വീടിരിക്കുന്ന പറമ്പിൽ കുളങ്ങളോ ചെറുതോടുകളോ കേരളത്തിൽ സാധാരണമായിരുന്നു. ജലസേചനത്തിനും കുളിക്കാനും ശുചീകരണത്തിനും ഇവ ഉപയോഗപ്പെടുത്തിയിരുന്നു. കുടിവെള്ളത്തിന് പോലും ചിലർക്ക് കുളങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. ഇന്ന് കാലം മാറി. ജലത്തിന്റെ പൊതുവിതരണ വ്യവസ്ഥയെയും ബോർവെല്ലുകളെയുമാണ് മിക്കവരും ആശ്രയിക്കുന്നത്. അപ്പോൾ ജലാശയങ്ങൾ ഉപയോഗശൂന്യമായി. പലരും അവ നികത്തി കൃഷി ചെയ്യുകയോ കെട്ടിടം വയ്ക്കുകയോ ചെയ്തു.

വീട്ടുപറമ്പിലെ ജലാശയങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിനെക്കുറിച്ച് ഗൗരവ പൂർവം ആലോചിക്കാൻ തുടങ്ങിയിട്ട് അധികകാലമായില്ല. അസോള കൃഷിക്ക് പ്രയോജനപ്പെടുത്തിത്തുടങ്ങിയത് ഈയടുത്ത കാലത്താണ്. പറമ്പിലെ കൃഷിക്കാവശ്യമായ വളവും കാലിത്തീറ്റയും വലിയൊരളവുവരെ ജലാശയങ്ങളിൽ ഉത്പാദിപ്പിക്കാം.

അതുകൊണ്ട് സ്വന്തമായി കുളങ്ങളുള്ളവർ അത് ഭാഗ്യമായി കരുതുക. അവ സംരക്ഷിക്കുക; പ്രയോജനപ്പെടുത്തുക. ■





# അയിത്തോച്ചാടനത്തിനു

**അജിത് വെണ്ണിയൂർ**

നമുക്കിനിയും സ്വരാജ്യം കിട്ടാത്തതിൽ എനിക്ക് അത്ഭുതമില്ല" – 1924 മാർച്ച് 19ന് രോഗശയ്യയിൽ കിടന്നുകൊണ്ട് ഗാന്ധിജി കെ.പി. കേശവമേനോന് എഴുതി: "മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ നാട്ടിൽ അധഃകൃത വിഭാഗക്കാരുടെ സ്ഥിതി അത്യന്തം ദയനീയം തന്നെ. തൊട്ടുകൂടെന്നുമാത്രമല്ല, പൊതുനിരത്തുകളിക്കൂടി സഞ്ചരിക്കുന്നതു പോലും വിലക്കുന്നത് നാം പൊറുത്തുകൂടാ. ഇതിനെതിരെയുള്ള സമരം ശരിക്കും സ്വാതന്ത്ര്യസമരം തന്നെ."

സ്വരാജ്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ഗാന്ധിജിക്ക് വ്യക്തവും വ്യത്യസ്തവുമായ നിലപാട് ഉണ്ടായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് കടന്നുവന്ന കാലഘട്ടത്തിൽത്തന്നെ അദ്ദേഹം അതു വ്യക്തമാക്കുകയും ചെയ്തു

ഗാന്ധിജി പറഞ്ഞു: ''എന്റെ ലക്ഷ്യം ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് പുറത്താക്കുകയല്ല ഒരു നവസമൂഹരചനയാണ്. അതിനു വിഘാതം നില്ക്കുന്ന ഘടകങ്ങളിലൊന്നു മാത്രമാണ് ബ്രിട്ടീഷ് സാമ്രാജ്യത്വം. അതിനെ പുറത്താക്കും മുമ്പ് മറ്റ് പലതിനെയും നമുക്ക് നമ്മുടെയുള്ളിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യേണ്ടതുണ്ട്."

## കോൺഗ്രസ്സിന് പുതിയ ദിശാബോധം

ഒരു രാഷ്ട്രീയ പാർട്ടി മാത്രമായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സാമൂഹിക പരിഷ്കരണത്തിനും ആത്മശുദ്ധീകരണത്തിനുമുള്ള പ്രസ്ഥാനമായി മാറിയത് ഗാന്ധിജിയുടെ ഈ ദർശനം കോൺഗ്രസ് ഉൾക്കൊണ്ടതോടെയാണ്. ഒറ്റയ്ക്കും കൂട്ടായും അങ്ങിങ്ങ് നടന്നുകൊണ്ടിരുന്ന അയിത്തോച്ചാടന പോരാട്ടങ്ങൾ ഇതോടെ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. 1923-ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം ആ നിലപാടിന് അംഗീകാരം നൽകി.

## പശ്ചാത്തലം

കേരളത്തിൽ ഇതിനുമുമ്പേ അയിത്തത്തിനെതിരായ സംഘടിതപോരാട്ടം നടന്നിട്ടുണ്ട്. 1898-ൽ കോഴിക്കോട്ട് ബ്രഹ്മസമാജത്തിന്റെ ഒരു ശാഖ പ്രവർത്തിച്ചിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. തിരുവിതാംകൂറിൽ അയ്യങ്കാളിയുടെയും മലബാറിൽ എ.കെ. ഗോപാലന്റെയും നേതൃത്വത്തിൽ ഒട്ടേറെ സമരങ്ങൾ നടന്നു. വി.ആർ. ഷിൻഡെയുടെ നേതൃത്വത്തിൽ ബ്രഹ്മസമാജം നടത്തിയ സാമൂഹിക

മായോ നെല്ല്-അസോള സംയുക്തകൃഷിയായോ സ്പോർകൾച്ചറിനു വേണ്ടിയോ ഉപയോഗപ്പെടുത്താം. പച്ചിലവളമായിട്ടാണെങ്കിൽ ഞാറ് നടുന്നതിന് മുമ്പ് അത് മൂന്നാഴ്ച കൊണ്ട് പാടത്ത് വളർത്തി മണ്ണിൽ ഉഴുതു ചേർക്കണം. ഫ്യുറഡാൻ (3 ഗ്രാം/ചതുരശ്രമീറ്റർ) ചേർത്ത് കീടങ്ങളെ നിയന്ത്രിക്കാം.

നെല്ല്-അസോള സംയുക്തകൃഷിയിൽ, ഞാറു നട്ട് 10 ദിവസം കഴിഞ്ഞ് നെൽച്ചെടികൾക്കിടയിൽ അസോള വിതറണം. മൂന്നാഴ്ചയ്ക്ക് ശേഷം വെള്ളം വറ്റിച്ച് ഇത് പാടത്ത് ചവുട്ടിത്താഴ്ത്തണം. എന്നാലും കുറേ പായൽ ശേഷിക്കും. വെള്ളം കയറ്റി അവ വളരാൻ അനുവദിക്കുക. നെല്ല് കതിരിടുന്നതു വരെ മൂന്നാഴ്ച കൂടുമ്പോൾ ഈ പ്രക്രിയ ആവർത്തിക്കാം.

സ്പോറുകൾ പായൽ വിത്താണ്. മൂപ്പെത്തിയ അസോളയിൽ നിന്നും ഇവ ഉത്പാദിപ്പിക്കാം. പായൽ വാരി തറയിൽ നിരത്തി ചാണകം തളിച്ച് ഭാഗികമായി ചീയിച്ചെടുത്ത് അഞ്ച് ദിവസം കഴിഞ്ഞുണക്കിയെടുക്കാം. സ്പോറുകൾ ജലാശയത്തിൽ വിതറുമ്പോൾ പായലിന്റെ പുതിയ തലമുറ രൂപപ്പെടുന്നു.


ഒഴുക്കില്ലാത്ത വെള്ളത്തിലാണ് അസോള കൃഷി ചെയ്യേണ്ടത്. അധികം വെയിലും അധികം തണലും നല്ലതല്ല. ഒച്ച് മുതലായ ജീവികളും റൈസോക്ടോണിയ (Rhizoctonia) എന്ന കുമിളും അസോളയെ നശിപ്പിക്കാതിരിക്കാൻ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കണം.

വീടിരിക്കുന്ന പറമ്പിൽ കുളങ്ങളോ ചെറുതോടുകളോ കേരളത്തിൽ സാധാരണമായിരുന്നു. ജലസേചനത്തിനും കുളിക്കാനും ശുചീകരണത്തിനും ഇവ ഉപയോഗപ്പെടുത്തിയിരുന്നു. കുടിവെള്ളത്തിന് പോലും ചിലർക്ക് കുളങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. ഇന്ന് കാലം മാറി. ജലത്തിന്റെ പൊതുവിതരണ വ്യവസ്ഥയെയും ബോർവെല്ലുകളെയുമാണ് മിക്കവരും ആശ്രയിക്കുന്നത്. അപ്പോൾ ജലാശയങ്ങൾ ഉപയോഗശൂന്യമായി. പലരും അവ നികത്തി കൃഷി ചെയ്യുകയോ കെട്ടിടം വയ്ക്കുകയോ ചെയ്തു.

വീട്ടുപറമ്പിലെ ജലാശയങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിനെക്കുറിച്ച് ഗൗരവ പൂർവം ആലോചിക്കാൻ തുടങ്ങിയിട്ട് അധികകാലമായില്ല. അസോള കൃഷിക്ക് പ്രയോജനപ്പെടുത്തിത്തുടങ്ങിയത് ഈയടുത്ത കാലത്താണ്. പറമ്പിലെ കൃഷിക്കാവശ്യമായ വളവും കാലിത്തീറ്റയും വലിയൊരളവുവരെ ജലാശയങ്ങളിൽ ഉത്പാദിപ്പിക്കാം.

അതുകൊണ്ട് സ്വന്തമായി കുളങ്ങളുള്ളവർ അത് ഭാഗ്യമായി കരുതുക. അവ സംരക്ഷിക്കുക; പ്രയോജനപ്പെടുത്തുക. ■





# അയിത്തോച്ചാടനത്തിനു

അജിത് വെണ്ണിയൂർ

“നമുക്കിനിയും സ്വരാജ്യം കിട്ടാത്തതിൽ എനിക്ക് അത്ഭുതമില്ല” - 1924 മാർച്ച് 19ന് രോഗശയ്യയിൽ കിടന്നുകൊണ്ട് ഗാന്ധിജി കെ.പി. കേശവമേനോന് എഴുതി: “മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ നാട്ടിൽ അധഃകൃത വിഭാഗക്കാരുടെ സ്ഥിതി അത്യന്തം ദയനീയം തന്നെ. തൊട്ടുകൂടെന്നുമാത്രമല്ല, പൊതുനിരത്തുകളിക്കൂടി സഞ്ചരിക്കുന്നതു പോലും വിലക്കുന്നത് നാം പൊറുത്തുകൂടാ. ഇതിനെതിരെയുള്ള സമരം ശരിക്കും സ്വാതന്ത്ര്യസമരം തന്നെ.”

സ്വരാജ്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ഗാന്ധിജിക്ക് വ്യക്തവും വ്യത്യസ്തവുമായ നിലപാട ് ഉണ്ടായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് കടന്നുവന്ന കാലഘട്ടത്തിൽത്തന്നെ അദ്ദേഹം അതു വ്യക്തമാക്കുകയും ചെയ്തു

ഗാന്ധിജി പറഞ്ഞു: ‘‘എന്റെ ലക്ഷ്യം ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് പുറത്താക്കുകയല്ല ഒരു നവസമൂഹരചനയാണ്. അതിനു വിഘാതം നില്ക്കുന്ന ഘടകങ്ങളിലൊന്നു മാത്രമാണ് ബ്രിട്ടീഷ് സാമ്രാജ്യത്വം. അതിനെ പുറത്താക്കും മുമ്പ് മറ്റ് പലതിനെയും നമുക്ക് നമ്മുടെയുള്ളിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യേണ്ടതുണ്ട്.”

## കോൺഗ്രസ്സിന് പുതിയ ദിശാബോധം

ഒരു രാഷ്ട്രീയ പാർട്ടി മാത്രമായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സാമൂഹിക പരിഷ്കരണത്തിനും ആത്മശുദ്ധീകരണത്തിനുമുള്ള പ്രസ്ഥാനമായി മാറിയത് ഗാന്ധിജിയുടെ ഈ ദർശനം കോൺഗ്രസ് ഉൾക്കൊണ്ടതോടെയാണ്. ഒറ്റയ്ക്കും കൂട്ടായും അങ്ങിങ്ങ് നടന്നുകൊണ്ടിരുന്ന അയിത്തോച്ചാടന പോരാട്ടങ്ങൾ ഇതോടെ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. 1923-ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം ആ നിലപാടിന് അംഗീകാരം നൽകി.

## പശ്ചാത്തലം

കേരളത്തിൽ ഇതിനുമുമ്പേ അയിത്തത്തിനെതിരായ സംഘടിതപോരാട്ടം നടന്നിട്ടുണ്ട്. 1898-ൽ കോഴിക്കോട്ട് ബ്രഹ്മസമാജത്തിന്റെ ഒരു ശാഖ പ്രവർത്തിച്ചിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. തിരുവിതാംകൂറിൽ അയ്യങ്കാളിയുടെയും മലബാറിൽ എ.കെ. ഗോപാലന്റെയും നേതൃത്വത്തിൽ ഒട്ടേറെ സമരങ്ങൾ നടന്നു. വി.ആർ. ഷിൻഡെയുടെ നേതൃത്വത്തിൽ ബ്രഹ്മസമാജം നടത്തിയ സാമൂഹിക



പരിഷ്ക്കരണ പ്രവർത്തനങ്ങളും ശ്രദ്ധേയമായി. ചോവയൂർ നിന്ന് കോഴിക്കോട്ടേയ്ക്കുള്ള പൊതുനിരത്തുകളിൽ പുലയർക്ക് നടക്കാൻ അന്ന് അനുവാദമുണ്ടായിരുന്നില്ല. ഇതിനെതിരെ മഠത്തിൽ രാരിച്ചൻ മൂപ്പൻ, ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ, സി. കൃഷ്ണൻ, ഡോ. അയ്യപ്പൻ ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ അധഃസ്ഥിത വിഭാഗങ്ങളിൽ ആത്മവീര്യം പകർന്നു. ഡിപ്രസ്സ്ഡ് ക്ലാസ്സ് മിഷന്റെ ഒരു ശാഖ അവിടെ രൂപീകൃതമായി. മഠത്തിൽ രാരിച്ചൻ മൂപ്പനാണ് അതിന് സ്ഥലം നൽകിയത്.


സഞ്ചാരസ്വാതന്ത്ര്യമെന്നോ ക്ഷേത്രപ്രവേശനമെന്നോ ഉച്ചരിക്കാൻ പോലും ധൈര്യപ്പെടാതിരുന്ന കാലത്ത് സവർണരായ പുരോഗമനവാദികളുടെ സഹായത്തോടെ ഡിപ്രസ്സ്ഡ് മിഷൻ അധഃസ്ഥിതരുടെ ഇടയിൽ ബോധവത്കരണപരിപാടികളും ക്ഷേമപ്രവർത്തനങ്ങളും ആരംഭിച്ചു. കൃസ്ത്യൻകോളേജിനടുത്ത് അന്നാരംഭിച്ച പഞ്ചമ സ്കൂൾ പില്ക്കാലത്ത് അനേകായിരം പേരെ സമൂഹത്തിന്റെ ഉന്നതശ്രേണിയിലേയ്ക്കുയർത്തി.

**അയ്യങ്കാളിയുടെ പോരാട്ടം**

1863ൽ തിരുവിതാംകൂറിലെ വെങ്ങാനൂർ ഗ്രാമത്തിൽ ജനിച്ച അയ്യങ്കാളി 1889-ൽ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി സ്വന്തം നാട്ടിൽ ജാഥ നയിച്ചുകൊണ്ടാണ് അയിത്തത്തിനെതിരായ പോരാട്ടം ആരംഭിക്കുന്നത്.

> ഗാന്ധിജി പറഞ്ഞു: എന്റെ ലക്ഷ്യം ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്ന് പുറത്താക്കുകയല്ല, ഒരു നവസമൂഹരചനയാണ്. ബ്രിട്ടീഷുകാരെ നമ്മുടെ നാട്ടിൽ നിന്ന് പുറത്താക്കുന്നതിന് മുമ്പ് നമുക്ക് മറ്റ് പലതിനെയും നമ്മുടെ ഉള്ളിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യേണ്ടതുണ്ട്.

# ള്ള പോരാട്ടം കേരളത്തിൽ



അവർണവിഭാഗത്തിൽപ്പെട്ടവർക്ക് വില്ലുവണ്ടിയിലെ യാത്ര വിലക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ, 1893-ൽ ഒരു വില്ലുവണ്ടി വാങ്ങി അതിൽ രണ്ടു കാളകളെ കെട്ടി ഗ്രാമവീഥികളിലൂടെ സഞ്ചരിച്ച് വ്യക്തിസ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും നിഷേധിച്ച സാമൂഹിക വ്യവസ്ഥയെ വെല്ലുവിളിച്ചു. അയിത്തവണ്ടിയെ പലേടത്തും വച്ച് അസഹിഷ്ണുക്കളായ അക്രമികൾ തടഞ്ഞു. അയ്യങ്കാളിക്കും കൂട്ടുകാർക്കും മർദനമേറ്റു. പക്ഷേ അദ്ദേഹം കീഴടങ്ങിയില്ല. ആ യാത്ര പിന്നീട് തിരുവിതാംകൂറിലങ്ങോളമിങ്ങോളം തുടർന്നു. ബാലരാമപുരം ചാലിയത്തെരുവിൽ ഇതേ ചൊല്ലി നടന്ന 'സംഘട്ടനം' പിന്നീട് ഒരു ലഹളയോളം വ്യാപിച്ചു.

1898-ൽ ആറാലുംമൂട്ടിൽ സഞ്ചാര സ്വാതന്ത്ര്യത്തിനും 1904-ൽ തിരുവിതാംകൂറിൽ കർഷക തൊഴിലാളികളുടെ വേതനം ഉയർത്തിക്കിട്ടാനും വേണ്ടി അയ്യങ്കാളി നയിച്ച പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇടംപിടിച്ചു.

പുലയസമുദായത്തിൽപ്പെട്ടവർക്ക് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കപ്പെട്ടതിനെതിരെ പോരാടിയ അയ്യങ്കാളി ഇക്കാലയളവിൽ ജന്മനാടായ വെങ്ങാനൂരിൽ ഒരു പ്രത്യേകസ്കൂൾ സ്ഥാപിച്ച് അയിത്ത ജാതിക്കാർക്ക് വിദ്യാഭ്യാസം ഉറപ്പാക്കി.

1905-ൽ അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച സാധുജനപരിപാലനയോഗം മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിന് സംഘടിതരൂപം നൽകി. ഈ

പ്രസ്ഥാനത്തിന്റെ ശ്രമഫലമായി 1910 ൽ അധഃകൃതർക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായി.

അയ്യങ്കാളിയുടെ സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്നോണം 1912-ൽ അദ്ദേഹത്തെ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് അന്നത്തെ ദിവാൻ രാജഗോപാലാചാരി നാമനിർദേശം ചെയ്തു. അങ്ങനെ 1912 ഫെബ്രുവരി 27-ാം തീയതി ഒരു അയിത്തജാതിക്കാരന്റെ ശബ്ദം പ്രജാസഭയിൽ ആദ്യമായി മുഴങ്ങി.

പാവപ്പെട്ടവർക്ക് ഭൂമി പതിച്ചു കിട്ടുന്നതിനും ഫീസ് ഇളവുകൾ ലഭിക്കുന്നതിനും സർക്കാർ ഉദ്യോഗത്തിൽ സംവരണത്തിനും വേണ്ടി അയ്യങ്കാളി പ്രജാസഭയിൽ നടത്തിയ പോരാട്ടം അധഃകൃതരുടെ ജീവിതഗതിയും വിധിയും മാറ്റിക്കുറിച്ചു. 1915-ൽ കല്ലയും മാലയും പൊട്ടിച്ചെറിഞ്ഞു കൊണ്ട് നൂറ്റാണ്ടുകളായി നിലനിന്ന ആചാരങ്ങളെ വെല്ലുവിളിച്ച വിപ്ലവത്തിന് കൊല്ലത്ത് അയ്യങ്കാളി നേതൃത്വം നൽകി. 1924-ൽ വൈക്കം സത്യാഗ്രഹത്തിലും അദ്ദേഹം പങ്കെടുത്തു.

അയ്യങ്കാളിയുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവന്ന ഗാന്ധിജി 1937-ൽ കേരളം സന്ദർശിച്ചപ്പോൾ അയ്യങ്കാളിയെ അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ചെന്നു കണ്ടു. പുലയരുടെ ഉന്നമനത്തിനായി അയ്യങ്കാളി സ്ഥാപിച്ച സ്കൂളും നെയ്ത്തുശാലയും വായനശാലയും സന്ദർശിച്ചു. അതിനുശേഷം ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

പാതിനേരംപോക്കിലും പാതി വാത്സല്യത്തിലും "പുലയരാജാവ്" എന്ന് നിങ്ങൾ വിളിക്കുന്ന അയ്യങ്കാളിയിൽ അക്ഷീണനായ ഒരു പ്രവർത്തകനുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിങ്ങൾക്ക് സ്ഥിരമായ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്.

### അയിത്തോച്ചാടന കമ്മിറ്റി

ഗാന്ധിജിയുടെ ചടുലമായ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം ശക്തമായതോടെ ഒറ്റപ്പെട്ട സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളെല്ലാം ദേശീയധാരയിൽ ലയിച്ചു. കാക്കിനാഡ സമ്മേളനം കഴിഞ്ഞയുടൻ, 1924 ജനുവരി 20ന് എറണാകുളത്തു കൂടിയ കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റി യോഗത്തിൽ അയിത്തോച്ചാടനം സംഘടനയുടെ പ്രധാന പരിപാടിയായി അംഗീകരിച്ചു. കെ. കേളപ്പൻ കാര്യദർശിയും ടി.കെ. മാധവൻ, വീമ്പൂർ ശങ്കരൻ നമ്പൂതിരിപ്പാട്, കണ്ണൻ തോടത്ത്, വേലായുധ മേനോൻ, ടി.ആർ. കൃഷ്ണസ്വാമി അയ്യർ എന്നിവർ അംഗങ്ങളുമായ അയിത്തോച്ചാടന കമ്മിറ്റി രൂപവത്കരിക്കുകയും ചെയ്തു. പാപപരിഹാരം എന്ന നിലയിൽ സവർണരായിരിക്കണം ഇതിന് മുൻകൈയെടുക്കേണ്ടതെന്ന ഗാന്ധിജിയുടെ നിർദേശത്തെ പുരോഗമനവാദികളായ കോൺഗ്രസ്സുകാർ ആവേശത്തോടെ ഉൾക്കൊണ്ടു.

എല്ലാ കോൺഗ്രസ് കമ്മിറ്റികളും അവരുടെ കാര്യാലയങ്ങളിലും വായന ശാലകളിലും അധഃകൃതവർഗക്കാർക്ക് പ്രവേശനം നൽകണമെന്നും വിദ്യാഭ്യാസം, ശുചിത്വം, ആരോഗ്യം എന്നിവയിൽ അവർക്ക് മെച്ചപ്പെട്ട അറിവും സൗകര്യങ്ങളും ഒരുക്കാൻ കോൺഗ്രസ് പ്രവർത്തകർ നിരന്തരം പ്രവർത്തിക്കണമെന്നും കോൺഗ്രസ് പ്രമേയം അനുശാസിച്ചു.

സ്കൂളുകളിൽ അധഃകൃതരുടെ കുട്ടികൾക്ക് പ്രവേശനം നേടിക്കൊടുക്കാനും അധഃകൃതർ നേരിടുന്ന കഷ്ടതകൾ പത്രങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനും സമാനചിന്താഗതി പുലർത്തുന്ന സംഘടനകളുമായി കൈകോർക്കാനുമൊക്കെയായി മുഴുവൻ സമയപ്രവർത്തകരെ കണ്ടെത്താനും യോഗം തീരുമാനിച്ചു.

### അഖിലേന്ത്യാശ്രദ്ധയാകർഷിക്കുന്നു

തിരുവിതാംകൂറിൽ കോൺഗ്രസ് പ്രവർത്തനം ശക്തിപ്പെടുത്താൻ നിയോഗിക്കപ്പെട്ട അഖിലേന്ത്യാ പ്രതിനിധി സംഘം ഫെബ്രുവരി 29ന് വൈക്കത്തെത്തി. ഈ സമയം അവിടെ കെ.പി. കേശവമേനോന്റെ അദ്ധ്യക്ഷതയിൽ പുലയമഹാജനയോഗം നടക്കുകയായിരുന്നു. യോഗത്തിൽ പങ്കെടുത്തവരുടെ വികാരം ഉൾക്കൊണ്ടു കൊണ്ട്, "നാളെത്തന്നെ ഈഴവർ പുലയർ തുടങ്ങിയ അയിത്തജാതിക്കാരെ പങ്കെടുപ്പിച്ചു കൊണ്ട് കോൺഗ്രസ് പ്രവർത്തകർ ക്ഷേത്രത്തിനു ചുറ്റുമുള്ള നിരോധിത വഴികളിൽകൂടി ഘോഷയാത്ര നടത്തു"മെന്ന് കേശവമേനോൻ ഉപസംഹാര പ്രസംഗത്തിൽ അറിയിച്ചു. സംസ്ഥാന കോൺഗ്രസ് കമ്മിറ്റി ഇക്കാര്യം ഗാന്ധിജിക്കെഴുതി. അദ്ദേഹം പ്രക്ഷോഭത്തിന് പൂർണ പിന്തുണ വാഗ്ദാനം ചെയ്തു.

ഒരുകാര്യം ഗാന്ധിജി സമരഭടന്മാരെ ഓർമിപ്പിച്ചു. "ഇത് യഥാർത്ഥ സത്യാഗ്രഹമാണ്. സവർണസമുദായക്കാർ എതിർത്താൽ പോലും നാം അക്രമാസക്തരായിക്കൂടാ. മർദനമുണ്ടായാലും സഹിക്കണം. ക്ഷമയോടെ കാര്യങ്ങൾ നീക്കണം. കരുതലോടുകൂടി പ്രവർത്തിക്കണം."

ഇന്ത്യയിലെ പ്രധാന നേതാക്കളെല്ലാം സത്യാഗ്രഹത്തിൽ ഇടപെട്ടു. പണ്ഡിറ്റ് മാളവ്യ, സേലം വിജയ രാഘവാചാരി, സ്വാമി വിശുദ്ധാനന്ദജി തുടങ്ങി പലരും അധഃസ്ഥിതരോടുള്ള ഈ വിവേചനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ മഹാരാജാവിന് കമ്പിയടിച്ചു.



ഗാന്ധിജി ഈ സത്യാഗ്രഹത്തെ അംഗീകരിച്ചു എന്നറിഞ്ഞതോടെ രംഗം ഉഷാറായി. പല ദിക്കുകളിൽ നിന്നും കോൺഗ്രസ് പ്രവർത്തകർ വൈക്കത്തെത്തി. ഘോഷയാത്രയുടെ തലേന്ന് 1924 മാർച്ച് 29ന് തിരുവിതാംകൂർ ക്രിമിനൽ നിയമം 127-ാം വകുപ്പനുസരിച്ച് കോട്ടയം ജില്ലാ മജിസ്ട്രേറ്റ്, തീണ്ടൽ ജാതിക്കാർ ആ വഴിയിൽ കൂടി സഞ്ചരിക്കുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

### ഗാന്ധിയൻ സമരമുറയുടെ പരീക്ഷണം

നിരോധനം ലംഘിച്ച് സത്യാഗ്രഹം നടത്താൻ തന്നെ കോൺഗ്രസ് കമ്മിറ്റി തീരുമാനിച്ചു. ഗാന്ധിയൻ സമരമുറ എന്താണെന്ന് അങ്ങനെ അന്ന് കേരളജനത കണ്ടറിഞ്ഞു.

മൂന്ന് സത്യാഗ്രഹികൾ- ഒരു പുലയൻ, ഒരു ഈഴവൻ, ഒരു നായർ- ഖദർ ഉടുപ്പും മാലയും, തൊപ്പിയുമണിഞ്ഞ് ഭാരത് മാതാ കീ ജയ്, മഹാത്മാഗാന്ധി കീ ജയ് എന്നീ മുദ്രാവാക്യങ്ങളുമായി മുൻനിരയിൽ. പിന്നിൽ നൂറുകണക്കിന് കോൺഗ്രസ് പ്രവർത്തകർ, വാരയകലെ വഴിയടച്ച് പോലീസ്, മജിസ്ട്രേട്ട്, ദേവസ്വം ഉദ്യോഗസ്ഥർ...... സത്യാഗ്രഹികളെ പോലീസ് അറസ്റ്റുചെയ്തു. ആറുമാസത്തെ തടവിന് ശിക്ഷിച്ചു. പിറ്റേന്നും അതു തുടർന്നു. കൂടുതലാളുകൾ പിന്തുണയുമായെത്തി. പത്തുദിവസം പിന്നിട്ടപ്പോൾ അറസ്റ്റുചെയ്യുന്നതു നിർത്തി, വഴി തടയുക മാത്രം ചെയ്തു. അന്ന് യാത്രയ്ക്കു നേതൃത്വം നൽകിയ ചാത്തുക്കുട്ടി നായർ, പാച്ചൻ, കൃഷ്ണൻ, നാരായണൻ എന്നിവർ പിൻവാങ്ങാൻ തയാറായില്ല. ഒന്നുകിൽ മുന്നോട്ട് പോകാൻ അനുവദിക്കണം, അല്ലെങ്കിൽ അറസ്റ്റു ചെയ്യണം. അധികൃതർ രണ്ടിനും വഴങ്ങിയില്ല. ഒരു പകലും രാത്രിയും സത്യാഗ്രഹികൾ റോഡിൽ ഉണ്ണാവ്രതമെടുത്ത് കിടന്നു. കേട്ടറിഞ്ഞ് ആയിരങ്ങൾ അവിടേയ്ക്കെത്തി. അധികൃതർ വിഷമിച്ചു. നിയമമുറ വിട്ട് അനുരഞ്ജനത്തിനായി മുന്നോട്ടുവന്നു. രംഗം സജീവമായതോടെ അതുവരെ എതിർത്തു നിന്ന പല സവർണരും സത്യാഗ്രഹത്തിന് അനുകൂലമായി.

ഇതിനിടെ കെ. പി. കേശവമേനോൻ, ടി. കെ. മാധവൻ എ.കെ. പിള്ള, കെ. വേലായുധമേനോൻ, കെ. കേളപ്പൻ എന്നിവർ

മജിസ്ട്രേട്ടിന്റെ മുന്നിൽ ഹാജരാകാൻ കോടതി ഉത്തരവിട്ടു.ഉത്തരവ് അനുസരിക്കുന്നില്ലെന്ന് നോട്ടീസിൽ തന്നെ എഴുതി ഒപ്പിട്ട് അവർ നിയമനിഷേധം നടത്തി. കേളപ്പൻ, എ.കെ. പിള്ള, വേലായുധമേനോൻ എന്നിവരെ അറസ്റ്റുചെയ്ത് കോട്ടയത്തേയ്ക്കു കൊണ്ടു പോയി.നേതാക്കന്മാരെ അറസ്റ്റു ചെയ്താൽ സത്യാഗ്രഹം നിന്നുപോകും എന്ന ധാരണ ശരിയല്ലെന്ന്അന്ന് അധികൃതർക്ക് ബോധ്യമായി. നൂറുകണക്കിനാളുകൾ ആവേശത്തോടെ സമരത്തിന്റെ മുൻനിരയിലേയ്ക്കു വന്നു.

### ഗാന്ധിജിയുടെ ഇടപെടൽ

തമിഴ്നാട് കോൺഗ്രസ് പ്രസിഡന്റ് ഇ.വി. രാമസ്വാമിനായ്ക്കരും അമൃതസരസിലെ അകാലി ഗുരുദ്വാര പ്രബന്ധകമ്മറ്റി പ്രതിനിധികളും വൈക്കത്തെത്തി സത്യാഗ്രഹത്തിന് ആവേശം പകർന്നു. സിക്കുകാരായിരുന്നു ഏറെ ദിവസം സമരഭടന്മാർക്ക് ഭക്ഷണം വച്ചു വിളമ്പിയത്. ഇത് ശ്രദ്ധയിൽപ്പെട്ട ഗാന്ധിജി സിക്കുകാരെ പിന്തിരിപ്പിച്ചു. പുറത്തുനിന്നുള്ള സഹായം സത്യാഗ്രഹത്തിന്റെ പ്രാദേശിക ശക്തി നശിപ്പിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി. അദ്ദേഹം എഴുതി.: ''സത്യാഗ്രഹികൾക്ക് സ്ഥലത്തെ ഹിന്ദുക്കളുടെ സഹഭാവമുണ്ടെങ്കിൽ അവർക്കാവശ്യമുള്ള പണം പ്രാദേശികമായി തന്നെ ലഭിക്കണം. ആ സഹഭാവമില്ലെങ്കിൽ സത്യാഗ്രഹികൾ പട്ടിണികിടക്കാൻ തയ്യാറാകണം. അതിനവർ ഒരുക്കമല്ലെങ്കിൽ ആരുടെ മാനസിക പരിവർത്തനമാണോ അവർ ആഗ്രഹിക്കുന്നത്, ആ തദ്ദേശീയരായ ഹിന്ദുക്കളുടെ സഹഭാവം അവർ തെല്ലും ഉണർത്തുകയില്ല. സത്യാഗ്രഹം മാനസിക പരിവർത്തനത്തിനുള്ള മാർഗമാണ്. പുറമേ നിന്നുള്ള സാമ്പത്തിക സഹായം സ്നേഹത്തിന്റെ ആ പ്രക്രിയയെ തടസ്സപ്പെടുത്തും. മർദ്ദിതരായ സഹജരോടുള്ള ഇടപാട് അവർതന്നെ വീട്ടിത്തീർക്കണം.



### പ്രതികൂലമായ പ്രമേയം

അതിനിടെ 1925 ഫെബ്രുവരിയിൽ തിരുവിതാംകൂർ നിയമസഭ വൈക്കം ക്ഷേത്രറോഡിൽ പ്രവേശനം തടഞ്ഞു കൊണ്ടുള്ള പ്രമേയം 21 നെതിരെ 22 വോട്ടോടെ പാസ്സാക്കി. സത്യാഗ്രഹികൾ നിരാശരായി. മുൻനിരയിൽ നിന്ന പലരുടെയും ആവേശം കെട്ടു. സാമ്പത്തികമായി ബുദ്ധിമുട്ടിലുമായി. അവർ ഗാന്ധിജിക്കെഴുതി: ''ഇനി ഞങ്ങളെ മുന്നോട്ടു നയിക്കാൻ അങ്ങയുടെ നേരിട്ടുള്ള ഉപദേശവും സഹായവും വേണം.

### ഗാന്ധിജിയുടെ പര്യടനം

1925 മാർച്ച് 8 മുതൽ 19 വരെ കേരളത്തിൽ ഗാന്ധിജി നടത്തിയ പര്യടനം അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് പുതിയൊരു ഉണർവും ശക്തിയും പകർന്നു. വർക്കലയിലെ ശിവഗിരിമഠവും ബാലരാമപുരത്തെ പുലയസ്കൂളും കാലടിയിലെ അദ്വൈതാശ്രമവും സന്ദർശിച്ചു. അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആരംഭിച്ച ശബരി ആശ്രമത്തിൽ ഏറെ സമയം ചെലവഴിച്ചു. ഒട്ടേറെ പൊതുയോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. ശ്രീനാരായണഗുരുവും റീജന്റ് മഹാറാണിയുമായി കൂടിക്കാഴ്ച നടത്തി.സത്യാഗ്രഹത്തിനുവേണ്ടി ധനശേഖരണവും നടത്തി.

മാർച്ച് 10 ന് ഇണ്ടന്‍ തുരുത്തി നമ്പ്യാതിരിയുടെ ഇല്ലത്തിൽ വച്ച് സ്ഥലത്തെ സവർണനേതാക്കളുമായി ഗാന്ധിജി നടത്തിയ മൂന്നുമണിക്കൂർ വാഗ്വാദം ചരിത്രത്തിലെ സുപ്രധാനമായ ഒരേടാണ്.

### ആദ്യവിജയം

സമരം തുടർന്നു. അതിനിടയിൽ മഹാരാജാവിനെയും ഇളയറാണിയെയും ദിവാനെയും പോലീസ് കമ്മീഷണറെയും കണ്ട് ഗാന്ധിജി വിശദമായ ചർച്ച നടത്തി. അതിന് ഫലമുണ്ടായി. അങ്ങനെ ഏപ്രിൽ7ന് നിരോധനാജ്ഞ പിൻവലിച്ചു. ജൂൺ 26 ന് പടിഞ്ഞാറും തെക്കുമുള്ള റോഡുകൾ എല്ലാവർക്കുമായി തുറന്നുകൊടുത്തു. എങ്കിലും കിഴക്കേനട അടച്ചിട്ടിരുന്നു.

1925 നവ: 23 ന് ആ റോഡുകൂടി തുറക്കുന്നതുവരെ സത്യാഗ്രഹം തുടർന്നു.

അത് കേരളത്തിലാകമാനം വലിയൊരു മാറ്റത്തിന് കാരണമായി. വൈക്കത്തെ മാത്രമല്ല, തിരുവിതാംകൂറിലുള്ള എല്ലാ റോഡുകളും എല്ലാവർക്കുമായി തുറന്നു കൊടുത്തു.

### അന്ത്യജനോദ്ധാരണ സംഘം


1927 ഒക്ടോബറിൽ ഖാദി പ്രചരണത്തിനായി ഗാന്ധിജി കോഴിക്കോട് സന്ദർശിച്ചപ്പോൾ അധഃസ്ഥിത വിഭാഗക്കാരുടെ സമ്മേളനം ചേർന്ന് കേരള അന്ത്യജനോദ്ധാരണ സംഘത്തിന് രൂപം നല്കി. സി. കൃഷ്ണൻ പ്രസിഡന്റും കെ. കേളപ്പൻ സെക്രട്ടറിയും ശ്യാംജി സുന്ദർദാസ്, ഇ. കണ്ണൻ, കെ. മാധവൻ നായർ, യു. ഗോപാലമേനോൻ, ടി. ആർ. കൃഷ്ണസ്വാമി അയ്യർ, വല്ലഭദാസ് പുരുഷോത്തം എന്നിവർ അംഗങ്ങളുമായാണ് ഈ സംഘം രൂപവത്കരിക്കപ്പെട്ടത്.

1929 ഡിസംബർ 22 ന് പഴയങ്ങാടിയിൽ കെ. മാധവൻ നായരുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് അധഃസ്ഥിതർ പങ്കെടുത്ത ഹരിജന സമ്മേളനം നടന്നു. അധഃസ്ഥിത വിഭാഗക്കാരെ ആദി കേരളീയർ എന്നു വിളിക്കണമെന്നും എല്ലാ പൊതുസ്ഥാപനങ്ങളും റോഡുകളും കുളങ്ങളും കിണറുകളും അവർക്കായിക്കൂടി ഉപയോഗിക്കാൻ അനുവദിക്കണമെന്നും സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നും എല്ലാ സ്കൂളുകളിലും പ്രവേശനം നൽകണമെന്നും സമ്മേളനം ശക്തമായി ആവശ്യപ്പെട്ടു. ഏതാനും ദിവസങ്ങൾക്കകം ചേർന്ന നമ്പൂതിരി യുവജന സമ്മേളനം ക്ഷേത്ര പ്രവേശന ബില്ലിനെ അനുകൂലിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയത് അവിചാരിതമായ ഒരു വിജയമായി.

### ക്ഷേത്രപ്രവേശനത്തിനുവേണ്ടി

1931 മേയ് ആദ്യം വടകരയിൽ സെൻഗുപ്തയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഹരിജൻ കോൺഗ്രസ്സ് മറ്റൊരു വഴിത്തിരിവായി. ക്ഷേത്രപ്രവേശന പ്രക്ഷോഭത്തിന് തിരി കൊളുത്തിയത് അവിടത്തെ ചർച്ചയാണ്. 1931 മേയ് 21 ന് ചേർന്ന സംസ്ഥാന കോൺഗ്രസ് കമ്മിറ്റി ടി.ആർ. കൃഷ്ണസ്വാമി അയ്യർ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, പി. അച്യുതൻ, കെ. കേളപ്പൻ എന്നിവരുൾപ്പെട്ട ഒരു ഉപസമിതിയെ ക്ഷേത്രപ്രവേശന സമരത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ നിയോഗിച്ചു.

നായർ സർവീസ് സൊസൈറ്റി, എസ്.എൻ.ഡി.പി. യോഗം,



മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആരംഭിച്ച ഈ സ്ഥാപനങ്ങളൊക്കെയും അധഃസ്ഥിത വിഭാഗക്കാരുടെ അടിസ്ഥാനപരമായ സാമൂഹിക മുന്നേറ്റത്തിനുള്ള ഉപാധിയായാണ് വിഭാവനം ചെയ്തത്.
ക്ഷേത്ര പ്രവേശന വിളംബരം ഗാന്ധിമാർഗ പ്രവർത്തനങ്ങളുടെ വിജയപ്രഖ്യാപനം കൂടിയായിരുന്നു.

തിരുവിതാംകൂർ ക്ഷേത്രപ്രവേശനകമ്മിറ്റി എന്നിവയുമായി സഹകരിച്ച് കേരളം മുഴുവൻ ക്ഷേത്രപ്രവേശനത്തിനായുള്ള പ്രചാരം നടത്താനും മദ്ധ്യകേരളത്തിലെ ഒരുപ്രധാന ക്ഷേത്രത്തിൽ സത്യാഗ്രഹം നടത്താനുമായിരുന്നു ഉപസമിതി നിർദേശം. ആഗസ്റ്റ് 21 ന് കേരള സംസ്ഥാന കോൺഗ്രസ് യോഗം ചേർന്ന് നവംബർ 1 ന് ഗുരുവായൂരിൽ സത്യാഗ്രഹം നടത്താൻ നിശ്ചയിച്ചു. ഈ സമരത്തിലും ഗാന്ധിജിയുടെ മാർഗനിർദേശവും സജീവനേതൃത്വവും കേരളത്തിനു ലഭിച്ചു.

### ഗാന്ധിജിയുടെ ഉപവാസം; കേളപ്പജിയുടെയും

ഇതിനിടെ അധഃകൃതരെ ഹിന്ദു സമുദായത്തിൽ നിന്ന് വേർതിരിച്ച് വോട്ടവകാശം നല്കാനുള്ള ബ്രിട്ടീഷുകാരുടെ വിഭജിച്ചു ഭരിക്കൽ തന്ത്രത്തിനെതിരെ ഗാന്ധിജി യർവാദാജയിലിൽ നിരാഹാരം അനുഷ്ഠിച്ചത് ഏറെ ചലനമുണ്ടാക്കി. ഗാന്ധിജി ജയിലിൽ നിരാഹാരം തുടങ്ങിയതിന് പിറ്റേന്നു തന്നെ ഗുരുവായൂരിൽ കേളപ്പജിയും അധഃകൃതരുടെ അവകാശത്തിനായി ഉപവാസം ആരംഭിച്ചു.

ഗാന്ധിജിയുടെ ഉപവാസം ബ്രിട്ടീഷുകാരുടെ തനിനിറം വെളിപ്പെടുത്താൻ ഇടയാക്കി. ഹിന്ദുനേതാക്കളും അധഃകൃത നേതാക്കളും കൂടി തീരുമാനിക്കുന്ന പക്ഷം തീരുമാനം മാറ്റാൻ തയ്യാറാണെന്ന് ബ്രിട്ടീഷ് സർക്കാർ ഒടുവിൽ ഒരു അടവുകൂടി പ്രയോഗിച്ചു. ഇരുഭാഗക്കാരും യോജിച്ച് ഒരു തീരുമാനത്തിലെത്തിയതോടെ അവർ വഴങ്ങി. അതിന്റെ ഫലമായുണ്ടായ പൂനാക്കരാർ അധഃകൃതരെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിൽ നിർണായകപങ്ക് വഹിച്ചു.


### ധനസമാഹരണം : ഗാന്ധിയൻ വഴി

1934ലെ ഗാന്ധിജിയുടെ കേരള സന്ദർശനം അധഃസ്ഥിത വിഭാഗങ്ങളുടെ അവശതയകറ്റാനുള്ള പ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ചതായിരുന്നു. ഒലവക്കോട് ഹരിജൻ കോളനികളും തൃശൂരിലെ ഹരിജന ഗ്രാമങ്ങളും കൊല്ലത്തെ കോളനികളും തിരുവനന്തപുരത്തെ ഹോസ്റ്റലും കോളനികളും സന്ദർശിച്ചു. അനേകം യോഗങ്ങളിൽ പ്രസംഗിച്ചു. ഹരിജൻ സേവക് സംഘത്തിന്റെ പ്രവർത്തന ഫണ്ടിനായി ധനസമാഹരണം നടത്തി. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകമാനം അദ്ദേഹം അതിനായി പര്യടനം നടത്തി. മൂന്ന് വർഷം കൊണ്ട് ഹരിജൻ സേവക് സംഘം കേരളത്തിലെ ഒന്നാമത്തെ സേവാ സംഘടനയായി മാറി.

ഇവയ്ക്കു പുറമെ മലബാറിൽ സ്വാമി ആനന്ദതീർത്ഥന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും കയ്യൂരിലും അക്കാലത്ത് അധഃകൃത വിഭാഗങ്ങൾക്കായി ആശ്രമങ്ങൾ ആരംഭിച്ചു. ഇവിടെ തൊഴിൽ പരിശീലനവും നല്കിയിരുന്നു. ടി.ആർ. കൃഷ്ണസ്വാമി അയ്യരുടെ നേതൃത്വത്തിൽ ഒലവക്കോട്ട് ശബരി ആശ്രമവും ഗുരുവായൂരിൽ വിദ്യാർത്ഥി ഹോസ്റ്റലും തുടങ്ങി. പയ്യോളിയിലെ പാക്കനാർപുരത്തും പാലക്കാട്ട് ഏഴോ, ആവള, ചുണ്ടംപറ്റ, ചെറൂപ്പ, തേങ്കുറിശ്ശി എന്നിവിടങ്ങളിലും വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചു. കൊയിലാണ്ടിയിൽ ഡി.എം.ആർ ട്രസ്റ്റ് ഒരു വിദ്യാലയവും ഹോസ്റ്റലും സ്ഥാപിച്ചു.

മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആരംഭിച്ച ഈ സ്ഥാപനങ്ങളൊക്കെയും അധഃസ്ഥിത വിഭാഗക്കാരുടെ അടിസ്ഥാനപരമായ സാമൂഹിക മുന്നേറ്റത്തിനുള്ള ഉപാധിയായാണ് വിഭാവനം ചെയ്തത്.

ക്ഷേത്ര പ്രവേശന വിളംബരം ഗാന്ധിമാർഗ പ്രവർത്തനങ്ങളുടെ വിജയപ്രഖ്യാപനം കൂടിയായിരുന്നു. 1937ലെ തന്റെ കേരളപര്യടനത്തെ 'തീർത്ഥയാത്ര'യായി അദ്ദേഹം വിശേഷിപ്പിച്ചത് ഈ പശ്ചാത്തലത്തിലാണ്. ■



# ഒരു കെസ്സുപാട്ടിന്റെ ഓർമയ്ക്ക്


**ഒരു മതവിഭാഗത്തിന്റെ തനതായ സാഹിത്യത്തെ ദേശീയ ജീവിതധാരയുമായി സമന്വയിപ്പിച്ച കവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു ഉബൈദ് മാസ്റ്റർ. ചരിത്രം തീർത്തും വിസ്മരിച്ചു കളഞ്ഞ ഈ മാപ്പിള സാഹിത്യകാരനെക്കുറിച്ച്...**

കെ.പി. ഗഫൂർ

ഒരു രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലേക്ക് ഒരു ഭൂപ്രദേശം എന്ത് സംഭാവന ചെയ്തു എന്ന് വിലയിരുത്തുമ്പോഴാണ് ആ ഭൂപ്രദേശത്തിന്റെ പ്രത്യേക പ്രാധാന്യം നമുക്ക് മനസ്സിലാക്കാൻ കഴിയുക. അങ്ങനെ വിലയിരുത്തുമ്പോൾ കേരളത്തിന്റെയും ഇന്ത്യയുടെയും സാംസ്കാരികധാരയിലേക്ക് പ്രത്യേകമായ സംഭാവനകൾ നൽകിയിട്ടുള്ള ഒരു പ്രദേശമാണ് കാസർഗോഡ് ജില്ല.

ദൈവങ്ങളുടെയും കോട്ടകളുടെയും ഭാഷകളുടെയും നാടൻകലകളുടെയും നാടായ ഈ പ്രദേശം ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് നിരവധി പോരാളികളെയും കവികളെയും കലാകാരന്മാരെയും സംഭാവന നൽകിയിട്ടുണ്ട്. ഇതിൽ പലരും ചരിത്രത്തിൽ ഇല്ലാതെ പോയി എന്നതാണ് ഏറെ ഖേദകരം. കാസർഗോഡിന്റെ ചരിത്ര പുരുഷന്മാർ എന്ത്കൊണ്ട് വേണ്ടവിധം വിലയിരുത്തപ്പെടുന്നില്ല എന്നത് ഏറെ ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. വിദ്വാൻ പി. കേളുനായർ, മഹാകവി ഗോവിന്ദ പൈ, മഹാകവി ടി. ഉബൈദ്, രസിക ശിരോമണി കോമൻനായർ, പാടുന്ന പടവാൾ ടി. എസ്. തിരുമുമ്പ് ഇങ്ങനെ ചരിത്രം വിസ്മരിച്ചവരുടെ പട്ടിക നീളുകയാണ്. ഇവരിൽ തീർത്തും മറവിയിൽ ഒടുങ്ങിപ്പോയ കവിയാണ് മർഹും ടി. ഉബൈദ് മാസ്റ്റർ.

ആധുനിക മലയാള സാഹിത്യത്തിൽ മാപ്പിളപ്പാട്ടുകളുടെ മധുരിമ പകർന്ന് കൊടുത്ത ടി. ഉബൈദ് കാസർഗോഡ് താലൂക്കിലെ തളക്കര ഗ്രാമത്തിൽ 1908 ഒക്ടോബർ 7ന് ജനിച്ചു. പിതാവ് എം. ആലിക്കുഞ്ഞി ഹാജി മതഭക്തനും പണ്ഡിതനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്നു. മാതാവ് സൈനാബീവി മാപ്പിളപ്പാട്ട് പാടുന്നതിൽ അതിവിദഗ്ധയായിരുന്നു. അബ്ദുൾ റഹിമാൻ എന്ന പേരായിരുന്നു ചെറുപ്പത്തിൽ. പിന്നീട് 'എളിയ ദാസൻ' എന്നർത്ഥമുള്ള ഉബൈദ് എന്ന പേര് സ്വയം സ്വീകരിച്ചു. അന്ന് കർണാടക ജില്ലയിൽ ഉൾപ്പെട്ടിരുന്ന കാസർഗോഡ് താലൂക്കിൽ മലയാളം സ്കൂൾ ഇല്ലാതിരുന്നതിനാൽ, കർണാടക



ഭാഷയിലാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം നേടിയത്. പക്ഷേ മലയാളത്തിനോട് അദ്ദേഹത്തിന് അതിരറ്റ പ്രതിപത്തിയായിരുന്നു. അതിനാൽ കർണാടക വിദ്യാലയങ്ങളിൽ പഠനം തുടരുന്നതോടൊപ്പം തന്നെ മലയാള ഭാഷയിലും സാമാന്യ വിജ്ഞാനം നേടാൻ കിണഞ്ഞു പരിശ്രമിച്ചു.

മാപ്പിളപ്പാട്ടുകളുടെ മണിനാദം കേട്ടു കൊണ്ടാണ് ഉബൈദ് വളർന്നത്. പിതാവ് പേരെടുത്ത ഗായകനും മാതാവ് മഹിളാ സദസുകളിൽ പ്രിയംകരിയായ ഗായികയുമായിരുന്നു. കുടുംബാംഗങ്ങളിലെ പലർക്കും മാപ്പിളപ്പാട്ടിനോട് ഒരു വൈകാരിക ബന്ധം തന്നെയുണ്ടായിരുന്നു. ഈ സാഹചര്യം അദ്ദേഹത്തിന്റെ വളർച്ചയ്ക്ക് പ്രചോദനം നൽകി. കന്നടത്തിലാണ് ആദ്യം പാട്ടെഴുതിയത്. അറബി പദങ്ങളിലെ ചില സൂത്രങ്ങൾ അവയിൽ പ്രയോഗിച്ചിരുന്നു. പിന്നീട് അറബി ബൈത്തു രീതിയിൽ കുറെ കീർത്തനങ്ങളെഴുതി. അടുത്ത ഒരു ബന്ധുഗൃഹത്തിൽ മാപ്പിള ത്തൊപ്പിനിർമാണത്തിൽ ഏർപ്പെട്ടിരുന്നവർ ബദർ ഉഹ്ദ് കാവ്യങ്ങളിലെ ശീലുകൾ പാടുമായിരുന്നു. വീട്ടുടമ അർത്ഥം പറഞ്ഞ് കൊടുക്കും. മാപ്പിളപ്പാട്ടിന്റെ ടെക്നിക്കുകളും അവയിലെ വിവിധ ഭാഷാപദങ്ങളുടെ സന്ദർഭോചിതമായ അർത്ഥവും അവിടെ വച്ച് പഠിച്ചു. തമിഴ് ശൈലി അല്പമൊന്ന് വശമായതോടെ ആലിബാബയും 40 കള്ളന്മാരും എന്ന കഥ പാട്ടിലാക്കി. തളക്കരയിലും അങ്ങാടിയിലും തെരുവത്തും അക്കാലത്ത് മക്കാനികൾ (കല്യാണപ്പാട്ടുകൾ പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ) ഉണ്ടായിരുന്നു. അവയുമായി ബന്ധപ്പെട്ടു. ഖാസി അബ്ദുൾഖാദർ മൗലവിയുടെ മരണം സൃഷ്ടിച്ച അടങ്ങാത്ത വേദന ഗാനമായി. മക്കാനിക്കാർ അത് പാടി പ്രചരിപ്പിച്ചു. 1924-ൽ മുളസ്സൂൽ ഇസ്ലാമിൽ അദ്ധ്യാപകനായി ചേർന്ന പുളിക്കൽ സ്വദേശി പി.പി.കുഞ്ഞോയി മൗലവിക്ക് 'അൽ-അമീൻ' വരാറുണ്ടായിരുന്നു. 'അൽ-അമീ'ന്റെ സ്ഥിരം വായനക്കാരനായി. 1926-ൽ അൽ അമീനിൽ ആദ്യത്തെ ലേഖനം വന്നു. നാട്ടിൽ കോലാഹലമായി. അന്ധവിശ്വാസം പ്രചരിപ്പിക്കുന്ന പണ്ഡിതന്മാരെപ്പറ്റി അതിൽ പരാമർശിച്ചിരുന്നു. യഥാസ്ഥിതികർ ആക്രോശങ്ങളുമായി പാഞ്ഞടുത്തു. വെള്ളിയാഴ്ച ജുമുഅ നമസ്കാരാനന്തരം അദ്ദേഹം വിചാരണ ചെയ്യപ്പെട്ടു. ഉബൈദ് ഉന്നയിച്ച യാഥാർത്ഥ്യങ്ങൾക്ക് മുന്നിൽ പണ്ഡിതന്മാർക്ക് നാവടക്കേണ്ടി വന്നു. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള സന്ധിയില്ലാ സമരത്തിന്റെ തുടക്കം അവിടെവച്ചായിരുന്നു. തുടർന്ന് "ഓടിച്ചെന്ന ശുകവും പാടിവന്ന ബകവും" എന്ന രണ്ടാമത്തെ ലേഖനം അൽ-അമീനിൽ വന്നു. ആദ്യത്തെ മലയാള കവിത 'യുവലോകം' വാരികയിലാണ് വന്നത്.

എട്ടാംതരം പാസ്സായതോടു കൂടി 1965-ൽ അധ്യാപന ജീവിതത്തിൽ പ്രവേശിച്ച അദ്ദേഹം കുറേക്കാലം അറബി വിദ്യാലയങ്ങളിലും എയ്ഡഡ് സ്കൂളുകളിലും ജോലി നോക്കി. 1938-ൽ മലപ്പുറത്ത് നിന്ന് ട്രെയിനിംഗ് കഴിച്ചു. തുടർന്ന് കാസർഗോഡ് മുളസ്സൂൽ ഇസ്ലാം

എയ്ഡഡ് സ്കൂളിൽ അധ്യാപകനായി ചേർന്നു. മാതൃകാദ്ധ്യാപകനെന്ന നിലയിൽ വിദ്യാർത്ഥികളുടെ കണ്ണിലുണ്ണിയായിരുന്ന ഉബൈദ് മാസ്റ്റർ 1964-ൽ കേരള സർക്കാരിന്റെ പ്രശസ്ത അധ്യാപകർക്കുള്ള പുരസ്കാരത്തിനർഹനായിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാംഗനയുടെ കടാക്ഷങ്ങൾ കൊണ്ട് അനുഗ്രഹീതനായിരുന്നു ഉബൈദ്. പതിനൊന്നാമത്തെ വയസ്സിൽ അദ്ദേഹം മലയാളത്തിലും കർണാടകത്തിലും കവിതയെഴുതിത്തുടങ്ങി. 1932-ൽ പുറത്തിറങ്ങിയ ആദ്യത്തെ പുസ്തകം 'നവരത്ന മാലിക' പ്രഗത്ഭനായ സാഹിത്യകാരന്മാർക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടു. ചരിത്രം വിസ്മരിക്കപ്പെട്ട സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന മുഹമ്മദ് ശെറൂൾ സാഹിബിന്റെ നിര്യാണത്തെത്തുടർന്ന് രചിച്ച 'ബാഷ്പധാര' എന്ന വിലാപകാവ്യം ശ്രദ്ധേയമായിരുന്നു. ദീതിഗാനം, പോർവിളി, അഗതിവിലാപം, രണഭേരി(ഖണ്ഡകൃതികൾ) തിരുമുൽക്കാഴ്ച (ഗദ്യം), മണ്ണിലേക്ക് മടങ്ങി (വിവർത്തനം-കേന്ദ്ര സാഹിത്യ അക്കാദമിക്ക് വേണ്ടി തയ്യാറാക്കിയത്), വള്ളത്തോൾ കവിതെഗുളു (വിവർത്തനം-കർണാടകത്തിലേക്ക്), വീണപൂവ് (വിവർത്തനം), മുസ്ലിബന ബാഗളു (വിവർത്തനം-ഇക്ബാൽ കവിതകൾ), ഹസ്രത്ത് മാലിക് ദീനാർ, ഖാസിം മർഹും അബ്ദുള്ള ഹാജി എന്നിവയ്ക്ക് പുറമെ ഏതാനും കർണാടക കൃതികളുടെ പരിഭാഷകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ വളർച്ചയ്ക്ക് പിന്നിൽ ഉബൈദ് മാസ്റ്ററുടെ നിരന്തര പ്രോത്സാഹനമുണ്ടായിരുന്നു. കവിയെ കാസർഗോഡിന്റെ നിത്യസന്ദർശകനാക്കിയത് ആ സ്നേഹബന്ധമായിരുന്നു. ഉബൈദിനെക്കുറിച്ചുള്ള ഒരു ഓർമക്കുറിപ്പിൽ മഹാകവി പി. കുഞ്ഞിരാമൻ നായർ ഇങ്ങനെ കുറിച്ചിടുന്നു. "കാഞ്ഞങ്ങാട് ഞാൻ വളർന്ന തെങ്ങിൻതണൽ വിരിച്ച വീട്ടിൽ അച്ഛനിരിക്കുന്ന വലിയ ചൂരൽ കസേരയിട്ട പൂമുഖത്ത് ആദ്യമായി താങ്കൾ കയറിവന്നു ശ്രീ. കെ.കെ. പൊതുവാളുമൊത്ത്, 'പിറന്ന മണ്ണിൽ' എന്ന കവിതയുടെ കവിയെ കാണാൻ. മഹാനായ പിതാവിന്റെ ഔദാര്യ സൽക്കാര മാധുര്യം താങ്കളറിഞ്ഞു. അച്ഛൻ പറഞ്ഞു: 'കവിതയെഴുതാൻ മാത്രം കുഞ്ഞിരാമൻ എങ്ങനെയോ പഠിച്ചു. ഇവന് മറ്റൊന്നും അറിഞ്ഞുകൂടാ മാസ്റ്ററേ'. അന്ന് വീട്ടിൽ മൂലയിൽ ചൂലുപോലെ ഒറ്റപ്പെട്ട് കഴിയുന്ന എന്നെ പ്രശംസകളാൽ പെയിന്റടിച്ചു പൊക്കിക്കാട്ടി അച്ഛനെ ആശ്വസിപ്പിച്ചു. കുന്നിൻ പുറത്തെ സ്കൂൾ വാർഷികത്തിൽ താങ്കൾ ചെയ്ത പ്രസംഗം എനിക്ക് മൃതസഞ്ജീവനിയായി. അച്ഛൻ അതുകേട്ട് ആശ്വാസ നെടുവീർപ്പിട്ട് നിർവൃതിപുളകമണിഞ്ഞു."

ദേശീയപ്രസ്ഥാനത്തിലെ വിദ്യാർത്ഥികൾ ഒരിക്കൽ മഹാത്മജിയെ കാണാൻ മദ്രാസിലേക്ക് പോയപ്പോൾ അവർക്ക് മാധുര്യമേറിയ മാപ്പിളപ്പാട്ടുകൾ തീവണ്ടിയുടെ ചലനത്തിനൊപ്പിച്ച് പാടിക്കൊടുത്ത് അവരെ ആവേശഭരിതരാക്കിയ കഥ ഒരിക്കൽ പി.എ. സെയ്ദുമുഹമ്മദ് അനുസ്മരിക്കുകയുണ്ടായി. ഉബൈദ് മാസ്റ്ററുടെ മാപ്പിളപ്പാട്ടുകൾ ദേശീയോദ്ഗ്രഥനത്തിന് ഏറെ സഹായിച്ചിരുന്നു. സാംസ്കാരിക പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ദേശീയ ജീവിതധാരയിൽ നിന്ന് മുസ്ലിങ്ങൾ വേറിട്ട് നിൽക്കുന്നുവെന്നും അങ്ങനെ അവർ ദേശീയോദ്ഗ്രഥനത്തിന് വിലങ്ങായിത്തീരുന്നുവെന്നും ഒരു വാദഗതി ഒരിക്കൽ ഇവിടെ പ്രചരിപ്പിച്ചിരുന്നു. ഒരു തരത്തിൽ ഈ വാദഗതി ശരിയുമായിരുന്നു. എന്നാൽ ഏത് ജനവിഭാഗത്തിനും അവരുടേതായ സാഹിത്യമുണ്ടെന്നതും ആ സാഹിത്യത്തെ ഒരു മാർഗമായി സ്വീകരിക്കാമെങ്കിൽ ആ സാമൂഹ്യ മനസാക്ഷിയെ ഉണർത്തി, ദേശീയ ജീവിതധാരയുമായി സമന്വയിപ്പിക്കൽ സാധിതമെന്നും ഈ വാദം ഉന്നയിച്ചവരും സമ്മതിച്ചിരുന്നു. ഈ വഴിക്ക് ഇവിടെ നടന്ന ഏക പരിശ്രമം ശ്രീ ഉബൈദ് മാസ്റ്ററുടെ ഗാനങ്ങൾ മാത്രമായിരുന്നു.

> "അണിചേർന്നിട്ടബുൽ കലാം ആസാദും മുന്തി
> അൻസാരി മുതൽപേരാൽ വിളങ്ങി പന്തി
> പന്തിയിലെത്തവെ ഗാന്ധി മഹാനും
> പിന്തിടാ സിയാർ ദാസൊടു ജാനും
> ചിന്തകരായിട്ടു മൂലമാ ജാനും"

മുതലായ വരികൾ ദേശീയ പ്രസ്ഥാനത്തെ സ്വന്തമായി കാണാൻ മുസ്ലിം ജനതയെ പ്രേരിപ്പിച്ചു.

1947, 48, 49 കാലത്ത് കോഴിക്കോട് പാലാട്ട് വച്ച് നടന്ന പരിഷത്ത് സമ്മേളനത്തിൽ മാപ്പിളപ്പാട്ടുകളെ കുറിച്ച് അദ്ദേഹം ചെയ്ത പ്രഭാഷണങ്ങൾ അന്നത്തെ ആഢ്യന്മാരായ പല സാഹിത്യ നായകന്മാരെപ്പോലും അമ്പരിപ്പിച്ചു കളഞ്ഞിരുന്നു. പുള്ളുവരും കണിയാന്മാരും പുലയരും മറ്റു ചെറു ജനവിഭാഗങ്ങളും പാടി വന്ന പാട്ടുകൾ പോലും മലയാള സാഹിത്യ ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞപ്പോഴും



മാപ്പിളമാർ നൂറ്റാണ്ടുകളായി പാടിപ്പോന്ന അറബി മലയാളം പാട്ടുകളും സാഹിത്യവും എവിടെയും അംഗീകരിക്കപ്പെട്ടില്ല. ഇതിന് ശാപമോക്ഷം നൽകിയത് ഉബൈദ് മാസ്റ്ററായിരുന്നു.

കർണാടകത്തിന്റെ ഭാഗമായിക്കഴിഞ്ഞ കാസർഗോഡ് പ്രദേശം ഐക്യകേരളത്തിൽ ചേരുവാൻ കാണിക്കുന്ന ഹൃദയപിപാസയായിരുന്നു ഈ കവിത.

> "വിളികേൾക്കുന്നു വിളി കേൾക്കുന്നു
> മാതാവിൻ വിളി കേൾക്കുന്നു
> വിട തരികമ്മേ കന്നടധാത്രീ
> കേരള ജനനി വിളിക്കുന്നു."

ഒപ്പം കവി കേരളത്തെ വർണിക്കുന്നത് ഇപ്രകാരമാണ്.

> "ആ മലനാട്ടിൽ സുഭഗത കാണ്മാ-
> നണി മുകിലണിയായണിയുമ്പോൾ
> വ്യോമല്പന്തിലേഴു നിറത്തിൽ
> വിമല പതാക പറക്കുമ്പോൾ
> ഉടനടി വിണ്ടല ശാല തുറക്കും
> നടിയാം മിന്നൽ കൊടിയെ വിളിക്കും
> വടിവോടവളൊരു കൂത്ത് നടിക്കും."

കവിയുടെ ഹൃദയസ്പർശിയായ മറ്റൊരു കവിതയാണ് 'കവിതയോട്'

**മഹാനായ സാമൂഹ്യപരിഷ്കർത്താവ് കൂടിയായിരുന്നു ഉബൈദ് മാസ്റ്റർ. മുഹമ്മദ് ശെറൂൾ സാഹിബിന്റെ കൂടെ ദേശീയ പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ഇസ്ലാം മതത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അദ്ദേഹം നിരന്തരം പോരാടിക്കൊണ്ടിരുന്നു.**



എന്ന കവിത.

“പൂർവ്വാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക
പ്പൂങ്കുമാരെനെയെങ്ങു പൊൽച്ചാറിൽ മുക്കി
നീരാട്ടി മടിത്തട്ടിൽ കിടത്തി താലോലിക്കും
നേരത്ത് നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തൂവെളിയെന്യേ
യാതൊന്നും കണ്ടിടാതെ മടങ്ങി നിരാശനായ്!
പശ്ചിമ തടാകത്തിലിറങ്ങി സ്നാനം പൊതു
പൊൽ ചെമ്പട്ടുടുത്തർക്ക ദീപവും കയ്യിലേന്തി
പ്രാർത്ഥനക്കായ്ചെല്ലും സന്ധ്യയാം പെൺകൊടിതൻ–
പൂവനത്തിലുമമ്മെ, നിന്നെ ഞാൻ തിരഞ്ഞിതേ;
താവകപൂഞ്ചോല തൻ സൌവർണ്ണ ഭൂമിയല്ല
താവഴിക്കൊന്നും കണ്ടിലാഹന്ത നെർഭാഗ്യമേ”

കൽപനാശക്തി കൊണ്ടുള്ള കാവ്യചിത്രങ്ങളുടെ രമണീയത പ്രകടമാണ് ഈ കവിതയിൽ. അറബിക്കടലാകുന്ന തടാകത്തിൽ ഇറങ്ങി കുളിച്ച് സാന്ധ്യരശ്മികളാകുന്ന പൊന്നൊളിച്ചെമ്പട്ടുടുത്ത്, അർക്കനാകുന്ന ദീപവുമേന്തി പ്രാർത്ഥിക്കാൻ പോകുന്ന സന്ധ്യ എന്ന പെൺകൊടിയുടെ ചിത്രം എത്ര കല്പനാസുന്ദരം.

മഹാനായ സാമൂഹ്യപരിഷ്കർത്താവ് കൂടിയായിരുന്നു ഉബൈദ് മാസ്റ്റർ. മുഹമ്മദ് ശെറൂൾ സാഹിബിന്റെ കൂടെ ദേശീയ പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ഇസ്ലാം മതത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അദ്ദേഹം നിരന്തരം പോരാടിക്കൊണ്ടിരുന്നു. ഭൗതിക വിദ്യാഭ്യാസം 'നിശിദ്ധം' എന്ന് കരുതിയിരുന്ന കാലഘട്ടത്തിൽ സ്വന്തം മകളെ സ്കൂളിലേക്കയച്ച് പൗരോഹിത്യത്തെ അദ്ദേഹം വെല്ലുവിളിച്ചു. മനുഷ്യൻ വേദനിക്കുന്നിടത്ത്, അവന്റെ സാംസ്കാരിക സൗഭാഗ്യങ്ങൾ ചതഞ്ഞരഞ്ഞ് പോവുന്നിടത്ത് ഉബൈദ് മാസ്റ്ററിലെ കവി ഉണർന്നെണീക്കുന്നു. 'ഇന്നിന്റെ താക്കീത്' എന്ന കവിതയിൽ കവി എഴുതുന്നു.

“മുറ്റിയൊരിരുൾ തന്നിൽ സമുദായം നില
നിൽപ്പാൻ ഒട്ടല്ല പൗരോഹിത്യമാശിപ്പൂ പക്ഷേ
മൂങ്ങകൾ വെറുത്താലും പുലരി പുഞ്ചിരിച്ചുടൻ
പൊങ്ങിയക്കതിരോൻ പ്രകാശിപ്പൂ”

എസ്.കെ. പൊറ്റക്കാട്, ജോസഫ് മുണ്ടശ്ശേരി, ഡോ. കെ.എം. ജോർജ്ജ്, സി.പി. ശ്രീധരൻ, സുകുമാർ അഴിക്കോട്, സി. എച്ച്. മുഹമ്മദ്കോയ, ടി.പി. കുട്ടിയാമു, ശൂരനാട്ട് കുഞ്ഞൻപിള്ള തുടങ്ങിയവരുടെ പ്രിയപ്പെട്ട കവിയും സുഹൃത്തുമായിരുന്നു ഉബൈദ് മാസ്റ്റർ. ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ മലയാള മഹാനിഘണ്ടുവിൽ മാപ്പിളപ്പാട്ടിലെ പദങ്ങൾ സംഭാവന ചെയ്തത് ഉബൈദായിരുന്നു. തിരുവനന്തപുരത്ത് വച്ച് നടന്ന ആദ്യത്തെ സാഹിത്യ നിർമാണശാലയിൽ അദ്ദേഹം പങ്കെടുത്തു. അവിടെ വച്ച് മുന്തിരിപ്പഴങ്ങൾ എന്ന ബാലസാഹിത്യകൃതി രചിച്ചു.

സാഹിത്യ പരിഷത്തിന്റെ നിർവാഹക സമിതിയിൽ വളരെക്കാലം പ്രവർത്തിച്ചു. 1962 മുതൽ 6 വർഷവും 71 മുതൽ മരിക്കുന്നതു വരെയും സാഹിത്യഅക്കാദമിയിൽ അംഗമായിരുന്നു. സംഗീതനാടക അക്കാദമി നിർവാഹക സമിതിയിൽ 1968 മുതൽ അംഗമായിരുന്നു. അതിന്റെ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടാൻ സാധ്യതയുണ്ടായിട്ടും ഒഴിഞ്ഞുമാറി. കേരള കലാമണ്ഡലം മലയാളം എൻസൈക്ലോപീഡിയ ഉപദേശക സമിതി, കോഴിക്കോട് യൂണിവേഴ്സിറ്റി ഫൈൻ ആർട്ട്സ് ഫാക്കൽറ്റി എന്നിവയിൽ അംഗമായിരുന്നു. ആകാശവാണിയുടെ പരിചയസമ്പന്നനായ താരമായിരുന്നു. കർണാടകത്തിലും മലയാളത്തിലുമായി മുപ്പതോളം കൃതികൾ രചിച്ചിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ സാംസ്കാരിക നവോത്ഥാനം ലക്ഷ്യമാക്കി സ്ഥാപിതമായ മുളപ്പുൽ ഇസ്ലാം സംഘത്തിന്റെ സെക്രട്ടറി സ്ഥാനം ഏറ്റെടുത്തു. സ്കൂളിന്റെ നിർമാണത്തിന് വേണ്ടി പാട്ട് പാടി പണം പിരിച്ചു.

മലയാള ഭാഷയും കർണാടകവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായി വർത്തിച്ചുവെന്നതാണ് ഉബൈദിന്റെ മറ്റൊരു പ്രത്യേകത. കർണാടക ഭാഷയിലൂടെ പ്രാഥമിക വിദ്യാഭ്യാസം കഴിച്ചു വന്ന ഉബൈദിന് ആ ഭാഷയിൽ നല്ല അവഗാഹമുണ്ടായിരുന്നു. ഉബൈദ് പണിത പാലത്തിലൂടെ മഹാകവി വള്ളത്തോളും മഹാകവി കുമാരനാശാനും കർണാടക സാഹിത്യത്തിലേക്ക് കടന്നു ചെന്നു. കേന്ദ്രസാഹിത്യ അക്കാദമിയാണ് ഇത് പ്രസിദ്ധീകരിച്ചത്.

1972 ഒക്ടോബർ മൂന്നിന് ഉബൈദ് സാഹിബിന്റെ വിയർപ്പും രക്തവുമായ കാസർഗോഡ് ഗവ.മുസ്ലിം ഹൈസ്ക്കൂളിൽ വച്ച് നടത്തപ്പെട്ട അറബിക് ടീച്ചേർസ് ഇൻ സർവീസ് കോഴ്സിന്റെ ഉദ്ഘാടന പ്രസംഗം ചെയ്ത് കൊണ്ടിരിക്കെ അദ്ദേഹം കുഴഞ്ഞു വീഴുകയും മാലിക് ദിനാർ ആശുപത്രിയിൽ വച്ച് അന്ത്യശ്വാസം വലിക്കുകയും ചെയ്തു. ഉബൈദിന്റെ മരണം സൃഷ്ടിച്ച ശൂന്യത മഹാകവി പി. കുഞ്ഞിരാമൻ നായർ കുറിച്ചിട്ടത് ഇപ്രകാരമാണ്.

“എന്റെ പൂന്തോപ്പിലെ പനിനീർ പൂങ്കുല ഞെട്ടറ്റ് വീണു. സ്വർണ്ണനിക്ഷേപമുള്ള മല താണു. മാർത്തട്ടയിലെ പച്ചക്കല്ല് അടർന്ന് വീണു. നീല നക്ഷത്രം പൊട്ടിത്തകർന്നു. സ്നേഹത്തിന്റെ ദൈവദൂതൻ സ്വന്തം നാട്ടിലേക്ക് തിരിച്ചു പോയി.”

പ്രിയപ്പെട്ട ഉബൈദ്; താങ്കൾക്ക് വേണ്ടി തളക്കരയിലെ ബീഡി തെറുപ്പുകാരൻ ഇനി മേലിൽ നീണ്ട സ്പെഷ്യൽ ബീഡി തെറുക്കുകയില്ല. തളക്കര പോസ്റ്റോഫീസിലെ പോസ്റ്റ്മാൻ താങ്കളുടെ മേൽവിലാസം വായിക്കുകയില്ല. പള്ളിക്കാൽ നിരത്തുവക്കിലെ കൊച്ചുവീട്ടിൽ എന്നും കാണുന്ന വെളിച്ചം ഇനി വഴിപോക്കർ കാണുകയില്ല.

പേര് കേട്ട സാഹിത്യകാരന് എന്ത് നേട്ടമുണ്ടായി? കടലിനെതിരെ തല പൊക്കി നിൽക്കുന്ന മുകളിലെ എഴുത്തുമുറി മറുപടി പറഞ്ഞു.

“കുറെ കടലാസു കൂമ്പാരങ്ങൾ, പത്രമാസികക്കെട്ടുകൾ, പഴയ പുസ്തകങ്ങൾ, പെയിന്റടർന്ന പഴയ ട്രങ്ക് പെട്ടി. പൊടി പുരണ്ട വീട്ടിക്കസാല.”

“പോലീസും പട്ടാളവുമില്ലാതെ തോക്കും ബയണറ്റുമില്ലാതെ ഉബൈദിന്റെ ഉത്കൃഷ്ട സ്നേഹം, ചിരകാലം ഭരിച്ച നാട്ടിൽ, ചന്ദ്രഗിരിപ്പുഴയുടെ നാട്ടിൽ, കുളിർകോരിയ കടൽക്കാറ്റിന്റെ നാട്ടിൽ, നാലു രാത്രികൾ നിലാവിൽ കുതിർന്ന രാത്രികൾ. ഓർമയുടെ കണ്ണീർകയത്തിൽ കവിതയുടെ വെള്ളാമ്പൽ വിരിഞ്ഞ ശോകമൂക രാത്രികൾ.” ഞാൻ ചെലവിട്ട ആ നാലു രാത്രികൾ!!! ■

# കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്

**കെ.പി. രാജേന്ദ്രൻ എം.എൽ.എ**

കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെയും, ഗാന്ധിയൻ ദർശനത്തിന്റെയും പതാകവാഹകരിൽ മുൻനിരക്കാരനായിരുന്നു കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്.

ത്യാഗവും സഹനവും നിസ്വാർത്ഥതയും നിഷ്കാമകർമവും കേവലം ആലങ്കാരിക വിശേഷണങ്ങൾ ആയിരുന്നില്ല കുറൂരിനെ സംബന്ധിച്ചിടത്തോളം. അവ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. രാഷ്ട്രീയ പ്രവർത്തകരെ കുറിച്ച് ഇന്ന് നിലനില്ക്കുന്ന കാഴ്ചപ്പാടുകൾ വച്ച്നോക്കുമ്പോൾ അവിശ്വസനീയമായ ജീവിതമാതൃകയാണ് കുറൂർ കാഴ്ച വച്ചത്. ത്യാഗനിർഭരവും ആദർശ സുരഭിലവുമായ ഒരു കാലഘട്ടത്തിന്റെ ഏറ്റവും ഉത്തമനായ പ്രതിനിധിയായിരുന്നു കുറൂർ എന്ന് അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ച് പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. രാഷ്ട്രീയ വീക്ഷണത്തിലും പ്രവർത്തനശൈലിയിലുമെല്ലാം അദ്ദേഹത്തിന്റേതിൽ നിന്നും വ്യത്യസ്തമായ സമീപനം പുലർത്തുന്നവർക്കു പോലും അദ്ദേഹത്തിന്റെ വ്യക്തി ശുദ്ധിയെയും, ആദർശനിഷ്ടയെയും കുറിച്ച് അങ്ങേഅറ്റത്തെ സ്നേഹ ബഹുമാനത്തോടു കൂടി മാത്രമേ അനുസ്മരിക്കാൻ സാധിക്കുകയുള്ളൂ. സാമ്രാജ്യത്വ വിരോധവും സ്വാതന്ത്ര്യ ദാഹവും ഇന്ത്യൻ മനസ്സുകളിൽ സൃഷ്ടിച്ച് തീപ്പൊരികൾ രാജ്യവ്യാപകമായ പ്രക്ഷോഭജ്വാലകളാക്കി മാറ്റിയത് മഹാത്മാ ഗാന്ധിയുടെ നിസ്സഹകരണ പ്രസ്ഥാനമായിരുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഗാന്ധിജിയിൽ വന്നു ചേർന്നതോടെ അത് വലിയൊരു ബഹുജനപ്രസ്ഥാനമായി മാറുകയുണ്ടായി. ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായാണ് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. കൊച്ചി രാജ്യത്ത് വിശേഷിച്ച് തൃശൂരിൽ ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യ പഥികരിൽ പ്രമുഖനായ കുറൂർ ആരാധനാ സ്വാതന്ത്ര്യത്തിനും സാമുദായിക പരിഷ്കരണത്തിനും വേണ്ടിയുള്ള സമരങ്ങളിൽ സജീവ പങ്കാളിയായിരുന്നു.

## രാഷ്ട്രീയ പ്രവേശനം

ഉന്നതകുലജാതനും സാമാന്യ ധനികനും ആയിരുന്ന കുറൂരിന്റെ രാഷ്ട്രീയ രംഗത്തേക്കുള്ള ചുവടുവയ്പ് പലരെയും ആദ്യ ഘട്ടത്തിൽ അത്ഭുതപ്പെടുത്തിയെങ്കിലും പിന്നീട് പലരെയും പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുകയുണ്ടായി. 1921-ൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കാളിയാകുന്നതിന് വിദ്യാലയം വിട്ടിറങ്ങിയ കുറൂർ തൃശൂരിലെ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രഥമ പ്രസിഡന്റായിരുന്നു. കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനം ലഭിക്കുന്ന രീതിയിൽ നിസ്വാർത്ഥവും നിസ്തുലവുമായ ത്യാഗവും സേവനവുമാണ് തുടർന്ന് അദ്ദേഹം നിർവഹിച്ചത്. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത അദ്ദേഹം ആറു മാസക്കാലം സത്യാഗ്രഹ ക്യാമ്പിന്റെ ചുമതലക്കാരനായിരുന്നു. മലബാർ കലാപത്തെ തുടർന്ന് തൃശൂരിൽ എത്തിയ അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ അദ്ദേഹവും നേതൃത്വപരമായ പങ്കു വഹിച്ചു. തൃശൂർ ലഹള സൃഷ്ടിച്ച അശാന്തിയുടെ ദിവസങ്ങളിൽ സമാധാന പുനസ്ഥാപനത്തിനും കുറൂർ രംഗത്തിറങ്ങി. സൈമൺ കമ്മീഷൻ ബഹിഷ്ക്കരണം, വിദേശവസ്ത്രം ഉപേക്ഷിക്കൽ, ഷാപ്പ് പിക്കറ്റിംഗ് തുടങ്ങിയ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ബഹുജനമുന്നേറ്റത്തിന്റെ നാളുകളിൽ കൊടിയ മർദനവും ജയിൽവാസവും അദ്ദേഹത്തെ തേടിയെത്തി. ഉപ്പു സത്യാഗ്രഹത്തിന്റെ ഭാഗമായി മലബാറിൽ പോയി പിക്കറ്റിംഗ് നടത്താൻ വാളണ്ടിയർമാരെ റിക്രൂട്ട് ചെയ്യുന്ന ഒരു ക്യാമ്പ് കുറൂരും, ആർ. കൃഷ്ണൻ കുട്ടിനായരും മറ്റും ചേർന്ന് തൃശൂരിൽ ആരംഭിച്ചു. സമരത്തിൽ പങ്കെടുത്തു മർദനമേറ്റവരെ ചികിത്സിക്കാൻ ഒരു ക്യാമ്പ് ആരംഭിച്ചതിന് കുറൂരിനെയും എസ്. കെ. നമ്പ്യാർ, ആർ. കൃഷ്ണൻകുട്ടി നായർ തുടങ്ങി 29 പേരെയും അറസ്റ്റു ചെയ്ത് വിയ്യൂർ ജയിലിലടച്ചു. ഗുരുവായൂർ സത്യാഗ്രഹത്തിൽ മന്നത്ത് പത്മനാഭൻ അധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയിൽ കുറൂർ സജീവ അംഗമായിരുന്നു. പ്രസ്തുത കമ്മിറ്റിയാണ് ക്ഷേത്രപ്രവേശനം സംബന്ധിച്ച് റഫറണ്ടത്തിന് സഹായകരമായി വർത്തിച്ചത്.

1945-ൽ തൃശൂരിൽ നടന്ന പ്രജാ മണ്ഡലവാർഷിക സമ്മേളനത്തിന്റെ സ്വാഗത സംഘം അദ്ധ്യക്ഷൻ കുറൂരായിരുന്നു. കോൺഗ്രസ്സ് ക്ഷേത്രപ്രവേശനം സംബന്ധിച്ച് രൂപീകരിച്ച കമ്മിറ്റിയിൽ കുറൂർ അംഗമായിരുന്നു. ഇക്കണ്ട വാരിയർ, കെ.പി. മാധവൻ നായർ, പനമ്പള്ളി ഗോവിന്ദമേനോൻ, പുതൂർ അച്ചുതമേനോൻ എന്നിവരായിരുന്നു മറ്റംഗങ്ങൾ.

വാക്കും പ്രവൃത്തിയും തമ്മിൽ വിട്ടുവീഴ്ചയില്ലാത്ത പൊരുത്തം വേണമെന്ന് ആഗ്രഹമുള്ളയാളായിരുന്നു കുറൂർ. ക്ഷേത്രപ്രവേശന പ്രക്ഷോഭണ കാലഘട്ടത്തിൽ സ്വന്തം ഉടമസ്ഥതയിലുണ്ടായിരുന്ന മുതുവറയ്ക്കടുത്ത് പാവക്കുളം ക്ഷേത്രം അദ്ദേഹം ഹരിജനങ്ങൾക്കായി തുറന്നു കൊടുത്തു. ഇതു സംബന്ധിച്ച പ്രഖ്യാപനം ഒരു ശ്രീനാരായണ ജയന്തി സമ്മേളനത്തിലാണ് കുറൂർ നടത്തിയത്. നമ്പൂതിരിമാർ ജന്മിത്വത്തിന്റെ ഹുങ്ക് ഉപേക്ഷിക്കുകയും, വ്യവസായങ്ങൾ തുടങ്ങുകയും ചെയ്യണമെന്ന യോഗക്ഷേമ സഭയുടെ ആഹ്വാനം കേട്ട് അദ്ദേഹം ഒരു പെയിന്റ് കമ്പനി തുടങ്ങി. എന്നാൽ രാഷ്ട്രീയ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ അത് വിജയകരമായി മുന്നോട്ട്

**സാമ്രാജ്യത്വാധിനിവേശ ശ്രമങ്ങൾക്കെതിരായും, ദേശീയ ലക്ഷ്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുള്ള കൂട്ടായ്മകൾക്ക് കുറൂരിന്റെ ദീപ്തമായ സ്മരണകൾ എന്നും കരുത്ത് പകരുന്നതാണ്.**

**വാക്കും പ്രവൃത്തിയും തമ്മിൽ വിട്ടുവീഴ്ചയില്ലാത്ത പൊരുത്തം വേണമെന്ന് ആഗ്രഹമുള്ളയാളായിരുന്നു കുറൂർ. ക്ഷേത്രപ്രവേശന പ്രക്ഷോഭണ കാലഘട്ടത്തിൽ സ്വന്തം ഉടമസ്ഥതയിലുണ്ടായിരുന്ന മുതുവറയ്ക്കടുത്ത് പാവക്കുളം ക്ഷേത്രം അദ്ദേഹം ഹരിജനങ്ങൾക്കായി തുറന്നു കൊടുത്തു. ഇതു സംബന്ധിച്ച പ്രഖ്യാപനം ഒരു ശ്രീനാരായണ ജയന്തി സമ്മേളനത്തിലാണ് കുറൂർ നടത്തിയത്.**

കൊണ്ടുപോകാൻ അദ്ദേഹത്തിനായില്ല.

സഹകരണമേഖലയെയും ഖാദിപ്രസ്ഥാനത്തെയും രാഷ്ട്ര പുനർനിർമാണത്തിന്റെ പ്രധാന വേദികളായി പരിഗണിച്ചിരുന്നു കുറൂർ. അവിണിശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട ഖാദി കേന്ദ്രത്തിന്റെ അണിയറ ശില്പിയായിരുന്ന കുറൂർ അഖില കൊച്ചി ഖാദി ട്രസ്റ്റിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖനുമായിരുന്നു. സഹനത്തിലും, സമരത്തിലും രാഷ്ട്രപുനർനിർമാണത്തിലും പൂർണമായ അർത്ഥത്തിൽ അദ്ദേഹത്തിന്റെ സഹധർമിണിയായിരുന്ന ടി.സി. കൊച്ചുകുട്ടി അമ്മയുടെ സാന്നിദ്ധ്യവും ഒന്നിച്ചുള്ള പ്രവർത്തനവും അദ്ദേഹത്തെ കൂടുതൽ കർമനിരതനാക്കി.

**പത്രപ്രവർത്തകൻ**

ദേശീയപ്രസ്ഥാനത്തിന്റെ അനിഷേധ്യ ജിഹ്വയായ മാതൃഭൂമിയുടെ പ്രിന്ററും പബ്ളിഷറും എന്ന നിലയിൽ പത്രപ്രവർത്തന രംഗത്തും അദ്ദേഹം ശ്രദ്ധേയനായിരുന്നു. അതിനുമുമ്പും അദ്ദേഹത്തിലെ പത്രപ്രവർത്തന താത്പര്യം പ്രകടമായിരുന്നു. 1920-ൽ കുറൂർ പ്രസാധകനും, പൂവത്തിങ്കൽ സെബാസ്റ്റ്യൻ പത്രാധിപരുമായി ലോകമാന്യൻ എന്നൊരു പത്രം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പത്രപ്രവർത്തനത്തിലെ സാമൂഹികപ്രതിബദ്ധതയും സത്യസന്ധതയും മുറുകെ പിടിക്കാൻ അദ്ദേഹം പരമാവധി ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ രാഷ്ട്രശില്പിയും സർവാദരണീയനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അടുത്ത മിത്രവും കുടുംബസുഹൃത്തുമായിരുന്നു കുറൂർ. നെഹ്റു കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ഈ അടുപ്പം വിമോചന സമര കാലഘട്ടത്തിൽ വിവാദങ്ങളും വിമർശനങ്ങളും സൃഷ്ടിച്ചിരുന്നുവെങ്കിലും, സ്വന്തം വിശ്വാസപ്രമാണങ്ങളോടു നീതി പുലർത്തുന്ന സമീപനം അതിലും പ്രകടമായിരുന്നു. 1960-ൽ മണലൂരിൽ നിന്ന് കേരള നിയമസഭയിലേക്ക് വിജയിച്ച അദ്ദേഹം നിയമനിർമാണ പ്രവർത്തനത്തിലും വികസനപ്രവർത്തനങ്ങളിലും തന്റേതായ പങ്ക് വഹിക്കുകയും വ്യക്തിമുദ്ര പതിപ്പിക്കുകയുമുണ്ടായിട്ടുണ്ട്.

വീറുറ്റ സ്വാതന്ത്ര്യപോരാളി, കറകളഞ്ഞ ഗാന്ധിയൻ, സമർത്ഥനായ സംഘാടകൻ, സത്യസന്ധനായ പത്രപ്രവർത്തകൻ, ത്യാഗസന്നദ്ധനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ പുതിയ തലമുറയ്ക്ക് അവിശ്വസനീയമെങ്കിലും അനുകരണീയമായ ജീവിത മാതൃകയാണ് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് അവശേഷിപ്പിച്ചത്. സാമ്രാജ്യത്വാധിനിവേശ ശ്രമങ്ങൾക്കെതിരായും, ദേശീയ ലക്ഷ്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുള്ള കൂട്ടായ്മകൾക്ക് കുറൂരിന്റെ ദീപ്തമായ സ്മരണകൾ എന്നും കരുത്ത് പകരുന്നതാണ്. ആ മഹാന്റെ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ■



# സിലിക്കോസിസ്

## തടയപ്പെടാവുന്ന വിപത്ത്

ഡോ. കെ. വേണുഗോപാൽ



നമ്മുടെ നാട്ടിൽ പ്രചരിക്കുവാൻ ഏറെ സാദ്ധ്യതയുള്ള തൊഴിൽ ജന്യരോഗമാണ് 'സിലിക്കോസിസ്'. ഭൂതലത്തിൽ ഏറ്റവും കൂടുതലുള്ള ഘടകമായ 'സിലിക്കൺ' എന്ന പൊടിപടലവുമായി ബന്ധപ്പെടുന്ന എല്ലാ തൊഴിലാളികളെയും ബാധിക്കാവുന്നതാണ് ഈ രോഗം. സിലിക്കൺ അഥവാ മണലിന്റെ നിരന്തരമായ ശ്വസനം മൂലം ശ്വാസകോശങ്ങളിൽ ഉണ്ടാകുന്ന ചുരുങ്ങലും (Fibrosis) രോഗപ്രതിരോധശക്തിയ്ക്കുണ്ടാകുന്ന ക്ഷയവും മൂലമാണ് ഈ രോഗം ഉണ്ടാകുന്നത്. സിലിക്കണിന്റെ ക്രിസ്റ്റലിൻ രൂപം ആണ് രോഗഹേതു.

പാറപൊട്ടിക്കൽജോലിയുമായി ബന്ധപ്പെട്ടാണ് സിലിക്കോസിസ് പ്രധാനമായും ഉണ്ടാകുന്നത്. വലിയ പാറപൊട്ടിക്കൽ, പാറ മെറ്റലായി മാറ്റൽ, മെറ്റൽ പല അളവിൽ രൂപപ്പെടുത്തൽ ഇവയെല്ലാം രോഗം ഉണ്ടാക്കാം. എല്ലാത്തരം ഖനനജോലികൾ, ടണൽ, കിണർ നിർമാണം, സിറാമിക് (മൺപാത്ര നിർമാണം) ജോലികൾ, കട്ട നിർമാണം, കെട്ടിടനിർമാണം, വിഗ്രഹനിർമാണം, ലോഹം ഉരുക്കി വിവിധ രൂപ നിർമാണം, കളിമൺ വ്യവസായം, ടൂത്ത്പേസ്റ്റ്, പോളിഷ്, പെയിന്റ്, റബ്ബർ വ്യവസായം തുടങ്ങി എല്ലാത്തരം നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സിലിക്കോസിസ് രോഗം ഉണ്ടാകാം.

**ലക്ഷണങ്ങൾ**

ശ്വസിക്കുന്ന പൊടിയുടെ സൈസ്, സമ്പർക്കമുണ്ടായ കാലദൈർഘ്യം, ജോലിസ്ഥലത്തെ വായു സഞ്ചാരം, രോഗം വരുത്താനുള്ള പാരമ്പര്യ വ്യത്യാസം എന്നിവയെ ആശ്രയിച്ചാണ് രോഗലക്ഷണങ്ങൾ. ആരംഭത്തിൽ ലക്ഷണങ്ങൾ ഒന്നും ഉണ്ടാകണമെന്നില്ല. എക്സ്റേയിൽ ലഭിക്കുന്ന വിവരങ്ങൾ മാത്രമായിരിക്കും തെളിവ്. രോഗം അധികരിക്കുന്നതനുസരിച്ച് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും. രോഗലക്ഷണങ്ങൾ മൂന്ന് തരത്തിൽ പ്രത്യക്ഷപ്പെടാം. വളരെ പെട്ടെന്ന് അധികരിച്ച് മരണം വരെ സംഭവിക്കാവുന്ന 'അക്യൂട്ട്' തരം, സാവധാനം അധികരിക്കുന്ന 'ആക്സിലറേറ്റഡ്' തരം, ഗുരുതരമല്ലാതെ ജീവിതാവസാനം വരെ തുടരുന്ന 'ക്രോണിക്' തരം എന്നിവയാണവ. ഓരോ തരവും വ്യത്യസ്തമായ എക്സ്റേ വ്യതിയാനങ്ങളാണ് ഉണ്ടാക്കുന്നത്. ഒരു റേഡിയോളജിസ്റ്റിനോ, ചെസ്റ്റ് ഫിസിഷ്യനോ മാത്രമേ അവ തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ.

അധികരിച്ച് വരുന്ന ശ്വാസംമുട്ടൽ, കഫം ഇല്ലാതെയുള്ള ചുമ (ഡ്രൈ കഫ്), ക്ഷീണം,

കൊണ്ടുപോകാൻ അദ്ദേഹത്തിനായില്ല.

സഹകരണമേഖലയെയും ഖാദിപ്രസ്ഥാനത്തെയും രാഷ്ട്ര പുനർനിർമാണത്തിന്റെ പ്രധാന വേദികളായി പരിഗണിച്ചിരുന്നു കുറൂർ. അവിണിശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട ഖാദി കേന്ദ്രത്തിന്റെ അണിയറ ശില്പിയായിരുന്ന കുറൂർ അഖില കൊച്ചി ഖാദി ട്രസ്റ്റിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖനുമായിരുന്നു. സഹനത്തിലും, സമരത്തിലും രാഷ്ട്രപുനർനിർമാണത്തിലും പൂർണമായ അർത്ഥത്തിൽ അദ്ദേഹത്തിന്റെ സഹധർമിണിയായിരുന്ന ടി.സി. കൊച്ചുകുട്ടി അമ്മയുടെ സാന്നിദ്ധ്യവും ഒന്നിച്ചുള്ള പ്രവർത്തനവും അദ്ദേഹത്തെ കൂടുതൽ കർമനിരതനാക്കി.

### പത്രപ്രവർത്തകൻ

ദേശീയപ്രസ്ഥാനത്തിന്റെ അനിഷേധ്യ ജിഹ്വയായ മാതൃഭൂമിയുടെ പ്രിന്ററും പബ്ളിഷറും എന്ന നിലയിൽ പത്രപ്രവർത്തന രംഗത്തും അദ്ദേഹം ശ്രദ്ധേയനായിരുന്നു. അതിനുമുമ്പും അദ്ദേഹത്തിലെ പത്രപ്രവർത്തന താത്പര്യം പ്രകടമായിരുന്നു. 1920-ൽ കുറൂർ പ്രസാധകനും, പൂവത്തിങ്കൽ സെബാസ്റ്റ്യൻ പത്രാധിപരുമായി ലോകമാന്യൻ എന്നൊരു പത്രം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പത്രപ്രവർത്തനത്തിലെ സാമൂഹികപ്രതിബദ്ധതയും സത്യസന്ധതയും മുറുകെ പിടിക്കാൻ അദ്ദേഹം പരമാവധി ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ രാഷ്ട്രശില്പിയും സർവാദരണീയനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അടുത്ത മിത്രവും കുടുംബസുഹൃത്തുമായിരുന്നു കുറൂർ. നെഹ്റു കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ഈ അടുപ്പം വിമോചന സമര കാലഘട്ടത്തിൽ വിവാദങ്ങളും വിമർശനങ്ങളും സൃഷ്ടിച്ചിരുന്നുവെങ്കിലും, സ്വന്തം വിശ്വാസപ്രമാണങ്ങളോടു നീതി പുലർത്തുന്ന സമീപനം അതിലും പ്രകടമായിരുന്നു. 1960-ൽ മണലൂരിൽ നിന്ന് കേരള നിയമസഭയിലേക്ക് വിജയിച്ച അദ്ദേഹം നിയമനിർമാണ പ്രവർത്തനത്തിലും വികസനപ്രവർത്തനങ്ങളിലും തന്റേതായ പങ്ക് വഹിക്കുകയും വ്യക്തിമുദ്ര പതിപ്പിക്കുകയുമുണ്ടായിട്ടുണ്ട്.

വീറുറ്റ സ്വാതന്ത്ര്യപോരാളി, കറകളഞ്ഞ ഗാന്ധിയൻ, സമർത്ഥനായ സംഘാടകൻ, സത്യസന്ധനായ പത്രപ്രവർത്തകൻ, ത്യാഗസന്നദ്ധനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ പുതിയ തലമുറയ്ക്ക് അവിശ്വസനീയമെങ്കിലും അനുകരണീയമായ ജീവിത മാതൃകയാണ് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് അവശേഷിപ്പിച്ചത്. സാമ്രാജ്യത്വാധിനിവേശ ശ്രമങ്ങൾക്കെതിരായും, ദേശീയ ലക്ഷ്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുള്ള കൂട്ടായ്മകൾക്ക് കുറൂരിന്റെ ദീപ്തമായ സ്മരണകൾ എന്നും കരുത്ത് പകരുന്നതാണ്. ആ മഹാന്റെ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ■



# സിലിക്കോസിസ്

## തടയപ്പെടാവുന്ന വിപത്ത്

ഡോ. കെ. വേണുഗോപാൽ



നമ്മുടെ നാട്ടിൽ പ്രചരിക്കുവാൻ ഏറെ സാദ്ധ്യതയുള്ള തൊഴിൽ ജന്യരോഗമാണ് 'സിലിക്കോസിസ്'. ഭൂതലത്തിൽ ഏറ്റവും കൂടുതലുള്ള ഘടകമായ 'സിലിക്കൺ' എന്ന പൊടിപടലവുമായി ബന്ധപ്പെടുന്ന എല്ലാ തൊഴിലാളികളെയും ബാധിക്കാവുന്നതാണ് ഈ രോഗം. സിലിക്കൺ അഥവാ മണലിന്റെ നിരന്തരമായ ശ്വസനം മൂലം ശ്വാസകോശങ്ങളിൽ ഉണ്ടാകുന്ന ചുരുങ്ങലും (Fibrosis) രോഗപ്രതിരോധശക്തിയ്ക്കുണ്ടാകുന്ന ക്ഷയവും മൂലമാണ് ഈ രോഗം ഉണ്ടാകുന്നത്. സിലിക്കണിന്റെ ക്രിസ്റ്റലിൻ രൂപം ആണ് രോഗഹേതു.

പാറപൊട്ടിക്കൽജോലിയുമായി ബന്ധപ്പെട്ടാണ് സിലിക്കോസിസ് പ്രധാനമായും ഉണ്ടാകുന്നത്. വലിയ പാറപൊട്ടിക്കൽ, പാറ മെറ്റലായി മാറ്റൽ, മെറ്റൽ പല അളവിൽ രൂപപ്പെടുത്തൽ ഇവയെല്ലാം രോഗം ഉണ്ടാക്കാം. എല്ലാത്തരം ഖനനജോലികൾ, ടണൽ, കിണർ നിർമാണം, സിറാമിക് (മൺപാത്ര നിർമാണം) ജോലികൾ, കട്ട നിർമാണം, കെട്ടിടനിർമാണം, വിഗ്രഹനിർമാണം, ലോഹം ഉരുക്കി വിവിധ രൂപ നിർമാണം, കളിമൺ വ്യവസായം, ടൂത്ത്പേസ്റ്റ്, പോളിഷ്, പെയിന്റ്, റബ്ബർ വ്യവസായം തുടങ്ങി എല്ലാത്തരം നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സിലിക്കോസിസ് രോഗം ഉണ്ടാകാം.

### ലക്ഷണങ്ങൾ

ശ്വസിക്കുന്ന പൊടിയുടെ സൈസ്, സമ്പർക്കമുണ്ടായ കാലദൈർഘ്യം, ജോലിസ്ഥലത്തെ വായു സഞ്ചാരം, രോഗം വരുത്താനുള്ള പാരമ്പര്യ വ്യത്യാസം എന്നിവയെ ആശ്രയിച്ചാണ് രോഗലക്ഷണങ്ങൾ. ആരംഭത്തിൽ ലക്ഷണങ്ങൾ ഒന്നും ഉണ്ടാകണമെന്നില്ല. എക്സ്റേയിൽ ലഭിക്കുന്ന വിവരങ്ങൾ മാത്രമായിരിക്കും തെളിവ്. രോഗം അധികരിക്കുന്നതനുസരിച്ച് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും. രോഗലക്ഷണങ്ങൾ മൂന്ന് തരത്തിൽ പ്രത്യക്ഷപ്പെടാം. വളരെ പെട്ടെന്ന് അധികരിച്ച് മരണം വരെ സംഭവിക്കാവുന്ന 'അക്യൂട്ട്' തരം, സാവധാനം അധികരിക്കുന്ന 'ആക്സിലറേറ്റഡ്' തരം, ഗുരുതരമല്ലാതെ ജീവിതാവസാനം വരെ തുടരുന്ന 'ക്രോണിക്' തരം എന്നിവയാണവ. ഓരോ തരവും വ്യത്യസ്തമായ എക്സ്റേ വ്യതിയാനങ്ങളാണ് ഉണ്ടാക്കുന്നത്. ഒരു റേഡിയോളജിസ്റ്റിനോ, ചെസ്റ്റ് ഫിസിഷ്യനോ മാത്രമേ അവ തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ.

അധികരിച്ച് വരുന്ന ശ്വാസംമുട്ടൽ, കഫം ഇല്ലാതെയുള്ള ചുമ (ഡ്രൈ കഫ്), ക്ഷീണം,



**പാറപൊട്ടിക്കൽജോലിയുമായി ബന്ധപ്പെട്ടാണ് സിലിക്കോസിസ് പ്രധാനമായും ഉണ്ടാകുന്നത്. വലിയ പാറപൊട്ടിക്കൽ, പാറ മെറ്റലായി മാറ്റൽ, മെറ്റൽ പല അളവിൽ രൂപപ്പെടുത്തൽ ഇവയെല്ലാം രോഗം ഉണ്ടാക്കാം.**

ജോലി ചെയ്യുമ്പോൾ കിതപ്പ് എന്നിവയാണ് പ്രധാനപ്പെട്ട ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങളുടെ കാഠിന്യം അനുസരിച്ചാണ് മേൽപ്പറഞ്ഞ മൂന്ന് തരത്തിൽ രോഗത്തെ വേർതിരിച്ചിരിക്കുന്നത്. ലക്ഷണങ്ങൾ മാസങ്ങൾ മുതൽ വർഷങ്ങളോളം കഴിഞ്ഞേ പ്രത്യക്ഷപ്പെടുകയുള്ളൂ.

സിലിക്കോസിസ് മൂലം മറ്റ് പല രോഗങ്ങളും രോഗിയിൽ കാലക്രമേണ വരാം. ക്ഷയരോഗമാണ് അതിൽ പ്രധാനപ്പെട്ടത്. ഒരു സിലിക്കോസിസ് രോഗിക്ക് മറ്റുള്ളവരെക്കാൾ ക്ഷയരോഗമുണ്ടാകുന്നതിനുള്ള സാധ്യത 25 ഇരട്ടിയാണ്. കഫം ഉള്ള ചുമ, വൈകുന്നേരങ്ങളിൽ ഉണ്ടാകുന്ന പനി, വിശപ്പില്ലായ്മ, ഭാരം കുറയുക, ക്ഷീണം എന്നിവയാണ് ഇതിന്റെ ലക്ഷണങ്ങൾ. കഫപരിശോധനയിലൂടെയും എക്സ്റേയിലൂടെയും രോഗനിർണയം നടത്താം.

ശ്വാസകോശത്തിന് വെളിയിൽ വായു കെട്ടി നിൽക്കുന്ന 'ന്യൂമോതൊറാക്സ്', വാതരോഗങ്ങൾ, വൃക്കതകരാറും സ്തംഭനവും എന്നിവയും സിലിക്കോസിസ് രോഗം മൂലം ഉണ്ടാകാം. കൂടാതെ ബ്രോങ്കൈറ്റിസും സ്ഥായിയായ ശ്വാസതടസ്സവും ഉണ്ടാകാം. അപൂർവമായി ശ്വാസകോശാർബുദവും ഉണ്ടാകുന്നതായി കണ്ടിട്ടുണ്ട്.

## രോഗനിർണയം

വ്യക്തമായ രോഗവവിവരണവും തൊഴിൽ സാഹചര്യവിവരണവും കൊണ്ട് രോഗം സംശയിക്കപ്പെടാം. നെഞ്ചിന്റെ എക്സ്റേയാണ് രോഗനിർണയത്തിന് ഏറ്റവും സഹായകരം. കഫ പരിശോധന, രക്തപരിശോധന, ശ്വാസകോശത്തിന്റെ പ്രവർത്തനക്ഷമതയും രോഗത്തിന്റെ കാഠിന്യം മനസ്സിലാക്കുന്നതിനുള്ള 'പൾമണറി ഫങ്ഷൻ ടെസ്റ്റിങ്', 'ഇ.സി.ജി' പരിശോധന എന്നിവയും വേണ്ടി വന്നേക്കാം. രോഗം അധികരിക്കുന്ന അവസ്ഥയിൽ ഹൃദയത്തെയും ബാധിക്കാമെന്നതിനാൽ 'എക്കോ സ്കാനിങ്ങും' ഗുണം ചെയ്യും. ബയോപ്സി പരിശോധനയിലൂടെ മാത്രമേ രോഗം നൂറു ശതമാനം ഉറപ്പോടെ നിർണയിക്കുവാൻ സാധിക്കുകയുള്ളൂ.

## ചികിത്സയും രോഗം തടയലും

ഒരിക്കൽ രോഗം തുടങ്ങിയാൽ ഫലപ്രദമായ ചികിത്സകൾ ഒന്നും തന്നെയില്ല. രോഗിയെ രോഗം അധികരിക്കുന്നതിൽ നിന്ന് തടയാനാകും. തൊഴിൽ മാറുക എന്നതാണ് പ്രധാനം. സിലിക്കോസിസിനോടനുബന്ധിച്ചുണ്ടാകുന്ന രോഗങ്ങൾ എല്ലാം തന്നെ ചികിത്സിച്ച് ഭേദമാക്കാം. ഇത്തരം രോഗങ്ങൾ വരാതിരിക്കാനും ചില നടപടികൾ സ്വീകരിക്കാം.

ശ്വസിക്കപ്പെടുന്ന സിലിക്കാ ഘടകത്തിന്റെ അളവ് അനുസരിച്ചായിരിക്കും രോഗസാധ്യത. അതിനാൽ 100mg/m$^3$ലേക്കാൾ കുറഞ്ഞ തോതിൽ സിലിക്കോണുള്ള തൊഴിൽ സാഹചര്യം ഉറപ്പുവരുത്തണം. വലിയ ഘടകങ്ങൾ ശ്വസിക്കപ്പെടില്ല എന്നതിനാൽ സുരക്ഷിതമാണ്. കൂടാതെ തൊഴിൽ സ്ഥലം തുറസ്സായതും വായു സഞ്ചാരം അനുവദനീയമായതും ആയിരിക്കണം. ഇത് സാധിക്കാത്ത സാഹചര്യത്തിൽ വെള്ളം തളിക്കൽ, മാസ്ക് ധരിക്കൽ, ഹെൽമറ്റും റെസ്പിറേറ്ററും ഉപയോഗിക്കൽ എന്നിവ സ്വീകരിക്കാം.

ആധുനികയുഗത്തിൽ നിർമാണപ്രവർത്തനങ്ങൾ വർധിച്ചുവരുന്നതിനാൽ സിലിക്കോസിസ് സാധ്യത ഏറുകയാണ്. കേരളത്തിൽ എല്ലാ ജില്ലകളിൽ നിന്നും സിലിക്കോസിസ് സാന്നിധ്യം അറിഞ്ഞിട്ടുണ്ട്. ജോലിസ്ഥലത്തെ ഫലപ്രദമായ സുരക്ഷാക്രമീകരണങ്ങൾ കൊണ്ട് നമുക്ക് ഇതിനെ പൂർണമായും തടയാൻ സാധിക്കും. രോഗം വന്നാൽ ചികിത്സ ഇല്ല എന്നതിനാൽ 'രോഗം വരാതെ നോക്കുക' എന്ന ചൊല്ല് ഇതിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം അർഹിക്കുന്നു. ■

# സ്വന്തം മണ്ണിന്റെ ചെത്തവും ചൂരും



ജി. ബാബുരാജ്

ചരിത്രത്തിന്റെ ഭാഗമാണ് എസ്.എൽ.പുരം സദാനന്ദന്റെ ജീവിതം. മലയാളത്തിന്റെ സർഗാത്മക ഭൂമികയിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് എസ്.എൽ.പുരം നല്കിയ സംഭാവനകളെ കണ്ടില്ലെന്നു നടിക്കാനാവില്ല. ഒരു കലാകാരൻ എങ്ങനെ മനുഷ്യമനസ്സിലൂടെയും അവന്റെ ദിനചര്യകളിലൂടെയും സഞ്ചരിക്കണം എന്ന് അദ്ദേഹം നമുക്ക് കാട്ടിത്തന്നു. ചുറ്റുമുള്ള മനുഷ്യരുടെ ആകുലതകൾക്കൊപ്പം നില്ക്കാൻ കഴിഞ്ഞതു കൊണ്ടാണ് ദന്തഗോപുരവാസിയല്ലാത്ത മനുഷ്യരുടെ കഥകൾ എസ്.എൽ. പുരത്തിന് രചിക്കാനായത്. അതിന് നാം നന്ദി പറയേണ്ടത് അദ്ദേഹത്തിന് ലഭിച്ച മൗലികസമൃദ്ധമായ ജീവിതസാഹചര്യത്തോടാണ്.

നാടകക്കാരൻ എന്ന നിലയിൽ എസ്.എൽ.പുരം മലയാളത്തിൽ വ്യത്യസ്തമായൊരു ദൃശ്യഭാഷ രചിച്ചു. താൻ സൃഷ്ടിച്ച നാടകങ്ങൾ അരങ്ങിൽ ജീവൻവച്ച് വേദികളിൽ നിന്നും വേദികളിലേക്ക് യാത്രയാകുന്നത് എസ്.എൽ.പുരം ആഹ്ലാദത്തോടെ നോക്കി നിന്നു. കഥാപാത്രങ്ങൾക്കൊപ്പം പ്രേക്ഷകർ ആനന്ദിക്കുന്നതും ഗദ്ഗദപ്പെടുന്നതും കണ്ട് ഏറ്റവുമധികം സംതൃപ്തനായിട്ടുള്ള നാടകക്കാരനും എസ്.എൽ.പുരമാകും.


അമ്പതിലേറെ നാടകങ്ങൾ എസ്.എൽ.പുരം സദാനന്ദൻ രചിച്ചിട്ടുണ്ട്. അവയിൽ ഒട്ടുമിക്കവയും സാമൂഹിക വീക്ഷണമുള്ള ഒരു കലാകാരന്റെ രചനകളായി മാറുകയായിരുന്നു. രചിക്കുന്ന നാടകങ്ങൾ സ്വയം സംവിധാനം ചെയ്യണം എന്ന നിഷ്കർഷയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഒരു കഥാപാത്രത്തെ താൻ സങ്കല്പിക്കുന്നതുപോലെ അരങ്ങിലെത്തിക്കണമെങ്കിൽ അതിന്റെ സംവിധാനം സ്വയം ചെയ്യണമെന്ന വിശ്വാസമായിരുന്നു എസ്.എൽ.പുരത്തിനുണ്ടായിരുന്നത്. പരീക്ഷണങ്ങൾക്കോ, വിദേശ സ്വാധീനത്തിനോ വശംവദനാകാതെ താൻ നില്ക്കുന്ന മണ്ണും അവിടുത്തെ മനുഷ്യരുമാണ് നാടകത്തിന് വേണ്ട അസംസ്കൃതവസ്തുവായി എസ്.എൽ.പുരം തെരഞ്ഞെടുത്തത്. കുട്ടനാടിന്റെ ജീവിതഗന്ധിയായ നിമിഷങ്ങൾ നല്കിയ പ്രചോദനമാവണം അദ്ദേഹത്തിലെ കലാകാരനെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടിരുന്നത്. കാലവർഷം, അഗ്നിപുത്രി, കാട്ടുകുതിര, പുന്നപ്ര വയലാർ എന്നിവ അദ്ദേഹത്തിന്റെ മികച്ച നാടകങ്ങളാണ്.

നാടകജീവിതം നല്കിയ അതിഗാഢമായ ദൃശ്യാവബോധം സിനിമയിൽ പ്രയോഗിക്കാൻ എസ്.എൽ.പുരത്തിന് സാധിച്ചു. അതിന് ഉത്തമദൃഷ്ടാന്തങ്ങൾ നിരവധിയാണ്. മലയാള സിനിമയുടെ ചരിത്രത്തിൽ നിർണായകസ്ഥാനം വഹിക്കുന്ന ചെമ്മീനിന്റെ തിരക്കഥ രചിച്ചത് എസ്.എൽ.പുരമാണ്. തകഴിയെന്ന എഴുത്തുകാരന്റെ അനവദ്യമുദ്രകളുള്ള ഒരു കൃതിയുടെ ഹൃദയം തൊട്ടറിഞ്ഞുകൊണ്ടാണ് എസ്.എൽ.പുരം തിരക്കഥ ഒരുക്കിയത്. ദേശീയവും അന്തർദേശീയവുമായി നിരവധി പുരസ്കാരങ്ങൾ നേടിയ ചെമ്മീൻ എന്ന സിനിമയെ ശ്രദ്ധേയമാക്കിയതിൽ തിരക്കഥയ്ക്കുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല.

നൂറ്റമ്പതോളം സിനിമകൾക്ക് തിരക്കഥയെഴുതിയ എസ്.എൽ.പുരത്തെ മലയാള ചലച്ചിത്രലോകം ക്രിയാത്മകതയോടെ തിരിച്ചറിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. ആഘോഷങ്ങളുടെ പൊലിമകൾക്കു പിന്നാലെ പോകാതെ എന്നും ഒറ്റയാനായി ജീവിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അതുകൊണ്ടാവാം ആദരവും അംഗീകാരവുമൊക്കെ വേണ്ടവണ്ണം അദ്ദേഹത്തെ തേടിച്ചെല്ലാതിരുന്നത്. മമ്മൂട്ടി എന്ന നടനെ ശ്രദ്ധേയനാക്കിയ 'യവനിക' എന്ന സിനിമയുടെ തിരക്കഥ രചിച്ചത് എസ്.എൽ.പുരമാണ്. അഗ്നിപുത്രി, കാവ്യമേള, പുന്നപ്രവയലാർ, ഒരു പെണ്ണിന്റെ കഥ എന്നീ സിനിമകൾ മലയാള സിനിമയുടെ ചരിത്രത്തിൽ അവിസ്മരണീയമായി നിലനിൽക്കുന്നു. അതിൽ സിനിമകളുടെ തിരക്കഥകൾ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല. 'അഗ്നിപുത്രി' എന്ന സിനിമയുടെ തിരക്കഥയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചിരുന്നു. 'കാവ്യമേള'യ്ക്ക് കേന്ദ്രസർക്കാരിന്റെ വെള്ളിമെഡലും ഒരു പെണ്ണിന്റെ കഥ, യവനിക എന്നീ ചലച്ചിത്രങ്ങൾക്ക് തിരക്കഥയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചിരുന്നു. എന്നാൽ അർഹിക്കുന്ന അംഗീകാരം പല സന്ദർഭങ്ങളിലും തനിക്ക് ലഭിച്ചില്ല എന്ന പരാതി എസ്.എൽ.പുരം ചില സന്ദർഭങ്ങളിൽ തുറന്നു പറഞ്ഞിട്ടുണ്ട്. ഒരു കാലഘട്ടത്തിന്റെ തിരശ്ശീലയിൽ വാക്കുകൾ കൊണ്ട് ചരിത്രമെഴുതിയ കലാകാരനായിരുന്നു എസ്.എൽ.പുരം.

ഒരു കലാകാരൻ എന്ന നിലയിൽ മലയാളിയുടെ ജീവിതത്തെ സ്വാധീനിക്കാൻ കഴിഞ്ഞു എന്നതിനപ്പുറം കാലഘട്ടത്തെ സാക്ഷ്യപ്പെടുത്താനും എസ്.എൽ. പുരത്തിന് സാധിച്ചു. ജീവിക്കുന്ന സാഹചര്യത്തിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തുന്നതിനൊപ്പം അവർ അനുഭവിക്കുന്ന ധർമസങ്കടങ്ങളെ മൗലികമായ രീതിയിൽ പകർത്തി വക്കാനും എസ്.എൽ.പുരത്തിന് സാധിച്ചു. അതുതന്നെയാവും വരും കാല ചരിത്രം അദ്ദേഹത്തെ അനുസ്മരിക്കുന്നതിന്റെ മുഖ്യമാനദണ്ഡമാക്കുക.

സെപ്തംബർ 16 രാത്രി 9.30 ന് എസ്.എൽ.പുരം സദാനന്ദൻ അന്തരിച്ചു. സമ്പന്നമായ നാടകജീവിതത്തോടും ആത്മബന്ധമുള്ള സമൂഹത്തോടും പ്രിയപ്പെട്ടവരോടും യാത്ര പറഞ്ഞ് ചരിത്രത്തിലേക്ക് നടന്നു പോകുകയായിരുന്നു അദ്ദേഹം. കുട്ടനാടൻ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലൂടെ സഞ്ചരിക്കുന്ന ഏതൊരു തലമുറയ്ക്കും പ്രചോദനവും മാതൃകയുമായി അനശ്വര കലാകാരന്റെ ഓർമകൾ നിലനിൽക്കും. നാടകക്കാരൻ എന്ന നിലയിലും ചലച്ചിത്രരചയിതാവ് എന്ന നിലയിലും സാമൂഹ്യ പ്രവർത്തകൻ എന്ന രീതിയിലും തന്റെ അടയാളം രേഖപ്പെടുത്താനായ എസ്.എൽ.പുരത്തിന്റെ സ്മരണയ്ക്കു മുമ്പിൽ കലാകേരളം നമിക്കുന്നു. ■



# കുതിരമാളിക

## ചരിത്രവിസ്മയങ്ങളു

**തിരുവിതാംകൂറിന്റെ രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക ജീ**

സകലകലാവല്ലഭനെന്നും സർവവിദ്യാപാരംഗതനെന്നും പുകൾപെറ്റ ഒരു മഹാരാജാവ് തിരുവിതാംകൂർ വാണിരുന്നു. 'ഗർഭശ്രീമാൻ' എന്ന് വിഖ്യാതനായ അദ്ദേഹമായിരുന്നു ശ്രീ സ്വാതി തിരുനാൾ രാമവർമ മഹാരാജാവ്. ക്രിസ്തുവർഷം 1829 മുതൽ 1847 വരെയായിരുന്നു ഭരണകാലം. കല, സാഹിത്യം, സംസ്കാരം എന്നീ രംഗങ്ങളിൽ അമൂല്യ സംഭാവനകൾ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. യുവാവായിരിക്കുമ്പോൾ തന്നെ നാടുനീങ്ങിയ സ്വാതി തിരുനാളിന്റെ ഭരണകാലം സകലകലകളുടെയും സുവർണകാലമായിരുന്നു എന്ന് പിന്നീട് അധികാരത്തിൽ വന്ന വിശാഖം തിരുനാൾ മഹാരാജാവ് രേഖപ്പെടുത്തിയിട്ടുണ്ട്.

സ്വാതിതിരുനാളിന്റെ ഭരണകാലം നിർമാണരംഗത്ത് ശ്രദ്ധേയമായ പല നേട്ടങ്ങൾക്കും സാക്ഷിയായി. അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ യശസ്സ് ഉയർത്തുന്ന അതുല്യ ശില്പസൗധമാണ് പുത്തൻമാളിക എന്ന കുതിരമാളിക. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനടുത്ത് ഉപ്പരിക്കമാളികയോട് ചേർന്ന് വിശാലമായ വളപ്പിനുള്ളിലാണ് പുത്തൻമാളികയുടെ സ്ഥാനം. വാസ്തുശില്പകലയിൽ സ്വാതി തിരുനാളിന്റെ വൈഭവം പ്രകടമാക്കുന്ന നിർമിതികളിലൊന്നാണിത്. നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽ വികാസം പ്രാപിച്ച വാസ്തുശില്പശൈലിയിലാണ് ഈ കൊട്ടാര സമുച്ചയം പണികഴിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇതിന്റെ പണിക്കാരും ശില്പികളും തഞ്ചാവൂരിൽ നിന്നെത്തിയവരായിരുന്നു. നാലുകെട്ടും നടുമുറ്റവും പടിപ്പുര വാതിലുകളുമെല്ലാം ഉൾപ്പെട്ടതും അനേകം ചെറു കൊട്ടാരക്കെട്ടുകൾ ചേർന്നതുമായ ഈ കൂറ്റൻ മാളികയുടെ നിർമാണ സവിശേഷതകൾ ആരെയും അത്ഭുതപ്പെടുത്തും. ശില്പികളും ദാരുശില്പ വിദഗ്ദ്ധന്മാരും മറ്റ് പണിക്കാരും ഉൾപ്പെടെ നാലായിരത്തിലിധികം ജോലിക്കാർ നാലു വർഷം അഹോരാത്രം പണിചെയ്തു രൂപപ്പെടുത്തിയതാണത്രെ ശില്പസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഈ മണിമാളിക. അതാകട്ടെ മഹാരാജാവിന്റെ കല്പന അനുസരിച്ച് തിരുവിതാംകൂറിലെ അന്നത്തെ ബ്രിട്ടീഷ് റസിഡന്റായിരുന്ന ജനറൽ കല്ലന്റെ എതിർപ്പിനെ പാടെ അവഗണിച്ചു കൊണ്ടും.

ഇനി ഇതെങ്ങനെ കുതിരമാളികയായി എന്നു നോക്കാം. നാലു കെട്ടിന്റെ പ്രൗഢിയിൽ തലയുയർത്തി നിൽക്കുന്ന ഈ കൊട്ടാരത്തിന്റെ നിർമാണത്തിന് സ്വാതി തിരുനാൾ തഞ്ചാവൂരിൽ നിന്നുള്ള ശില്പികളെ നിയോഗിക്കുകയായിരുന്നു. അവരുടെ കരവിരുതിൽ രൂപം കൊണ്ട പുറത്തേയ്ക്കു തള്ളിനില്ക്കുന്ന നൂറ്റി ഇരുപത്തിരണ്ട് അശ്വരൂപങ്ങൾ കൊട്ടാരത്തിന്റെ തെക്കുഭാഗത്തെ സമുച്ചയത്തിൽ കാണാം. നിരനിരയായി ചെയ്തിരിക്കുന്ന ചാരുതയാർന്ന കുതിരശില്പങ്ങളുടെ അപൂർവസംഗമം ഉള്ളതുകൊണ്ടാണ് ഈ കൊട്ടാരം കുതിരമാളിക എന്ന പേരിൽ പ്രശസ്തമായത്. ശില്പസൗന്ദര്യത്തിന്റെ മകുടോദാഹരണമായ പുത്തൻ മാളികയുടെ പണി 1846-ൽ പൂർത്തിയായി. ഇതിന്റെ ഗൃഹപ്രവേശന ദിവസം സ്വാതിതിരുനാൾ കൊട്ടാരം മുഴുവൻ ചുറ്റിക്കാണുകയുണ്ടായി. കൊട്ടാരത്തിന്റെ തെക്കുഭാഗത്തായി ദാരു ശില്പവിദഗ്ദ്ധന്മാർ പണിതുറപ്പിച്ചിരുന്ന അശ്വരൂപങ്ങളെ കണ്ട് മഹാരാജാവ് ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ഈ ഗൃഹത്തിൽ താമസിച്ചാൽ ഒരു വർഷത്തിനകം തെക്കോട്ടു പോകാം". അദ്ദേഹത്തിന്റെ ഈ വാക്കുകൾ അറം പറ്റിയതുപോലെ ഭവിക്കുകയായിരുന്നു. പിന്നീട് ഒരു വർഷത്തിനുള്ളിൽ മുപ്പത്തിനാലു വയസ്സു പോലും തികയും മുമ്പ് മഹാരാജാവ് നാടു നീങ്ങി.

മറ്റു പല പഴയകാല നിർമിതികളെയും പോലെ കുതിരമാളികയുടെ നിർമാണത്തിനും തടി നിർലോഭം ഉപയോഗിച്ചിരിക്കുന്നു. കാലത്തെ അതിജീവിക്കാൻ കഴിവുള്ള ഈട്ടിയും തേക്കുമാണ് നിർമാണത്തിനും വിവിധ അലങ്കാരപ്പണികൾക്കുമായി ഉപയോഗിച്ചിരിക്കുന്നത്. അതേസമയം കാലപ്രവാഹത്താൽ ഒട്ടും പോറൽ ഏല്ക്കാത്ത തറയുടെ നിർമാണം ചിരട്ടക്കരി, കരുപ്പുകട്ടി, മുട്ടയുടെ വെള്ളക്കരു, കരിക്കിൻവെള്ളം തുടങ്ങിയ അസുലഭ വസ്തുക്കളുടെ മിശ്രിതത്താലാണ്. ചിത്രപ്പണികളാൽ അലംകൃതമായ മച്ചും ശില്പവൈദഗ്ദ്ധ്യം തുളുമ്പുന്ന തൂണുകളും ഇതിന്റെ പ്രത്യേകതകളാണ്. ഓരോ മുറിയിലും വ്യത്യസ്ത രീതിയിലാണ് മച്ചിലെ ചിത്രപ്പണികൾ ചെയ്തിരിക്കുന്നത്. വിവിധ വ്യാളിരൂപങ്ങളും തേൻ കുടിക്കുന്ന തത്തകളും പൂക്കളും ലതകളുമെല്ലാം മച്ചിലെ നയനാനന്ദകരമായ ചില ദൃശ്യങ്ങൾ മാത്രം. മുകളിലെ ഒരു മുറിയിലെ സ്ഫടിക നിർമിതമായ പുഷ്പദളങ്ങൾ ആരുടെയും ശ്രദ്ധ







# മായി ഒരു മഹാസൗധം

ഡോ. ടി. മെറ്റിൽഡ

**ിതത്തിലേക്ക് നമ്മെ നയിക്കുന്ന ചരിത്ര സത്യമാണ് പുത്തൻമാളിക എന്ന കുതിരമാളിക.**

യാകർഷിക്കും. നിലത്തെ രൂപങ്ങൾ ഈ ദളങ്ങളിൽ പ്രതിഫലിക്കുമ്പോൾ നാം അറിയാതെ അവ നിർമിച്ച ശില്പികളുടെ കരവിരുതിനെക്കുറിച്ചോർത്തു പോകും. എന്തിനേറെ, പുത്തൻ മാളികയുടെ മച്ചിലും മുഖപ്പുകളിലും അകത്തളങ്ങളിലും ഇടനാഴികളിലുമെല്ലാം രാജകീയ പ്രൗഢി തെളിഞ്ഞു കാണാം.

സംഗീതത്തിന് അമൂല്യ സംഭാവനകൾ നൽകിയ സ്വാതി തിരുനാൾ തന്റെ കൊട്ടാരത്തിൽ സംഗീതത്തിനായി വിശാലമായൊരു മണ്ഡപം ഒരുക്കിയിരുന്നു. കൊട്ടാരത്തിലെ സവിശേഷതയാർന്ന മുഖപ്പുകളിലൊന്നാണ് അംബാരിമുഖപ്പ്. ഇവിടെ ഇരിക്കുന്ന ആളിനെ പുറത്തുനിന്ന് നോക്കുന്നവർക്ക് കാണാൻ കഴിയാത്ത വിധത്തിലാണ് കടഞ്ഞെടുത്ത തടിക്കഷണങ്ങൾ അഴികളായി ഉറപ്പിച്ച് പണിപൂർത്തീകരിച്ചിരിക്കുന്നത്. ഇവിടെ വച്ചാണ് സ്വാതിതിരുനാൾ അനേകം വിശിഷ്ടകാവ്യങ്ങൾ രചിച്ചത്. കാവ്യരചനയിൽ ഏർപ്പെടും മുമ്പ് അദ്ദേഹം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വർണക്കൊടിമരത്തെയും ഗോപുരത്തെയും വണങ്ങിയിരുന്നു. മാത്രമല്ല പത്മനാഭസ്വാമിയെ നേരിട്ടു ദർശിക്കുന്നതിനും പലപ്പോഴും അദ്ദേഹം തയ്യാറായി. അംബാരി മുഖപ്പിലെ പ്രത്യേക കവാടത്തിലൂടെ ക്ഷേത്രത്തിലെത്താൻ കഴിയും വിധമാണ് കൊട്ടാരത്തിന്റെ നിർമാണം. മഹാരാജാവിന്റെ ബഹുമാനാർത്ഥം സ്വാതിതിരുനാൾ സംഗീതോത്സവവും നൃത്തോത്സവവും എല്ലാ വർഷവും കൊട്ടാരത്തിൽ നടത്തി വരുന്നു.

ഇന്ന് കുതിരമാളികയുടെ ചരിത്രപ്രാധാന്യം മുമ്പത്തെക്കാൾ വർദ്ധിച്ചിട്ടുണ്ട്. ഇതിനുകാരണം ഇവിടെ പ്രവർത്തനം തുടങ്ങിയ പുത്തൻ മാളിക മ്യൂസിയമാണ്. 1995-ൽ കുതിരമാളികയിൽ സജ്ജമാക്കിയ മ്യൂസിയം കാർത്തിക തിരുനാൾ തമ്പുരാട്ടി ഉദ്ഘാടനം ചെയ്തു. തുടർന്ന് മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. സ്വദേശികളും വിദേശികളുമായ അനേകർ പുത്തൻമാളികയുടെ പ്രത്യേകതകളും ഉള്ളിലെ ചരിത്രവസ്തുക്കളും കണ്ട് ഗതകാലസ്മരണകൾ അയവിറക്കുന്നു. തിരുവിതാംകൂർ മഹാരാജാവ് അദ്ധ്യക്ഷനായ ട്രസ്റ്റിന്റെ ഭരണത്തിലാണ് ഈ കൊട്ടാര മ്യൂസിയം പ്രവർത്തിക്കുന്നത്. ഇവിടത്തെ വർണക്കാഴ്ചകൾ ആരെയും ആകർഷിക്കുന്നവയും നൂറ്റാണ്ടുകളുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയുമാണ്.

പടിപ്പുരകടന്ന് കൊട്ടാരത്തിനുള്ളിൽ പ്രവേശിച്ചാൽ രാജതേജസ്സുറ്റ സ്വാതിതിരുനാളിന്റെ ഛായാചിത്രം നമ്മെ സ്വാഗതം ചെയ്യുകയായി. അതിൽ ആലേഖനം ചെയ്തിരിക്കുന്ന അക്ഷരങ്ങളും ശംഖുമുദ്രയുമെല്ലാം തിരുവിതാംകൂർ ചരിത്രത്തിലേക്കു നമ്മെ ആനയിക്കും. ചിത്രത്തിലെ ആർ.വി. എന്ന ഇംഗ്ലീഷ് അക്ഷരങ്ങൾ രാമവർമ എന്ന കുടുംബനാമത്തെ സൂചിപ്പിക്കുന്നു. ചിത്രത്തോടു ചേർന്ന് തിരുവിതാംകൂർ

രാജമുദ്രയും കാണാം. അടുത്ത മുറിയിൽ കേരളത്തിന്റെ തനതുകലയായ കഥകളിയുടെ നിശ്ചലദൃശ്യങ്ങളാണ്. തടിയിൽ കടഞ്ഞെടുത്ത് വർണം ചാലിച്ച ഈ രൂപങ്ങൾ വിവിധ കഥാപാത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു. രാജഭരണകാലത്ത് രാജാവിനെ മുഖം കാണിക്കാനെത്തുന്ന ദൂതൻ അത്യന്തം ഭവ്യതയോടെ സന്ദേശം ഉണർത്തിക്കുന്ന ദൃശ്യം അല്പം പോലും ലാളിത്യം വിടാതെ രൂപപ്പെടുത്തിയിരിക്കുന്നത് കലാപ്രേമികൾക്ക് ഹൃദ്യമായ നയനവിരുന്നാണ്. ശിവൻ, കൃഷ്ണൻ, നരസിംഹം, കിരാതൻ, നാരദൻ തുടങ്ങിയ തേക്കിൽ കടഞ്ഞെടുത്ത ചാരുതയാർന്ന ശില്പങ്ങൾ കഥകളി ആസ്വദിച്ച പ്രതീതി ജനിപ്പിക്കുന്നു. തിരുവിതാംകൂർ രാജാക്കന്മാർ ഈ കലയ്ക്കു നൽകിയ പ്രോത്സാഹനവും അതിൽ അവർക്കുണ്ടായിരുന്ന സഹൃദയത്വവും വശ്യതയാർന്ന ഇത്രയേറെ ശില്പങ്ങളിൽ നിന്നും വ്യക്തമാകും.

തികച്ചും പത്മനാഭദാസനായി നാടു ഭരിച്ച സ്വാതിതിരുനാൾ മഹാരാജാവ് പ്രജാക്ഷേമതത്പരനായിരുന്നു. ശ്രീപത്മനാഭനിൽ അചഞ്ചലമായ ഭക്തി നിലനിർത്തിക്കൊണ്ടു തന്നെ മറ്റു ചില ആരാധനാമൂർത്തികളെയും അദ്ദേഹം പൂജിച്ചിരുന്നു. ഹനുമാന്റെയും ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും വിഗ്രഹങ്ങൾ ഇവയിൽ ഉൾപ്പെടും. ഇവയെല്ലാം മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.


ആധുനിക തിരുവിതാംകൂറിന്റെ സുവർണകാലം എന്നറിയപ്പെടുന്ന സ്വാതിതിരുനാളിന്റെ ഭരണകാലം ഇതരകലകളുടെ പുരോഗതിയിൽ കൈവരിച്ച നേട്ടം അന്യാദൃശമാണ്. സംഗീതം, നൃത്തം, ചിത്രമെഴുത്ത്, ശില്പകല എന്നിവയിലെല്ലാം അതീവതത്പരനായിരുന്ന രാജാവ് അവ പ്രോത്സാഹിപ്പിക്കാൻ സദാ ജാഗരൂകനായിരുന്നു. ഗാനരചയിതാവും സംഗീതജ്ഞനുമായിരുന്ന അദ്ദേഹം കർണാടക-ഹിന്ദുസ്ഥാനി സംഗീതത്തിന്റെ സമന്വയം കൈവരിച്ചു. സംഗീതത്തിന് അമൂല്യ മുതൽക്കൂട്ടായ വർണനകൾ, കീർത്തനങ്ങൾ, പദങ്ങൾ, തില്ലാനകൾ മുതലായവ സംഭാവന നൽകിയ മഹാരാജാവ് സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലും അതിസമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സംഗീതോപകരണങ്ങളായിരുന്നു വീണ, മദ്ദളം, സ്വരബത്ത് മുതലായവ. ഇവയും മ്യൂസിയത്തിലെ പ്രദർശനവസ്തുക്കളിൽ ഉൾപ്പെടും. കൂടാതെ സന്ദർശകരുടെ സംഗീതവാസനയെ തൊട്ടുണർത്തുന്ന പലതും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇക്കൂട്ടത്തിൽ സ്വാതിതിരുനാളിന് ലഭിച്ച മ്യൂസിക് ട്രീ വളരെ വിചിത്രമായ ഒന്നാണ്. സപ്തസ്വരങ്ങളെയും പ്രതിഫലിപ്പിക്കുവാൻ കഴിവുള്ള പിച്ചളനിർമിതമായ ഈ സുന്ദരവൃക്ഷത്തിൽ നിന്നൊഴുകിയ സംഗീതം ആ സംഗീത ചക്രവർത്തി ആവോളം ആസ്വദിച്ചിരുന്നിരിക്കാം.

ശില്പകലാ വിദഗ്ദ്ധരെ കൊട്ടാരത്തിൽ ക്ഷണിച്ചുവരുത്തി ആദരിച്ചിരുന്ന സ്വാതി തിരുനാൾ നിർമാണരംഗത്ത് അവരുടെ സേവനം വേണ്ടപോലെ പ്രയോജനപ്പെടുത്തുകയും ചെയ്തു. ദന്തശില്പങ്ങൾ നിർമിക്കുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകിയിരുന്നു. ഇരുപത്തിയഞ്ച് ആനകളുടെ കൊമ്പുകൾ ഉപയോഗിച്ചു നിർമിച്ച മനോഹരമായ ദന്തസിംഹാസനം അദ്ദേഹത്തിന്റെ ശില്പകലാ ബോധത്തിന് മകുടോദാഹരണമായി മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഇതുപോലെ ദന്തനിർമിതമായ ശില്പങ്ങളും തൊട്ടിലുകളും തോക്കും ഇവിടത്തെ ആകർഷണങ്ങളാണ്.

തിരുവിതാംകൂറിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്നതും ചരിത്രസത്യം കുടികൊള്ളുന്നതുമായ ഒട്ടേറെ അപൂർവ വസ്തുക്കളുടെ കലവറയാണ് പുത്തൻമാളിക മ്യൂസിയം. പലതരം പല്ലക്കുകൾ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. യോദ്ധാക്കൾ ഉപയോഗിച്ചിരുന്ന തോക്കുകൾ, കുന്തങ്ങൾ, വിവിധതരം ആയുധങ്ങൾ, പനയോലതലപ്പാവ് എന്നിവ ഇവിടെ കാണാം. കഠിനശിക്ഷകൾ ഏർപ്പെടുത്തിയിരുന്ന രാജഭരണകാലത്ത് കരചരണാദികൾ മാത്രമല്ല ഗളച്ഛേദം തന്നെ നടത്തുന്നതിന് ഉപയോഗിച്ചിരുന്ന വിവിധതരം ആയുധങ്ങൾ, ശത്രുക്കളെ എറിഞ്ഞുവീഴ്ത്താനുള്ള കത്തികൾ തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടും. സത്യം കണ്ടെത്താൻ തിളച്ച എണ്ണയിലോ നെയ്യിലോ കൈമുക്കുന്ന രീതി ഇവിടത്തെ ചിത്രത്തിൽ നിന്ന് വ്യക്തമാകും. മാത്രമല്ല കുറ്റവാളിയെ പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ കൂട്ടിൽ കയറ്റി വിടുന്ന രീതിയും പഴയകാലത്തെ ശിക്ഷകളിൽ ഉൾപ്പെട്ടിരുന്നു. ഇത്തരം ഒരു സങ്കേതത്തിന്റെ ചിത്രവും ഇവിടെ കാണാം.

എന്നാൽ കേരള ചരിത്രത്തിന്റെ ഗതി മാറ്റിമറിച്ച കുളച്ചൽ യുദ്ധം അനാവരണം ചെയ്യുന്ന അസാധാരണ നീളമുള്ള ഒരു തോക്ക് ഏറെ വിസ്മയം ജനിപ്പിക്കുന്ന ഒന്നാണ്. ഇന്ത്യയിലെ ഡച്ചു സാമ്രാജ്യം എന്ന ഡച്ചുകാരുടെ സുന്ദര സ്വപ്നം തച്ചുടച്ച മാർത്താണ്ഡവർമ മഹാരാജാവ് 1741-ൽ നടത്തിയ കുളച്ചൽ യുദ്ധത്തിൽ തടവുകാരനാക്കിയ ഡച്ച് സേനാനായകൻ ഡിലനോയിയുടേതാണ് ഈ തോക്ക്. രാജവിളംബരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി ഉപയോഗിച്ചിരുന്ന പെരുമ്പറകൾ കാലത്തെ അതിജീവിച്ച് ഒളിമങ്ങാത്ത ശബ്ദ ധോരണിയോടെ ഏവരെയും സ്വാഗതം ചെയ്യുന്നു.

ആധുനിക തിരുവിതാംകൂറിന്റെ സുവർണകാലം എന്നറിയപ്പെടുന്ന സ്വാതിതിരുനാളിന്റെ ഭരണകാലം ഇതരകലകളുടെ പുരോഗതിയിൽ കൈവരിച്ച നേട്ടം അന്യാദൃശമാണ്. സംഗീതം, നൃത്തം, ചിത്രമെഴുത്ത്, ശില്പകല എന്നിവയിലെല്ലാം അതീവതത്പരനായിരുന്ന രാജാവ് അവ പ്രോത്സാഹിപ്പിക്കാൻ സദാ ജാഗരൂകനായിരുന്നു. ഗാനരചയിതാവും സംഗീതജ്ഞനുമായിരുന്ന അദ്ദേഹം കർണാടക-ഹിന്ദുസ്ഥാനി സംഗീതത്തിന്റെ സമന്വയം കൈവരിച്ചു.



പാശ്ചാത്യ-പൗരസ്ത്യ രാജ്യങ്ങളുമായി തിരുവിതാംകൂറിനുണ്ടായിരുന്ന സൗഹൃദ ബന്ധത്തിലേക്കു വിരൽ ചൂണ്ടുന്ന ഒട്ടനവധി അപൂർവ വസ്തുക്കളുടെ കലവറയാണ് ഈ മ്യൂസിയം. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടത് ചെക്കോസ്ലോവാക്ക്യയിൽ നിന്ന് ലഭിച്ച ക്രിസ്റ്റൽ ത്രോൺ ആണ്. ശ്രീവിശാഖം തിരുനാൾ മഹാരാജാവിന് ലഭിച്ചതാണ് സ്ഫടികക്കട്ടയിൽ വാർത്തെടുത്ത കോടികൾ വിലമതിപ്പുള്ള ഈ സിംഹാസനം. ഇറ്റലിയിൽ നിന്നു കൊണ്ടുവന്ന മാർബിളിൽ തീർത്ത ദേവ-ദേവീ വിഗ്രഹങ്ങൾ, കൂറ്റൻ നിലക്കണ്ണാടികൾ എന്നിവയും ഇവിടത്തെ പ്രദർശന വസ്തുക്കളാണ്. ഇംഗ്ലണ്ടിൽ നിന്നു ലഭിച്ച ഹെർക്കുലീസിന്റെ വിഗ്രഹം മറ്റൊരു അമൂല്യ ശേഖരമത്രെ. ഇവിടെ നിന്നുള്ള കളിമൺ പാത്രങ്ങളും മികവുറ്റവ തന്നെ. വിവിധതരം സ്റ്റാമ്പുകളുടെ ശേഖരവും ശ്രദ്ധേയമാണ്. പ്രദർശന വസ്തുക്കളിൽ പ്രത്യേക പരാമർശമർഹിക്കുന്ന ഒന്നാണ് ടിബറ്റിൽ നിന്നുള്ള പഗോഡയുടെ രൂപം. പല തരത്തിലുള്ള ചീനഭരണികളും, ചൈനീസ് തത്ത്വചിന്തകനായിരുന്ന കൺഫ്യൂഷ്യസിന്റെ വിഗ്രഹവും, ചൈനീസ് വ്യാളീരൂപങ്ങളുമെല്ലാം ആ രാജ്യവുമായി തിരുവിതാംകൂറിനുണ്ടായിരുന്ന ബന്ധത്തിന് നിതാന്ത തെളിവുകൾ മാത്രം. കൊട്ടാരത്തിലെ ഭോജനശാലയിൽ മാംസാഹാരം നിഷിദ്ധമായിരുന്നതിനാൽ വളപ്പിനുള്ളിൽ വിദേശികൾക്കായി പ്രത്യേക അതിഥി മന്ദിരം ഒരുക്കിയിരുന്നു.



വാച്ചും ക്ലോക്കുമൊന്നും പ്രചാരത്തിലില്ലാത്ത പഴയ കാലത്ത് സൂര്യന്റെ ഗതി നോക്കി സമയം തിട്ടപ്പെടുത്തുന്ന രീതിയാണല്ലോ നമ്മുടെ പൂർവികന്മാർ അവലംബിച്ചിരുന്നത്. പൊതുജനങ്ങളെ സമയം അറിയിക്കുന്നതിൽ ഭരണാധിപന്മാരും ശ്രദ്ധാലുക്കളായിരുന്നതായി ഇവിടത്തെ സൂര്യഘടികാരത്തിന്റെ മാതൃക നമ്മെ ഓർമിപ്പിക്കുന്നു. സൂര്യതാപത്താൽ പ്രവർത്തിച്ചിരുന്ന പീരങ്കിയിൽ നിന്ന് രാവിലെ ഏഴുമണി മുതൽ ഓരോ മണിക്കൂർ ഇടവിട്ടുണ്ടാകുന്ന ശബ്ദം അക്കാലത്തെ ജനങ്ങളുടെ സമയ ബോധത്തിന് വലിയൊരാശ്വാസമായിരുന്നു എന്നതിൽ തർക്കമില്ല.

പൊതുജനാരോഗ്യ രംഗത്തും തിരുവിതാംകൂർ മഹാരാജാക്കന്മാർ തത്പരരായിരുന്നു എന്നതിനുള്ള തെളിവും ഈ മ്യൂസിയത്തിലെ പ്രദർശന വസ്തുക്കളിൽപ്പെടും. തിരുവനന്തപുരത്തെ ആദ്യത്തെ സർക്കാർ ആതുരാലയമായ ജനറൽ ആശുപത്രിയുടെ ചിത്രം അതിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. ആധുനിക ചികിത്സ പ്രജകൾക്ക് ലഭ്യമാക്കാൻ ആയില്യം തിരുനാൾ മഹാരാജാവ് 1865-ൽ രൂപം നൽകിയതാണത്രെ ഈ ധർമാശുപത്രി.

ഫോട്ടോഗ്രഫി പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ചിത്രങ്ങളായിരുന്നു ഓർമ നിലനിർത്താനുള്ള ഒരു പ്രധാന ഘടകം. ഇക്കാലത്തെ അനേകം ചിത്രങ്ങളുടെ പ്രദർശന വേദിയാണ് പുത്തൻ മാളിക മ്യൂസിയം. തിരുവിതാംകൂർ വാണിരുന്നവരുടെയും, രാജകുടുംബാംഗങ്ങളുടെയും, പ്രധാന ചരിത്ര സംഭവങ്ങളുടെയും എണ്ണഛായാ ചിത്രങ്ങളും ഗ്ലാസ് പെയിന്റിംഗുകളും ഇക്കൂട്ടത്തിൽ പെടും. അസാധാരണ വർണങ്ങളിൽ ചാലിച്ചെടുത്ത ഹൃദയഹാരിയായ ചിത്രങ്ങളുടെ രചന യൂറോപ്യന്മാരാണ് നിർവഹിച്ചിരിക്കുന്നത്. മൺ മറഞ്ഞുപോയ രാജാക്കന്മാരുടെ കൂട്ടത്തിൽ മാർത്താണ്ഡവർമയും ധർമരാജാവും അവിട്ടം തിരുനാളുമെല്ലാം ഇവിടെ പുനർജനിച്ചിരിക്കുന്നു. സ്വാതിതിരുനാളിന്റെയും അമ്മയുടെയും ഇളയമ്മയുടെയും ചിത്രങ്ങളും, ബാലനായ സ്വാതിതിരുനാൾ വിനോദത്തിലേർപ്പെട്ടിരിക്കുന്ന ചിത്രവും കാണികളെ ഒരു നിമിഷം മറ്റൊരു ലോകത്തെത്തിക്കുന്നു. 1936-ലെ ക്ഷേത്ര പ്രവേശന വിളംബരത്തിലൂടെ യശസ്സിന്റെ കൊടുമുടിയിലെത്തിയ ശ്രീ ചിത്തിര തിരുനാൾ രാമവർമ മഹാരാജാവിന്റെ ഗാംഭീര്യം തുളുമ്പുന്ന ത്രിമാനചിത്രം ഒരു റഷ്യൻ ചിത്രകാരന്റെ ഭാവനയിൽ രൂപം കൊണ്ടതാണ്. ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ കൊൽക്കൊത്തയിൽ വച്ചു നടന്ന സമ്മേളനവും അതിൽ പങ്കെടുത്ത തിരുവിതാംകൂർ പ്രതിനിധിയുടെ ചിത്രവും, ലോർഡ് കഴ്സണിന്റെ ചിത്രവും, സ്വാതിതിരുനാളിന്റെ തീരുമാനങ്ങൾക്ക് തടസ്സം സൃഷ്ടിച്ച ജനറൽ കല്ലന്റെ ചിത്രവുമെല്ലാം ചരിത്ര രേഖകളായി ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ജനറൽ കല്ലൻ വിക്ടോറിയ രാജ്ഞിക്ക് നൽകുന്ന സന്ദേശത്തിന്റെ ചിത്രം ഇന്ത്യാ ചരിത്രത്തിലെ സുപ്രധാന ഏടുകളിലൊന്നാണ്.

തിരുവിതാംകൂറിനെ ഒരു മാതൃകാരാജ്യമാക്കി ഉയർത്തുന്നതിന് അനവരതം പ്രയത്നിച്ച മഹാരാജാവായിരുന്നു സ്വാതിതിരുനാൾ. ഇതിനുവേണ്ടിയുള്ള ബഹുമുഖപ്രവർത്തനങ്ങൾ നടപ്പിലാക്കിയ അദ്ദേഹം നിർമാണ രംഗത്ത് വാസ്തുശില്പകലയുടെ ചാരുതയ്ക്ക് പൂർണത നൽകി. ഇതിന് മകുടോദാഹരണമാണ് നൂറ്റാണ്ടുകളെ അതിജീവിച്ച് തലയുയർത്തി നിൽക്കുന്ന കുതിരമാളിക എന്ന വിസ്മയം. മൺമറഞ്ഞുപോയ രാജഭരണത്തിന്റെ പ്രത്യേകതകൾ ഈ കൊട്ടാരത്തിൽ ഓരോ ഭാഗത്തും ദൃശ്യമാണ്. കേവലം നാലു വർഷം കൊണ്ട് കലാമേന്മയുള്ള ഈ പടുകൂറ്റൻ മാളിക പൂർത്തിയാക്കിയ ജോലിക്കാരുടെ ആത്മാർത്ഥതയും അർപ്പണബോധവും അതിലുപരി മഹാരാജാവ് എന്ന ഭരണാധിപന് ജനം നൽകിയിരുന്ന ഭയ-ഭക്തി-ബഹുമാനവുമെല്ലാം ഇതിൽ നിന്ന് വ്യക്തമാണ്. കൊട്ടാരത്തിലെ സ്ത്രീകൾക്കു നൽകിയിരുന്ന സമുന്നതപദവിയും ആദരവും ഉള്ളിലെ ദൃശ്യങ്ങൾ വെളിവാക്കുന്നു. അമ്മ മഹാറാണിക്ക് പ്രത്യേകമായൊരു സമുച്ചയം (ഇന്ന് മ്യൂസിയം ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം ഉൾപ്പെട്ട ഭാഗം) തന്നെ ഒരുക്കിയിരുന്നു. അന്തഃപുര സ്ത്രീകൾക്ക് പ്രത്യേകം അറകളും അകത്തളങ്ങളും ക്രമീകരിച്ചിട്ടുണ്ട്. അവർക്ക് കാറ്റു കൊള്ളാനും ഉലാത്താനുമുള്ള ഇടങ്ങൾ വേറെയും. വിജ്ഞാനത്തിനും വിനോദത്തിനും സ്വാതിതിരുനാൾ മുൻഗണന നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പണ്ഡിത സമ്മേളനങ്ങൾക്കായുള്ള പ്രത്യേക ക്രമീകരണം കൊട്ടാരത്തിൽ കാണാം. അതുപോലെ നൃത്ത മണ്ഡപവും ഇവിടത്തെ പ്രത്യേകതയാണ്.

പുത്തൻ മാളികയും ഇതിനു ചുറ്റുമുള്ള മറ്റനേകം കൊട്ടാരങ്ങളും കഴിഞ്ഞ നൂറ്റാണ്ടുകളിലെ പ്രതിഫലനങ്ങളായി ഇന്നു പരിലസിക്കുന്നു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഇവിടത്തെ പല കൊട്ടാരങ്ങളും ഇതിനകം അപ്രത്യക്ഷമായിട്ടുണ്ട്. ജീർണതയിലേക്കു പതിച്ചു കൊണ്ടിരിക്കുന്ന രാജഭരണത്തിന്റെ തിരുശേഷിപ്പുകളായ പുത്തൻമാളികയും മറ്റു രമ്യഹർമ്യങ്ങളും കേടുപാടുകൾ തീർത്തു സംരക്ഷിക്കേണ്ടതുണ്ട്. അമൂല്യങ്ങളായ ഈ പൈതൃകസ്മാരകങ്ങൾ ഒരിക്കലും വിസ്മൃതിയിലാണ്ടുപോകാൻ പാടില്ല. ■




# ജീവിതം ഇപ്പോൾ സുന്ദരം

കടവിൽ കെ. റഷീദ്

ഇന്ത്യയിലാദ്യമായി, ഒരു പക്ഷേ ലോകത്താദ്യമായി വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്നവരുടെ പുനരധിവാസം വിജയകരമായി പൂർത്തിയാക്കിയതിന്റെ പരിപൂർണ നേട്ടം മൂവാറ്റുപുഴ നഗരസഭയ്ക്ക് സ്വന്തം. കഴിഞ്ഞ ഒരു വർഷത്തിലേറെയായി ഈ നഗരസഭയിലെ ചപ്പുചവറുകൾ നീക്കുന്നതും ആശുപത്രിയിലെ അലക്കുജോലികൾ നിർവഹിക്കുന്നതും വേശ്യാവൃത്തിയിൽ നിന്നും പിന്മാറിയ 40-ഓളം വനിതകളാണ്. ഇവർ ഒരു നിശബ്ദ വിജയത്തിന് ഉടമകളാവുകയാണ്. ഇരുപത്തി ഒമ്പതുകാരിയായ പി.എസ്. ഷെഫീന എന്ന സാമൂഹ്യപ്രവർത്തക അഞ്ച് വർഷത്തിലാദ്യമായി താൻ നടത്തിയ കഠിനാധ്വാനത്തിന്റെ ആത്മസംതൃപ്തിയിലാണ്. ആർ.സി.റ്റി.സി. (റീഡേഴ്സ് സെന്റർ ഫോർ ട്രെയിനിംഗ് ആന്റ് കൗൺസിലിങ്) എന്ന സന്നദ്ധ സേവന സംഘടനയിലെ പ്രോജക്ട് മാനേജരാണ് സോഷ്യൽ വെൽഫയറിൽ ബിരുദാനന്തരബിരുദം നേടിയ ഷെഫീന.

വേശ്യാവൃത്തിയിൽ ഏർപ്പെട്ടവർക്കിടയിൽ എയ്ഡ്സിനെതിരെ ബോധവത്കരണം നടത്തുന്നതിനിടയിലാണ് ഈ മഹത്തായ ആശയത്തിന്റെ പിറവി. അന്ന് കണ്ട് സംസാരിച്ച പലരും തന്നോട് ഈ ദുർവൃത്തി ഉപേക്ഷിക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും ഭാവി നടപടികളെക്കുറിച്ച് തീർത്തും വ്യാകുലരായിരുന്നുവെന്ന് ഷെഫീന പറയുന്നു. എങ്ങനെ ജീവിക്കുമെന്ന് ആർക്കും ഒരു രൂപവുമില്ലായിരുന്നു. ഇവർക്ക് എന്തെങ്കിലും തൊഴിൽ കിട്ടിയാൽ പലരും സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ സന്നദ്ധരായിരുന്നു. 1999-ൽ അന്നത്തെ മുനിസിപ്പൽ ചെയർമാനായിരുന്ന മുഹമ്മദ് ബഷീർ ഷെഫീനയുടെ ആശയത്തോട് സർവാത്മനാ പിന്തുണ പ്രഖ്യാപിച്ചു. തുടർന്ന് മുനിസിപ്പൽ

**ഓരോ കടക്കാരും ചവറിന്റെ അളവനുസരിച്ച് ദിവസവും രണ്ടു രൂപ മുതൽ 10 രൂപ വരെ നൽകും. ഇതിനിടയിൽ കിട്ടുന്ന ആക്രി സാധനങ്ങളുടെ വില്പനയിലൂടെ ലഭിക്കുന്ന വരുമാനവും ഈ സഹോദരിമാർക്ക് ലഭിക്കും. ഇന്ന് പ്രതിമാസം ഏകദേശം 1500നും 2000നും ഇടയിൽ വരുമാനം ലഭിക്കുമെന്ന് 'സ്വരുമ'യിലെ ആദ്യകാല അംഗവും ഗ്രൂപ്പ് ലീഡറുമായ പി.കെ. സുധ പറയുന്നു.**





ചെയർമാനായ കെ.കെ. ജയപ്രകാശും ഈ പുനരധിവാസ പദ്ധതിയുടെ വിജയത്തിനായി ശ്രമിച്ചു.

ആദ്യപടിയായി പത്തോളം സ്ത്രീകൾ ചേർന്ന് 'സ്വരുമ' എന്ന പേരിൽ ഒരു യൂണിറ്റ് സ്ഥാപിച്ചു. ഈ യൂണിറ്റിനെ 2002-ൽ കുടുംബശ്രീയിൽ ചേർത്തു. അക്കാലത്ത് ആശുപത്രികളിൽ രോഗികൾ ഉപയോഗിച്ച ബെഡ്ഷീറ്റുകൾ അലക്കുവാൻ ആളില്ലാതെ ഉപയോഗശൂന്യമായി ഉപേക്ഷിക്കുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. മുനിസിപ്പാലിറ്റി ഇവർക്ക് വാഷിങ് മെഷീനുകളും ബാങ്കുകളിൽ നിന്ന് ധനസഹായവും ഏർപ്പാട് ചെയ്തു. ആശുപത്രികളെ സംബന്ധിച്ച് സാമ്പത്തികമായി ഒരുപാട് നേട്ടം തുണികൾ അലക്കി വീണ്ടും ഉപയോഗിക്കുന്നതിലൂടെ ഉണ്ടായി. ആദ്യം ചേർന്ന പത്തോളം സ്ത്രീകൾ വേശ്യാവൃത്തിയിൽ ഏർപ്പെട്ട പലരെയും ഉപദേശിക്കുവാനും തുടങ്ങി.

സമൂഹത്തിന്റെ അംഗീകാരം ലഭിച്ചതിലൂടെ ഈ പദ്ധതി വൻ വിജയത്തിലേക്ക് നീങ്ങുകയായി. 'സ്വരുമയിൽ' അംഗങ്ങളുടെ എണ്ണം കൂടിത്തുടങ്ങി. ഈ അവസരത്തിലാണ് നഗരസഭ ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള പദ്ധതി ഇവരെ ഏല്പിക്കാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി വ്യാപാരികളുമായി മുനിസിപ്പാലിറ്റി അധികൃതർ പലവട്ടം ചർച്ച നടത്തി. കടകളിൽ നിന്നും ഉപേക്ഷിക്കുന്ന ചവറുകൾ എങ്ങനെ നീക്കം ചെയ്യണമെന്നത് അതുവരെ നഗരസഭയ്ക്ക് ഒരു കീറാമുട്ടിയായിരുന്നു. ഓരോ കടക്കാരും ചവറിന്റെ അളവനുസരിച്ച് ദിവസവും രണ്ടു രൂപ മുതൽ 10 രൂപ വരെ നൽകും. ഇതിനിടയിൽ കിട്ടുന്ന ആക്രി സാധനങ്ങളുടെ വില്പനയിലൂടെ ലഭിക്കുന്ന വരുമാനവും ഈ സഹോദരിമാർക്ക് ലഭിക്കും. ഇന്ന് പ്രതിമാസം ഏകദേശം 1500നും 2000നും ഇടയിൽ വരുമാനം ലഭിക്കുമെന്നും 'സ്വരുമ'യിലെ ആദ്യകാല അംഗവും ഗ്രൂപ്പ് ലീഡറുമായ പി.കെ. സുധ പറയുന്നു. ആദ്യകാലങ്ങളിൽ മുനിസിപ്പാലിറ്റിയിലെ ചവർ നീക്കുന്ന ജീവനക്കാർക്കിടയിൽ 'സ്വരുമ' അംഗങ്ങളെ പണി ഏല്പിച്ചപ്പോൾ ശക്തമായ എതിർപ്പുകളാണുണ്ടായത്. അവരുടെ തൊഴിൽസുരക്ഷ ഏർപ്പെടുത്തുന്നതിൽ മുനിസിപ്പാലിറ്റി പ്രതിജ്ഞാബദ്ധമാണെന്ന് കണ്ട് എതിർപ്പുകൾ കുറയുകയായിരുന്നു. ഈ പദ്ധതിക്ക് വേണ്ടി വാഹനവും ഡ്രൈവറെയും പ്രത്യേകമായി മുനിസിപ്പാലിറ്റി വിട്ടു കൊടുത്തു.

എല്ലാ ശനിയാഴ്ചയും അവലോകന യോഗം നടക്കും. പ്രവർത്തന പുരോഗതി വിലയിരുത്തൽ, പെർഫോമൻസ് അപ്രൈസൽ എന്നിവ നടക്കുന്നത് ശനിയാഴ്ചയാണ്. ഇന്ന് ഈ സഹോദരിമാർ തികഞ്ഞ സംതൃപ്തിയിലാണ്. സമൂഹം തങ്ങളെ അംഗീകരിച്ചതാണ് തങ്ങളുടെ വിലപ്പെട്ട മൂലധനമെന്ന് ഇവർ പറയുന്നു. തങ്ങളുടെ മക്കൾ പലരും ഇന്ന് വിദ്യാഭ്യാസം നടത്തുകയാണ്. ഇന്ന് വീട് വാടകയ്ക്ക് തരാനാളുണ്ട്. എളുപ്പത്തിൽ പണം കിട്ടാനായി ചിലർ പഴയ വഴി വീണ്ടും തെരഞ്ഞെടുത്തത് ഈ പദ്ധതിയിലെ വേദനാജനകമായ സ്ഥിതിയാണെന്ന് സുധ പറയുന്നു.

പണി കഴിഞ്ഞാൽ സിനിമ കാണലാണ് ഈ സഹോദരിമാരുടെ മുഖ്യവിനോദം. ഇന്ന് ഇവർക്ക് ആരെയും പേടിക്കാതെ തലയുയർത്തി നടക്കാൻ കഴിയുന്നു. ജീവിതം ഇപ്പോൾ സുന്ദരം എന്ന് ഇവർ ഒറ്റക്കെട്ടായി പറയുന്നു. തെറ്റു തിരുത്തി ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിയതിൽ അഭിമാനവും. ■



*ഫോക്‌ലോർ അക്കാദമിയുടെ മലമ്പാട്ടിനുള്ള അവാർഡ് നേടിയ മാത്തിമുത്തിയെ മന്ത്രി എ.പി.അനിൽ കുമാർ പൊന്നാട അണിയിക്കുന്നു.*

# ഒന്നിനുമല്ലാതെ പാടിയ മാത്തിമുത്തി

പ്രകൃതിയുടെ തംബുരുവെന്ന പോലെ മാത്തിമുത്തി പാടി: ഹൃദയമിടിപ്പിന്റെ താളത്തിൽ ശ്വാസഗതിയുടെ ഈണത്തിൽ മലദൈവങ്ങളെ വാഴ്ത്തി, കാണിവീര്യത്തെ പ്രകീർത്തിച്ച്, പെരിമ്പാട്ടിയും ചോനാമ്പാട്ടും പാടി നൂറ്റിമൂന്നിലും ചെറുപ്പത്തിന്റെ ചുറുചുറുക്കുമായി ഒന്നിനും വേണ്ടിയല്ലാത്ത പാട്ട്. പുതുതലമുറയെ ഈരടികൾ ചൊല്ലിപ്പഠിപ്പിച്ചും ആരോടും പരിഭവമില്ലാതെ പ്രകൃതിയുടെ നൈർമല്യം പോലെ ചിരിച്ചും മുത്തിയമ്മ കുടിയിലെ വിളക്കായി, പ്രകാശമായി.

തലമുറകളിലൂടെ, കൈവഴികളായി ഒഴുകി മാത്തിമുത്തിയിൽ സംഗമിച്ച സംസ്കൃതിയുടെ ആദിമ താളലയങ്ങളെ കാണാതെ കടന്നുപോകാൻ കേരള ഫോക്‌ലോർ അക്കാദമിക്കു കഴിയുമായിരുന്നില്ല. അങ്ങനെ മലമ്പാട്ടു വിഭാഗത്തിൽ 2004 ലെ കേരള ഫോക് ലോർ അക്കാദമിയുടെ അവാർഡിന് 103-ാം വയസ്സിൽ മാത്തിമുത്തി അർഹയായി. കഴിഞ്ഞമാസം പയ്യന്നൂരിൽ നടന്ന അവാർഡുദാനച്ചടങ്ങിൽ പങ്കെടുക്കാൻ പ്രായാധിക്യം മൂലം മുത്തിക്ക് കഴിഞ്ഞില്ല. അന്ന് അവാർഡ്ദാനം നിർവഹിച്ച പിന്നോക്ക-പട്ടിക സമുദായക്ഷേമ, സാംസ്കാരിക മന്ത്രി എ.പി. അനിൽകുമാർ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽപ്പെട്ട കല്ലണകരിക്കകം ആദിവാസി ഊരിലെത്തി ശില്പവും പ്രശസ്തി പത്രവും 5000 രൂപയുമടങ്ങുന്ന അവാർഡ് നൽകുമെന്ന് പറഞ്ഞിരുന്നു.

വനമേഖലയിലെ ദുർഘടപാതകൾ താണ്ടി മന്ത്രി മുത്തിയുടെ ഏതാണ്ട് നാശോന്മുഖമായ കുടിലിലെത്തി. പിരപ്പൻകോട് മുരളി എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മന്ത്രി അവാർഡ് നൽകി മാത്തിമുത്തിയെ ആദരിച്ചു. തന്നെ തേടിയെത്തിയ അതിഥികൾക്ക് മാത്തിമുത്തി മലമ്പാട്ടിന്റെ സദ്യയൊരുക്കി. പൊന്നാട ചാർത്തി ആദരിച്ച മന്ത്രിയോടായി വികാരവായ്പോടെ മാത്തിമുത്തി പറഞ്ഞു: ഒരുപാട് പേർ എന്നെക്കൊണ്ട് പോയി ഒരുപാട് പാട്ട് പാടിച്ചു. പക്ഷേ അഞ്ച് കാശുപോലും തന്നില്ല. ഇന്ന് നിങ്ങൾ കുറേപ്പേർ ഇവിടെ വന്നു. നിങ്ങൾ ഏത് ജില്ലാക്കാരാണെന്നും പാർട്ടിക്കാരാണെന്നും എനിക്ക് അറിയില്ല. എന്നെക്കൊണ്ട് പാടിച്ചു. ഒരുപാട് സമ്മാനങ്ങളും തന്നു. സന്തോഷമായി. കോടി കോടി പുണ്യം. സാക്ഷികളായവരെ കണ്ണീരണിയിച്ചുകൊണ്ട് മാത്തിമുത്തി എല്ലാവരെയും നോക്കി ചിരിച്ചു.

യഥാർത്ഥ കലയുടെ സ്രോതസ്സിലാണ് നാം എത്തിയിരിക്കുന്നതെന്നും ജീവിതത്തിലെ അത്യപൂർവമായ നിമിഷം ഒരിക്കലും മറക്കില്ലെന്നും മന്ത്രി എ.പി.അനിൽ കുമാർ പറഞ്ഞു. പ്രകൃതിയുടെ ഈണവും താളവും ഏറ്റുവാങ്ങി പാടുന്ന മാത്തിമുത്തി തനിക്കു ചുറ്റുമുള്ളവർക്കും തന്റെ വൈഭവം പകർന്നു നല്കി. എക്കാലവും മലയാളികൾക്കുള്ള സമ്പത്തായി ഈ പാട്ടുകൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

പാലോട് രവി, വാമനപുരം പഞ്ചായത്ത് വൈസ് പ്രസിഡന്റ് പവിത്രകുമാർ, ഫോക്‌ലോർ അക്കാദമി ചെയർമാൻ മുഹമ്മദ് അഹമ്മദ്, വൈസ് ചെയർമാൻ ശങ്കരനാരായണൻ, സെക്രട്ടറി പ്രദീപ്കുമാർ എന്നിവർ സംബന്ധിച്ചു.

ഫോക്‌ലോർ അക്കാദമിയുടെ മലമ്പാട്ടിനുള്ള അവാർഡ് നേടിയ മാത്തിമുത്തിയുടെ പൊളിഞ്ഞുവീഴാറായ വീടിന്റെ സ്ഥാനത്ത് പട്ടികവർഗ വികസനവകുപ്പുവഴി വീട് നിർമിച്ചു നൽകുമെന്ന് മന്ത്രി എ.പി.അനിൽ കുമാർ പറഞ്ഞു. ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാദുരിതം പരിഗണിച്ച് കല്ലണക്കരിക്കകത്തേയ്ക്കുള്ള റോഡ് നന്നാക്കാൻ പത്ത് ലക്ഷം രൂപ അനുവദിക്കുമെന്നും, റോഡ് മാത്തിമുത്തിയുടെ പേരിലാകും അറിയപ്പെടുകയെന്നും മന്ത്രി പറഞ്ഞു. ■

# ആപ്പിൾ ഫ്രം കാന്തല്ലൂർ

സുരേഷ് മുതുകുളം

'ഗോൾഡൻ ഡലീഷ്യസ്', 'റെഡ് ഡലീഷ്യസ്', 'റോയൽ ഡലീഷ്യസ്', 'റോം ബ്യൂട്ടി' എന്നൊക്കെ പേരെഴുതി ചുവന്നു തുടുത്ത ആപ്പിൾ പഴങ്ങൾ പഴക്കടകളിൽ ഭംഗിയായി നിരത്തി വച്ചിരിക്കുന്നത് കാണുമ്പോൾ ആരും ഒന്നുകൂടെ നോക്കും. എന്നാൽ നോക്കാനേ കഴിയൂ; തൊട്ടാൽ കൈ പൊള്ളുന്ന വില. ഇതൊക്കെ ഉത്തർപ്രദേശിലെയും ജമ്മു-കാശ്മീരിലെയും നീലഗിരിയിലെയും ആപ്പിൾത്തോട്ടങ്ങളിൽ നിന്നെത്തുന്നതാണ്. എന്നാൽ ഇതുപോലെ 'കേരള ബ്യൂട്ടി' എന്നോ 'കാന്തല്ലൂർ ഡലീഷ്യസ്' എന്നോ പേരിട്ട ആപ്പിൾ വിപണിയിലെത്തിയാൽ എത്രപേർ വിശ്വസിക്കും? എന്നാൽ സംഗതി പരമാർത്ഥമാണ്.

കേരളത്തിന്റെ ജൈവവൈവിധ്യകേദാരമായ ഹൈറേഞ്ച് മേഖലയിൽ വളരെ പണ്ടേ ആപ്പിൾമരങ്ങൾ വളർന്നിരുന്നു. മറ്റു പലതുംപോലെ ഇതും നാം ശ്രദ്ധിച്ചില്ല എന്നു മാത്രം. ഇടുക്കി ജില്ലയിലാണ് കാന്തല്ലൂർ. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് അയ്യായിരത്തിലേറെ അടി ഉയരമുള്ള സ്ഥലം. പഴത്തോട്ടങ്ങൾക്കു പേരെടുത്ത സ്ഥലം. പഴത്തോട്ടം എന്നു പേരുള്ള ഒരു പ്രദേശം തന്നെ കാന്തല്ലൂരുണ്ട്. ആപ്പിൾ മാത്രമല്ല, ഏതാണ്ട് എല്ലാത്തരം ശീതകാല പഴവർഗങ്ങളും ഇവിടെ വളരും. ഓറഞ്ച്, സബർജൽ, പ്ലംസ്, പീച്ചസ്, സപ്പോർട്ട, പേര എന്നു വേണ്ട കേരളത്തിന്റെ പഴക്കൂടയാണ് ഈ ഹൈറേഞ്ച് ഗ്രാമം. പക്ഷേ ഇന്നും പലർക്കും ഇതറിയില്ല എന്നതാണ് ഏറെ രസകരം.

ആപ്പിൾ ഇവിടെ നന്നായി വളരും. ഒരു വർഷം പ്രായമായ ഒട്ടുതൈകളാണ് നട്ട് വളർത്തുന്നത്. സിംല, കൊടൈക്കനാൽ ബ്യൂട്ടി തുടങ്ങിയവയാണ് ഇപ്പോൾ ഇവിടെ പ്രചാരമുള്ള ആപ്പിൾ ഇനങ്ങൾ.

കാന്തല്ലൂരിലെ ആദ്യകാല കർഷകരിൽ ഒരാളായ കൃഷ്ണപിള്ളയുടെ വീട്ടുപറമ്പിൽ ആപ്പിൾ നന്നായി വളരുന്നുണ്ട്. കൊടൈക്കനാലിൽ നിന്ന് തൈ വാങ്ങിയാണ് വളർത്തിയത്. ആപ്പിൾ വളർത്തുന്ന മറ്റു പല കർഷകരും ഇവിടുണ്ട്. കൃഷികേന്ദ്രമായതിനാൽ ഇവിടെ ആപ്പിൾ കിലോയ്ക്ക് 15 രൂപയേ വിലയുള്ളൂ. സീസണായാൽ അതിലും കുറയും.

ശരിയായ വിപണി കണ്ടെത്താൻ കഴിഞ്ഞാൽ ഈ മേഖലയിൽ ആപ്പിൾ കൃഷിയ്ക്ക് ഇനിയും വേരോട്ടമുണ്ടാകും എന്ന് കർഷകർ പറയുന്നു. അപൂർവമായി എത്തുന്ന വിനോദസഞ്ചാരികൾ ഒഴിച്ചാൽ ഇപ്പൊൾ കാന്തല്ലൂർ ആപ്പിൾ അധികവും വാങ്ങിപ്പോകുന്നത് തമിഴ്നാട്ടുകാരാണ്. തിരികെ വിലകൂട്ടി ഇത് കേരളത്തിലെ വിപണിയിൽ തന്നെ എത്തിക്കുന്നു എന്നതാണ് വിചിത്രമായ സംഗതി.

എന്തായാലും കൃഷിയും വിപണനവും ഉഷാറാകുമ്പോൾ നമ്മുടെ മണ്ണിൽ വിളഞ്ഞ ആപ്പിൾ മിതവിലയ്ക്ക് പഴക്കടകളിൽ എത്തുന്ന കാലം വിദൂരമല്ല. ■





# കിൻഫ്ര വീഡിയോ പാർക്കിൽ പ്രിവ്യൂ തിയേറ്റർ

ഇന്ത്യയിലെ തന്നെ ആദ്യത്തെ ഇൻഫോ ടെയ്ൻമെന്റ് വ്യവസായ പാർക്കായ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ അന്താരാഷ്ട്രനിലവാര മുള്ള പ്രിവ്യൂ തിയേറ്റർ സജ്ജമായി. അടൂർ ഗോപാല കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ ഏറ്റവും മികച്ചതും ഡി.റ്റി.എസ്, ഡോൾബി, ഡിജിറ്റൽ തുടങ്ങിയ അത്യാധുനിക സജ്ജീകരണങ്ങളോട് കൂടിയതുമായ ഏക പ്രിവ്യൂ തിയേറ്ററാണ് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ നിർമിച്ചിരിക്കുന്നത്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ അസൈഡ് സ്കീമിൽ നിർമിക്കുന്ന അനിമേഷൻ സോണിന്റെ ഭാഗമായിട്ടാണ് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ പ്രിവ്യൂ തിയേറ്റർ. അനിമേഷൻ സോണിന്റെ ഭാഗമായിട്ടാണെ കിലും ചലച്ചിത്ര വ്യവസായ രംഗത്തുള്ളവർക്ക് ഒരവസരം മാർക്കറ്റിങ്ങിന്റെ ഭാഗ മായി ഉപയോഗപ്പെടു ത്തുവാൻ സാധിക്കും. അന്താരാഷ്ട്ര വിപണി കണ്ടെത്തുവാൻ ശ്രമിക്കുന്ന യുവ സിനിമാ സംവിധായകർക്ക് ഈ പ്രിവ്യൂ തിയേറ്റർ ഒരു അനുഗ്രഹമായിരിക്കും.

കേരളത്തിന്റെ ഭാവിവളർച്ചാമേഖലകളിലൊന്നായ വിനോദ -വിവരസാങ്കേതിക വിദ്യാരംഗത്തെ പ്രവർത്തനം വിപുലപ്പെടു ത്തുന്നതിന്റെ ഭാഗമായി കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ഒരു അനിമേഷൻ സോൺ ആരംഭിക്കും.

കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ആരംഭിക്കുന്ന അനിമേഷൻ സോണിലെ അടിസ്ഥാനസൗകര്യങ്ങളുടെ ഭാഗ മായി നിർമിക്കുന്ന പ്രിവ്യൂ തിയേറ്ററിൽ വീഡിയോ പ്രദർശന ത്തിനുള്ള സൗകര്യവും ലഭ്യമാണ്. 103 സീറ്റാണ് ആകെയുള്ളത്.

## ബി ടു ബി: 22 കോടിയുടെ ഇടപാടുകൾക്ക് ധാരണയായി

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യ ത്തിലുള്ള ബിസിനസ് ടു ബിസിനസ് മീറ്റിൽ 22 കോടിയോളം രൂപയുടെ വാണിജ്യ ഇടപാടിന് ധാരണയായി. ഇതിന്റെ അനുബന്ധമായി ഒരു വർഷ ത്തിനുള്ളിൽ 150 കോടി രൂപ മുതൽ 200 കോടി രൂപ വരെയുള്ള വാണിജ്യ ഇടപാ ടുകൾക്ക് കൂടി കരാറാകുമെന്ന് പ്രതീക്ഷി ക്കുന്നുണ്ടെന്നും മീറ്റിന്റെ സമാപന ദിവ സത്തിൽ വ്യവസായ മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് പറഞ്ഞു.

അമേരിക്കയിലെ ഹാൻഡ്‌ലൂം ഫ്രാബ്രിക്സിൽ നിന്ന് തിരുവനന്തപു രത്തെ വെങ്ങാനൂർ ഹാൻഡ്‌ലൂം സഹക രണ സൊസൈറ്റിക്ക് രണ്ട് കോടി രൂപ യുടെ ഓർഡർ കിട്ടിയിട്ടുണ്ട്. ബാലരാമപു രത്തെ ഹാൻഡ്‌ലൂം വീവേഴ്സ് ഡവല പ്മെന്റ് സൊസൈറ്റിക്കും രണ്ടുകോടി യുടെ ഓർഡർ കിട്ടി. നെതർലാൻഡ്സിൽ റബ്ബറും കയറുത്പന്നങ്ങളും എത്തിക്കാൻ ശാന്തിഗിരി ഗ്രൂപ്പിന് രണ്ട് കോടി രൂപ യുടെ കരാർ ഉറപ്പിക്കാനായി. ഗൾഫിൽ മുള കൊണ്ടുള്ള ഉത്പന്നങ്ങൾ എത്തിക്കു ന്നതിനും വയനാട്ടിലെ 'ഉറവി'നും ഭക്ഷ്യ വസ്തുക്കൾ കയറ്റി അയയ്ക്കുന്നതിനും ഗ്രാന്റ്മാ പിക്കിൾസി നും രണ്ട് കോടി രൂപയുടെ വീതം ഓർഡർ കിട്ടി.

ഇതിനു പുറമെ ഉടൻ പാകം ചെയ്ത് ഉപയോഗിക്കാവുന്ന കരിമീൻ മോളിയും ചില്ലി ചിക്കനും ഗൾഫിലെ വിപണിയി ലെത്തിക്കുന്നതിന് സാജ് അസോസി യേറ്റ്സും കുവൈത്ത് ആസ്ഥാനമാക്കി യുള്ള അമേരിക്കൻ ലോജിസ്റ്റിക്സ് മാനേ ജ്മെന്റ് കമ്പനിയും തമ്മിൽ ധാരണയാ യി.

ഇത് 15 കോടി രൂപയുടെ വാണിജ്യ ഇടപാടിന് വഴിതുറക്കുമെന്നാണ് പ്രതീ ക്ഷിക്കുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി. ബാലകൃ ഷ്ണനും വ്യവസായ വകുപ്പ് ഡയറക്ടർ ടി.ഒ. സൂരജും പറഞ്ഞു.

# കൈത്തറിത്തുണികൾക്ക് സീറോമെഷീൻ

കൈത്തറിത്തുണികളുടെ ഫിനിഷിംഗ് പ്രവൃത്തികൾക്ക് കണ്ണൂരിൽ ആധുനിക സംവിധാനമൊരുങ്ങി. ജില്ലാ പഞ്ചായത്തിന്റെ വസ്ത്രമേഖലയിലൊരു കോമൺ ഫെസിലിറ്റി സെന്റർ എന്ന പദ്ധതിയിൽ പ്പെടുത്തി ചിറക്കൽ ഹാൻവീവ് പ്രോസസിങ് യൂണിറ്റിൽ സ്ഥാപിച്ച സീറോ-സീറോ മെഷീനും കലണ്ടറിംഗ് മെഷീനും ഇനി തുണികളുടെ മേന്മ ഉറപ്പു വരുത്തും. സംസ്ഥാന വ്യവസായ മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ഫിനിഷിംഗ് യന്ത്രങ്ങളുടെ ഉദ്ഘാടന കർമം നിർവഹിച്ചു.



കൈത്തറിത്തുണികൾ സാധാരണ സ്ഥിതിയിൽ അലക്കുമ്പോൾ ചുരുങ്ങി വരും. ഇത് ഒഴിവാക്കണമെങ്കിൽ ഫിനിഷിങ് അത്യാവശ്യമാണ്. നിലവിൽ തമിഴ്നാട്ടിൽ നിന്നും മീറ്ററിന് രണ്ടര രൂപ നിരക്കിൽ ചെയ്തുപോരുകയായിരുന്നു. പുതിയ മെഷീൻ വന്നതോടെ രണ്ടുരൂപ നിരക്കിൽ ഫിനിഷിംഗ് പൂർത്തിയാക്കാം. കയറ്റുമതിചെയ്യുന്ന ഷർട്ടിംഗ്, ഗാർമെന്റ് മെറ്റീരിയൽസ് എന്നിവയ്ക്ക് സീറോ- സീറോ ഫിനിഷിംഗ് കൂടിയേ തീരൂ.

എഴുപത്തിരണ്ട് ഇഞ്ചിന്റെ സീറോ സീറോ ഫിനിഷിംഗ് മെഷീനാണ് ചിറക്കൽ ഹാൻവീവിൽ സ്ഥാപിച്ചിട്ടുള്ളത്. 120 ഇഞ്ച് വീതിയുള്ള തുണി മടക്കി വച്ച് യന്ത്രത്തിൽ സംസ്കരിക്കാം. തുണി ഏഴ് റോളറുകളിലൂടെ ഉയർന്ന സമ്മർദത്തിൽ കടത്തി വിട്ട് തിളക്കവും ഫിനിഷിംഗും കൂട്ടാനാണ് കലണ്ടറിംഗ് മെഷീൻ ഉപയോഗിക്കുക. ഒരു മീറ്റർ തുണി കലണ്ടറിംഗ് നടത്താൻ ഇനി 60 പൈസയാണ് ചെലവാകുക. നിലവിൽ ഒന്നര രൂപ നിരക്കിൽ പുറത്തു നിന്ന് ചെയ്തു വരികയായിരുന്നു. എഴുപതു ലക്ഷം രൂപയാണ് യന്ത്രങ്ങൾക്കുള്ള ചെലവ്.

# ടെൽക്കിന് 10 കോടിയുടെ ഓർഡർ

പൊതുമേഖലാ സ്ഥാപനമായ ട്രാൻസ് ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിന് (ടെൽക്) സുൽത്താനേറ്റ് ഓഫ് ഒമാനിൽ നിന്ന് പത്തു കോടി രൂപയുടെ കയറ്റുമതി ഓർഡർ ലഭിച്ചു. 125 എം.വി.എ (രണ്ടെണ്ണം), 20 എം.വി.എ. (ആറെണ്ണം) ട്രാൻസ്ഫോർമറുകൾക്കുള്ളതാണ് ഈ അഭിമാനാർഹമായ ഓർഡർ. ഒമാനിലെ മബെല്ല, റിയാം പ്രോജക്ടുകളിലെ ഉപയോഗത്തിനായി നിശ്ചയിച്ചിരിക്കുന്ന ഈ ട്രാൻസ്ഫോർമറുകൾക്കുള്ള ഓർഡർ, ലോകത്തെ വൻകിട കമ്പനിക്കാരുമായി ആഗോള ടെൻഡറിൽ മത്സരിച്ചാണ് ടെൽക് കരസ്ഥമാക്കിയത്. ടെൽക്കിന് ലഭിക്കുന്ന ഏറ്റവും വലിയ കയറ്റുമതി ഓർഡറാണിത്. ഈ ട്രാൻസ്ഫോർമറുകളുടെ നിർമാണം കരാർ കാലാവധിയായ 2006 ഏപ്രിൽ-മെയ് മാസത്തിനകം തന്നെ സമയബന്ധിതമായി പൂർത്തിയാക്കും.

കയറ്റുമതി ഓർഡറുകൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ അഞ്ച് കോടി രൂപയുടെ ഓർഡർ കൂടി ഒമാനിൽ നിന്ന് ലഭിക്കും. ഉത്പാദനത്തിലും ലാഭ ത്തിലും ഇക്കൊല്ലവും നേട്ടങ്ങൾ കൈവരിക്കാനാവും. ടെൽക്കിനിപ്പോൾ മൊത്തം 120 കോടി രൂപയുടെ ഓർഡറുകളാണ് നിലവിലുള്ളത്.


# ക്ഷീരമേഖലയിൽ 85 കോടിയുടെ പദ്ധതി

ഗുജറാത്തിലെ ആനന്ദിന്റെ സഹകരണത്തോടെ മൃഗസംരക്ഷണ-ക്ഷീര മേഖലയിൽ 85 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കുമെന്നും അതിൽ ഒന്നാംഘട്ടമായ 35 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതിയായതായും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

23 പഞ്ചായത്തുകളിൽ കൂടി ഓരോ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതോടെ എല്ലാ പഞ്ചായത്തുകളിലും മൃഗസംരക്ഷണ ഓഫീസുകളും പ്രവർത്തനങ്ങളുമുള്ള രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാകും.

കാർഷികരംഗത്ത് വിലയിടിവും രോഗങ്ങളും പ്രകൃതിക്ഷോഭവും കൊണ്ട് പ്രതിസന്ധിയിലായ കർഷകർക്ക് ഉണർവും മുന്നേറ്റവും നൽകാൻ മൃഗസംരക്ഷണ വകുപ്പിന് കഴിഞ്ഞു. രാജ്യത്തിന് മാതൃകയായ ആനന്ദിന്റെ കണ്ടെത്തലുകളും സേവനങ്ങളും സംസ്ഥാനത്തെ കർഷകസമൂഹത്തിനും ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ വകുപ്പ് തിരുവനന്തപുരം കഴക്കൂട്ടം ആറ്റിൻകര എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച ഗുണമേന്മയുള്ള 600 കന്നുകുട്ടികളുടെ പ്രദർശനം- സുരഭി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ഉത്പാദന മേന്മയുള്ള പശുക്കളെ സൃഷ്ടിക്കുന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സുരഭി സംഗമത്തിൽ അഞ്ഞൂറോളം ക്ഷീര കർഷകർ പങ്കെടുത്തു.



## കടൽ കടക്കുന്ന കശുവണ്ടി

ഏറ്റവും ഉയർന്ന കയറ്റുമതി വിഹിതം നേടുന്ന രണ്ടാമത്തെ കാർഷികോത്പന്നം എന്ന സ്ഥാനം കശുവണ്ടി നേടി. കശുവണ്ടി മേഖലയിൽ നിന്നുള്ള കയറ്റുമതിയിലൂടെ ഇന്ത്യ കഴിഞ്ഞ വർഷം 2717.15 കോടി രൂപ സമ്പാദിച്ചു. കഴിഞ്ഞ വർഷം 2709.24 കോടി രൂപയുടെ 126667 ടൺ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചു. കശുവണ്ടിത്തോടിൽ നിന്നുള്ള എണ്ണയുടെ കയറ്റുമതിയും കൂടി. 7.03 കോടി രൂപ വില വരുന്ന 6926 ടൺ എണ്ണയാണ് കയറ്റുമതി ചെയ്തത്. അമേരിക്കയാണ് ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ കശുവണ്ടിപ്പരിപ്പ് വാങ്ങുന്നത്. 1288 കോടി രൂപയ്ക്കുള്ള 61544 ടൺ പരിപ്പ് അമേരിക്ക കഴിഞ്ഞ വർഷം ഇറക്കുമതി ചെയ്തു. കഴിഞ്ഞ വർഷം തോട്ടണ്ടിയുടെ ഇറക്കുമതി 578884 ടണ്ണായി ഉയർന്നു. 2183 കോടി രൂപയാണ് ചെലവ്. 27 ശതമാനത്തിന്റെ വർധനയാണിത്.

## എ തോറിയം ബ്രീഡർ റിയാക്ടർ

ആണവ റിയാക്ടറുകളിൽ സമ്പുഷ്ട യുറേനിയം ഉപയോഗിക്കുന്നു എന്നത് സർവ വിദിതമാണ്. എന്നാൽ തോറിയം ഉപയോഗിച്ച് ആണവ റിയാക്ടർ നിർമിക്കാനുള്ള തയ്യാറെടുപ്പിലാണ് ബാർക്കിലെ ശാസ്ത്രജ്ഞൻമാർ. യുറേനിയം ചെലവേറിയതും ഇറക്കുമതി സുഗമമല്ലാത്തതുമാണ് ഇങ്ങനെയൊരു പരീക്ഷണത്തിന് അവരെ പ്രേരിപ്പിക്കുന്നത്. തോറിയം ഇന്ത്യയിൽ സുലഭമാണ് താനും. എ തോറിയം ബ്രീഡർ റിയാക്ടർ എന്ന മാതൃക ഇതിനകം മുംബൈയിൽ പുറത്തിറങ്ങിക്കഴിഞ്ഞു.

## വന്ദേമാതരം


രാജ്യസ്നേഹമുള്ള ഭാരതീയർക്ക് ഉണർവിന്റെ, കരുത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ ഉണർത്തുപാട്ടാണ് വന്ദേമാതരം. ബങ്കിം ചന്ദ്ര ചാറ്റർജി രചിച്ച 'ആനന്ദമഠം' എന്ന നോവലിലെ ഈ ഗാനത്തിന് നൂറു വർഷത്തിന്റെ കയ്യൊപ്പ്! 1907-ൽ ജർമനിയിൽ വന്ദേമാതരം എന്നെഴുതിയ പതാക ഉയർത്തിയത് സ്വാതന്ത്ര്യ സമര പോരാളി ഭിക്കായ്ജി കാമ എന്ന ധീരവനിതയായിരുന്നു.

## നോ സ്മൈൽ പ്ലീസ്

പാസ്പോർട്ടിൽ ചിരിക്കുന്ന ഫോട്ടോയ്ക്ക് ജർമനിയിലും വിലക്ക്. ബയോമെട്രിക് സമ്പ്രദായമനുസരിച്ചുള്ള പാസ്പോർട്ടുകൾ നിലവിൽ വന്നതോടെയാണ് പുതിയ പരിഷ്ക്കാരം. മുഖത്ത് ഭാവഭേദങ്ങൾ പാടില്ലെന്നാണ് നിബന്ധന. പാസ്പോർട്ടിന് പടമെടുക്കുമ്പോൾ നോ സ്മൈൽ പ്ലീസ് എന്നാണ് ഫോട്ടോഗ്രാഫർമാർ ഇപ്പോൾ ഓർമിപ്പിക്കുന്നത്. കൃത്രിമം കാണിച്ച് അപരന്മാരെ സൃഷ്ടിക്കാൻ കഴിയുമെന്നതാണ് ചിരിപ്പടങ്ങളുടെ കുഴപ്പം. ഭീകര ഭീഷണിയാണ് പുതിയ പരിഷ്ക്കാരത്തിന് വഴിവച്ചത്. അമേരിക്കയിലും ബ്രിട്ടനിലും പുതിയ രീതി നേരത്തേ നിലവിൽ വന്നു.



# ഓസോൺ പാളിയിൽ വിള്ളൽ



ഓസോൺ പാളിയിൽ, ദക്ഷിണധ്രുവത്തിൽ കണ്ടെത്തിയ വിള്ളൽ ഇതുവരെയുള്ളതിൽ ഏറ്റവും വലിയതാണ്. സൂര്യനിൽ നിന്നെത്തുന്ന അൾട്രാവയലറ്റ് രശ്മികളിൽ നിന്ന് ഭൗമോപരിതലത്തെ രക്ഷിക്കുന്ന ഓസോൺ പാളിയിൽ അടിക്കടി സംഭവിക്കുന്ന വിള്ളലുകൾ ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇടയാക്കും എന്ന് കണ്ടെത്തിയതിനെ തുടർന്ന് സി.എഫ്.സി. (Clorinated Fluro Carbons) പോലുള്ള ഹാനികരമായ രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കാനായി 1997-ൽ വന്നതാണ് മോൺട്രിയോൾ ഉടമ്പടി. ഇതിന് ഫലം കണ്ടുതുടങ്ങി എന്നാശ്വസിക്കുമ്പോഴാണ് ഒരു കോടി ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ഓസോൺ പാളിയിൽ വിള്ളൽ രൂപപ്പെട്ടിരിക്കുന്നത്. അമേരിക്കയിൽ ബൗൾഡറിലുള്ള കോളോറാഡോ സർവകലാശാലയിലെയും യു.എസ്. നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷനിലെയും ഗവേഷകർ നടത്തിയ പഠനം പറയുന്നത് ഓസോൺ പാളി പഴയതുപോലെയാകാൻ 2050 കഴിയണം എന്നാണ്.

## സർക്കാർ വെബ്സൈറ്റ്

സർക്കാർ വെബ്സൈറ്റ് 17.65 ലക്ഷം പേർ ആഗസ്റ്റിൽ സന്ദർശിച്ചു. അമേരിക്ക, ആസ്ട്രേലിയ, ബ്രിട്ടൻ, ജർമനി, കാനഡ, ഫ്രാൻസ്, സ്വിറ്റ്സർലാന്റ്, ഗൾഫ് രാജ്യങ്ങൾ തുടങ്ങി നിരവധി രാജ്യങ്ങളിൽ നിന്നുള്ളവരും സൈറ്റ് സന്ദർശിച്ചവരിൽപ്പെടും. വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചതിന് ശേഷം ഇതുവരെ സൈറ്റ് സന്ദർശിച്ചവർ ആറു കോടിയിൽ കവിഞ്ഞു.

# മൊബൈൽ ഫോൺ വിപ്ലവം



ലോകത്ത് മൊബൈൽ ഫോൺ വിപ്ലവം പൊടിപൊടിക്കുന്നു. മൊബൈൽ വരിക്കാരുടെ എണ്ണം 200 കോടി കവിഞ്ഞു. സാധാരണ ടെലിഫോൺ പോലും അടുത്തകാലം വരെ പലയിടത്തും ആഡംബര വസ്തുവായിരുന്ന സാഹചര്യത്തെ അട്ടിമറിച്ചാണ് ലോകം മൊബൈൽ വിപ്ലവത്തിന്റെ പിടിയിലമർന്നത്. മൊബൈൽ ഫോൺ ആഡംബരവും അലങ്കാരവുമായിരുന്ന സ്ഥിതിയിൽ നിന്ന് സാധാരണക്കാരന്റെയും അവശ്യസാധനമായി മാറാൻ എടുത്ത സമയം വളരെ ചെറുതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാത്തവരുടെ എണ്ണം വർധിച്ച വേഗത്തിലാണ് കുറയുന്നത്. ലോകത്തെ 600 കോടി ജനങ്ങളിൽ മൂന്നിലൊരാൾ മൊബൈൽ ഫോൺ ഉപഭോക്താവാണ്. ഓവം-ജി.എസ്.എം. അസോസിയേഷൻ ഏർപ്പെടുത്തിയ വയർലസ് ഇന്റലിജൻസാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

# ഇനി ടൂറ് പോകാം ചന്ദ്രനിലേക്ക്



വിനോദ സഞ്ചാരം ഇഷ്ടമില്ലാത്ത ആരുമുണ്ടാവില്ല. അതൊന്ന് ബഹിരാകാശത്തേക്കായാലോ? ജപ്പാനിലെ ജെ.ടി.ബിയാണ് ഇത്തരമൊരു ത്രസിപ്പിക്കുന്ന അനുഭവത്തിന് വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്നത്. ചന്ദ്രനിലേക്കാണ് ആദ്യയാത്ര. 2008 ഓടെ ഈ ദൗത്യം സഫലമാക്കാനാവുമത്രെ. യാത്രയ്ക്ക് ആവശ്യമായ ട്രെക്ക് താത്പര്യമുള്ളവർക്ക് വാങ്ങുകയുമാവാം. വില വെറും നൂറ് മില്യൺ യു.എസ്. ഡോളർ മാത്രം.

# ഡോ. കലാം വീണ്ടും ക്ലാസ് മുറിയിലേക്ക്



കാലാവധി കഴിഞ്ഞാൽ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാം വീണ്ടും അധ്യാപനത്തിലേക്കും ഗവേഷണത്തിലേക്കും മടങ്ങും. രാഷ്ട്രപതിയുടെയും ശാസ്ത്രജ്ഞന്റെയും സേവനം വെല്ലുവിളി ഉള്ളതായി അനുഭവപ്പെടുന്നുവെന്ന് ഡോ. കലാം അഭിപ്രായപ്പെട്ടു. ഗാങ്ടോക്കിൽ വിവിധ സ്കൂളുകളിലെ കുട്ടികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രപതിയായ കാലയളവിലെ ഏറ്റവും മഹത്തായ അനുഭവം ആറുലക്ഷം കുട്ടികളുമായി സംവദിക്കാൻ കഴിഞ്ഞുവെന്നതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ലക്ഷോപലക്ഷം പേരെ കാണാൻ കഴിഞ്ഞത് ഏറ്റവും വേദനാജനകമായ അനുഭവമായിരുന്നുവെന്ന് ഡോ. കലാം പറഞ്ഞു.



# അണലിവിഷത്തിന് ഇനി ദോഷരഹിത മറുമരുന്ന്

അണലി വിഷത്തിന് മറുമരുന്ന് ഇനി കോഴിമുട്ടയിൽ നിന്ന്. കോഴിമുട്ടയുടെ മഞ്ഞക്കരുവിൽ നിന്ന് ആന്റിബോഡി വേർതിരിച്ച് എലി, ഗിനിപ്പന്നി തുടങ്ങിയവയിൽ നടത്തിയ പരീക്ഷണം വിജയിച്ചു. ഇനി പരീക്ഷണം മനുഷ്യനിലും കൂടി വിജയിച്ചാൽ ഈ മരുന്ന് വിപണിയിലെത്തും. ലോകാരോഗ്യ സംഘടനയുടെ അനുമതിയ്ക്കായി കാക്കുകയാണ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഡോ. ലിസികൃഷ്ണൻ. കുതിരയിൽ നിന്നുണ്ടാക്കുന്ന മരുന്നാണിപ്പോൾ പ്രചാരത്തിലുള്ളത്. ഇത് വൃക്കകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു എന്ന കണ്ടെത്തലാണത്രെ പുതിയ ഗവേഷണത്തിന് പ്രചോദനം.

## അടൂരിന് ഫാൽക്കേ അവാർഡ്



2004-ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡിന് പ്രശസ്ത ചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണൻ അർഹനായി. ഇന്ത്യൻ ചലച്ചിത്രരംഗത്തിന് നല്കിയ അമൂല്യ സംഭാവനകൾ കണക്കിലെടുത്താണ് ഇത്. ചലച്ചിത്ര രംഗത്തെ പരമോന്നത ബഹുമതിയാണിത്. രണ്ട് ലക്ഷം രൂപയും ഷാളും സ്വർണത്താമരയുമാണ് അവാർഡ്.

## മൂന്ന് ഇന്ത്യൻ സിനിമകൾ

എക്കാലത്തെയും മഹത്തായ 100 ചിത്രങ്ങളിൽ മൂന്ന് ഇന്ത്യൻ സിനിമകളും. ടൈം മാഗസിൻ തയ്യാറാക്കിയ എക്കാലത്തെയും മഹത്തായ നൂറു സിനിമകളുടെ പട്ടികയിലാണ് മൂന്ന് ഇന്ത്യൻ ചിത്രങ്ങൾക്കും സ്ഥാനം ലഭിച്ചത്. സത്യജിത് റെയുടെ 'പഥേർ പാഞ്ചാലി', ഗുരുദത്തിന്റെ 'പ്യാസ', മണിരത്നത്തിന്റെ 'നായകൻ' എന്നീ മൂന്ന് സിനിമകളാണ് ഈ പട്ടികയിൽ ഉൾപ്പെട്ടത്. 'ലാറൻസ് ഓഫ് അറേബ്യ', 'കാസാബ്ലാങ്ക', 'ലോർഡ് ഓഫ് ദ റിംഗ്സ് ട്രയോളജി', 'പൾപ്പ് ഫിക്ഷൻ' തുടങ്ങിയ പ്രശസ്ത സിനിമകളും ഈ പട്ടികയിലുണ്ട്.

## കെൻ-ബെത്വ



മധ്യപ്രദേശ്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരും, കേന്ദ്ര ജലവിഭവ മന്ത്രി പി.ആർ. ദാസ് മുൻഷിയും ചേർന്ന് കെൻ-ബെത്വ ലിങ്ക് കരാർ ഒപ്പുവച്ചു. 2005 ആഗസ്റ്റ് 25ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ സാന്നിദ്ധ്യത്തിലാണ് രാജ്യത്തെ ആദ്യത്തെ ഈ നദീജല സംയോജനക്കരാറിനുള്ള ഉടമ്പടിയായത്. കെൻ-ബെത്വ നദികളെ തമ്മിൽ സംയോജിപ്പിക്കുന്നതിന് 4000 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. മധ്യപ്രദേശിലും ഉത്തർപ്രദേശിലുമായി 50,000 ഹെക്ടർ സ്ഥലത്തെ ജലസേചനം സാദ്ധ്യമാക്കാമെന്നാണ് കണക്കുകൂട്ടൽ. കൂടാതെ 72 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കാനാകുമെന്ന് കരുതുന്നു. കെൻ നദിയിലെ കവിഞ്ഞൊഴുകുന്ന വെള്ളം ജലം കുറവായ ബെത്വാ നദിയിലേക്ക് തിരിച്ചുവിടാനാണ് ഈ നദീജല സംയോജന പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. കെൻ നദിയിൽ അണക്കെട്ട് പണിതും 231 കി.മീറ്റർ ലിങ്ക് കനാൽ പണിതുമാണ് ഈ ലക്ഷ്യം പൂർത്തീകരിക്കുന്നത്.


## ന്യൂറോ സയൻസിൽ ഇന്ത്യാക്കാരന് അംഗീകാരം



ഇന്ത്യയിലെ ന്യൂറോ സയൻസസ് ഗ്രൂപ്പ് ചെയർമാൻ പ്രൊഫ. കൃഷ്ണമൂർത്തി അമേരിക്കൻ അക്കാദമി ഓഫ് ന്യൂറോളജി(AAN)യിലെ ഓണററി മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. ലോകത്തെ പ്രൊഫഷണൽ ന്യൂറോളജിസ്റ്റുകളുടെ ഏറ്റവും വലിയ സംഘടനയാണ് AAN.

അമേരിക്കയിലെ ന്യൂറോളജിസ്റ്റുകളുടെ ഉയർന്ന തല സംഘടനകളായ 'അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്' (ANN), 'അമേരിക്കൻ ന്യൂറോളജിക്കൽ അസോസിയേഷൻ' (ANA) എന്നിവയിലും ഓണററി മെമ്പർ കൂടിയായ ആദ്യ ഇന്ത്യാക്കാരനുമാണ് ഇദ്ദേഹം.

## മതസൗഹാർദ്ദ അവാർഡ്
### (കമ്മ്യൂണൽ ഹാർമണി അവാർഡ്) 2004



2004ലെ മതസൗഹാർദ്ദത്തിനുള്ള ദേശീയ അവാർഡിന് ജെയ്ൻ ആചാര്യ ശ്രീ മഹാപ്രഗയ അർഹനായി. 2005 ആഗസ്റ്റ് 2ന് ന്യൂഡൽഹിയിൽ പ്രസിഡന്റ് എ. പി. ജെ. അബ്ദുൽകലാമാണ് അവാർഡ് നൽകിയത്. മതസൗഹാർദ്ദത്തിനും ദേശീയോദ്ഗ്രഥനത്തിനും വേണ്ടിയുള്ള ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കാണ് അവാർഡ്.

## കീർത്തിചക്ര

സുനാമി രക്ഷാപ്രവർത്തനങ്ങൾക്കുള്ള കീർത്തിചക്ര അവാർഡ് വിംഗ് കമാൻഡർ ബി.പി.എസ്. കൃഷ്ണകുമാറിന് ലഭിച്ചു. സമാധാനകാലത്ത് നല്കുന്ന രണ്ടാമത്തെ ഉയർന്ന പട്ടാള ബഹുമതിയാണ് കീർത്തിചക്ര. കാർ നിക്കോബാർ ദ്വീപിലെ ഇദ്ദേഹത്തിന്റെ സുനാമി രക്ഷാപ്രവർത്തനങ്ങൾ മാനിച്ചാണ് അവാർഡ്. കഴക്കൂട്ടം സൈനികസ്കൂളിലെ പൂർവവിദ്യാർത്ഥിയാണ് ഇദ്ദേഹം.

## ദ്രോണാചാര്യ അവാർഡ്

ക്രിക്കറ്റ് കോച്ച്, സുനിതാ ശർമ 2005ലെ ദ്രോണാചാര്യ അവാർഡിനർഹയായി. ദ്രോണാചാര്യ അവാർഡിനർഹയായ ആദ്യ വനിതാ ക്രിക്കറ്റ് കോച്ചാണ് സുനിതാശർമ്മ. 2005 ആഗസ്റ്റ് 29ന് ന്യൂഡൽഹിയിൽ വച്ച് പ്രസിഡന്റ് എ. പി.ജെ. അബ്ദുൽകലാമിൽ നിന്നും ഇവർ അവാർഡ് കൈപ്പറ്റി.



## രാജീവ്ഗാന്ധി ഖേൽരത്ന അവാർഡ്



2004 ഒളിംബിക്സിൽ വ്യക്തിഗത വിഭാഗത്തിൽ ആദ്യമായി സിൽവർ മെഡൽ ഇന്ത്യയ്ക്ക് കരസ്ഥമാക്കിത്തന്ന പ്രഗത്ഭ ഷൂട്ടർ ലഫ്. കേണൽ രാജ്യവർദ്ധൻസിംഗ് റത്തോർ 2004ലെ രാജീവ്ഗാന്ധി ഖേൽരത്ന അവാർഡിനർഹനായി. 2005 ആഗസ്റ്റ് 29ന് പ്രസിഡന്റ് ഡോ. എ.പി.ജെ അബ്ദുൾകലാമിൽ നിന്നാണ് രാജ്യത്തെ ഈ പരമോന്നത കായിക ബഹുമതി റത്തോർ കരസ്ഥമാക്കിയത്. ഈ ബഹുമതി നേടുന്ന രണ്ടാമത്തെ ഷൂട്ടറാണ് റത്തോർ. പ്രശസ്ത ഷൂട്ടർ അഞ്ജലിഭഗവത് ഇതിനുമുമ്പ് ഈ ബഹുമതിയ്ക്ക് അർഹയായിട്ടുണ്ട്.

## ജപ്പാൻ പ്രധാനമന്ത്രി



ജപ്പാൻ പ്രധാനമന്ത്രിയായി ജൂനി ചിറോ കൊയ്സൂമി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷം നേടിയ ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയുടെ തലവനാണ് ഇദ്ദേഹം. 480 അംഗങ്ങളുള്ള സഭയിൽ കൊയ്സൂമിയുടെ കക്ഷിക്ക് 296 സീറ്റ് ലഭിച്ചിരുന്നു. ഇടക്കാല തെരഞ്ഞെടുപ്പിലൂടെയാണ് വീണ്ടും ഇദ്ദേഹം പ്രധാനമന്ത്രിയായത്.

## എ.ബി.സി. ചെയർമാൻ




ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ (എ.ബി.സി) പുതിയ ചെയർമാനായി കുരുഷ് ഗ്രാന്റ് തെരഞ്ഞെടുക്കപ്പെട്ടു. ഐ. ടി. സി. ടുബാക്കോ ഡിവിഷന്റെ ഡിവിഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് ഇന്ത്യൻ സൊസൈറ്റി ഓഫ് അഡ്വർടൈസേഴ്സിന്റെ വൈസ് ചെയർമാൻ കൂടിയായ ഗ്രാന്റ്. എ.ബി.സി.യിൽ പരസ്യക്കാരുടെ പ്രതിനിധിയാണ്. ബാംഗ്ലൂരിൽ ചേർന്ന എ.ബി.സി.യുടെ 57-ാമത് പൊതുയോഗമാണ് ഗ്രാന്റിനെ തെരഞ്ഞെടുത്തത്.

# ചിത്രകാരന്മാരിലെ രാജാവു
# ചിത്രകാരനുമായ രാജാരവിവർമ്മയ



Decking the bride





Mysore Lady




Radhamadhav

## ും രാജാക്കന്മാരിലെ
## ുടെ ഓർമയ്ക്ക് 100 വയസ്സ്



*Lady and child with mirror*



*Girl holding hukha*



*Mysore keddha*